# ഏഴാം മുദ്ര

നന്ദിയുണ്ട് സഹോദരാ, നാം നിൽക്കുന്ന വേളയിൽതന്നെ നമുക്ക് പ്രാർത്ഥിക്കാം.

2 സർവ്വശക്തനായ ദൈവമെ, ജീവന്റെ രചയിതാവെ, എല്ലാ നന്മകളുടെയും, ആത്മീയ ദാനങ്ങളുടെയും ദാതാവെ, അങ്ങയുടെ സന്നിധിയിൽ ഞങ്ങൾക്ക് നൽകിയിരിക്കുന്ന ഏറ്റവും അത്ഭുതകരവും മഹത്വമേറിയതുമായ ഈ കൂട്ടായ്മയുടെ സമയത്തിനായി ഞങ്ങൾ വാസ്തവമായും നന്ദിയുള്ളവരാകുന്നു; കർത്താവെ, ഇത് ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും പ്രമുഖമായ ഒരു കാര്യമായി ഞങ്ങൾ കാണുകയും, എത്രനാൾ ഞങ്ങൾക്ക് ഇവിടെ തങ്ങേണ്ടി വന്നാലും ശരി ഈ സമയം ഞങ്ങൾ ഒരിക്കലും മറന്നു പോകയുമില്ല. ദൈവമെ, ഞങ്ങൾ പ്രാർത്ഥിക്കുന്നതു, ഈ യോഗങ്ങളുടെ അവസാന രാത്രിയിൽ...ഉത്സവത്തിന്റെ മഹാദിവസമായ ഒടുക്കത്തെ നാളിൽ, യേശു ജനങ്ങളുടെ മധ്യേ നിന്നുകൊണ്ട്, "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ!" എന്ന് തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളതായി ഞങ്ങൾ കാണുന്നു. സ്വർഗ്ഗീയ പിതാവെ, അതുതന്നെ ഇന്ന് രാത്രിയിലും ആവർത്തിക്കേണ്ടതിന്, ഞാൻ പ്രാർത്ഥിക്കുന്നു, അതിനാൽ ഞങ്ങളുടെ കർത്താവ് ഞങ്ങളെ വിളിക്കുന്ന ശബ്ദം കേൾക്കാനും, അവനോട് അടുത്തു നടന്നിട്ട്, അവനെ സേവിക്കാനും ഞങ്ങൾക്ക് ഇടയാകുമല്ലോ. ഈ മുദ്രകളുടെ പൊട്ടിക്കലിലൂടെ ഞങ്ങൾ അവന്റെ ശബ്ദം കേട്ടുകഴിഞ്ഞിരിക്കുന്നു എന്ന് അനുഭവിക്കുകയും, സമയം അടുത്തിരിക്കുന്നു എന്നും, അത് അവസാന നാളുകളാണെന്നു പറയുകയും ചെയ്യുന്നു. പിതാവെ ഞങ്ങൾ അപേക്ഷിക്കുന്ന ഈ അനുഗ്രഹങ്ങളെ യേശുക്രിസ്തുവിന്റെ നാമത്തിൽ അവന്റെ മഹിമക്കായി ഞങ്ങൾക്ക് അനുവദിച്ചു തരേണമേ. ആമേൻ.

നിങ്ങൾക്ക് ഇരിക്കാം.

3 ഈ കാര്യത്തെക്കൂടി കൂട്ടിച്ചേർത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു, അതായത്, എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള എല്ലാം യോഗങ്ങളിലും വെച്ച് ഏറ്റവും മഹത്വമേറിയ സമയം ഈ ആഴ്ചയിലെ യോഗങ്ങളിൽ ആയിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എനിക്ക് എന്തു ലഭിച്ചിരുന്നിട്ടും കാര്യമല്ല...വലിയ അത്ഭുതങ്ങൾ നിറവേറുന്നതു ഞാൻ കണ്ടിട്ടുണ്ട്, തീർച്ചയായും, ഇതിനു മുമ്പും രോഗശാന്തിയുടെ

യോഗങ്ങളും മറ്റും ഉണ്ടായിട്ടുണ്ട് എന്നതിൽ സംശയമില്ല, എന്നാൽ ഇത് അതിനേക്കാളും മേലായതാകുന്നു. ഞാൻ ഇവിടെ ആയിരിക്കുന്നത്, എന്റെ ജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമേറിയതും മഹത്വമേറിയതുമായ സമയങ്ങളിൽ ഒന്നാകുന്നു. കൂടാതെ ഈ ചെറിയ കൂടാരം എടുത്തിരിക്കുന്ന അതിന്റെ മാറ്റത്തെ കാണുകയും; അത് മാത്രമല്ല, എന്നാൽ അകമെയും ആ വ്യത്യസ്ത കാഴ്ചയെ എടുത്തിരിക്കുന്നു.

4 കൂടാതെ, ഇപ്പോൾ, ഞാൻ ബില്ലിയോട് ചോദിക്കുകയായിരുന്നു; എന്നെ ഇവിടെ കൊണ്ടുവരുന്നതിനായി അവനെ വളരെ ദൂരം യാത്ര ചെയ്യണമായിരുന്നു. അവൻ പറഞ്ഞു വേറൊരു കൂട്ടം ആളുകൾ കൂടി അവിടെ സ്നാനപ്പെട്ടു. ഈയാഴ്ചയിൽ ഏകദേശം നൂറിലധികം പേർ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നാം നന്ദിയുള്ളവരാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

5 ഇപ്പോൾ, നിങ്ങൾക്ക് സ്വന്തമായ ഒരു സഭയില്ലെങ്കിൽ, ഞങ്ങളോടൊപ്പം കൂട്ടായ്മ ആചരിക്കുന്നതിനായി ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. ഈ സഭയുടെ വാതിലുകൾ തുറന്നിരിക്കുന്നു എന്ന് ഓർക്കുക. ഞങ്ങൾ ഒരു വിഭാഗീയ സഭയല്ല. ഒരിക്കലും ഇതൊരു വിഭാഗീയ സഭയായി തീരുകയില്ലെന്ന് ഞാൻ ആശിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. ഇതൊരു കൂട്ടായ്മ മാത്രമായിട്ട്, പുരുഷന്മാരും സ്ത്രീകളും, ആൺകുട്ടികളും പെൺകുട്ടികളും, ദൈവത്തിന്റെ മേശയ്ക്ക് ചുറ്റും കൂടുകയും വചനത്തിന് ചുറ്റും കൂട്ടായ്മ ചെയ്യുകയും എല്ലാ കാര്യങ്ങളും ഞങ്ങൾക്ക് ഇവിടെ പൊതുവായിട്ടും ആയിരിക്കുന്നു.

6 ഇപ്പോൾ, നമുക്ക് ഉത്കൃഷ്ടനായ ഒരു പാസ്റ്ററുണ്ട്, ഒരു യഥാർത്ഥ ദൈവ പുരുഷൻ, ഞാൻ അതിനായി നന്ദിയുള്ളവനാകുന്നു. ഒരു വർഷം മുമ്പ്, ഭക്ഷണം ഈ സ്ഥലത്ത് ശേഖരിച്ചുവെയ്ക്കുക എന്നുണ്ടായ, ആ ദർശനത്തെ നിങ്ങൾ ഓർക്കുന്നല്ലോ? അത് കൃത്യമായും ശരിയാകുന്നു. കൂടാതെ നാം...

7 ഇപ്പോൾ നമുക്ക് ആവശ്യത്തിന് എല്ലാ പ്രായത്തിലുള്ളവർക്കും, സണ്ടേസ്കൂൾ ക്ലാസുകൾക്കായി അനുയോജ്യമായ സ്ഥലമുണ്ടായിരിക്കുന്നു ഈ അവസരത്തിനായി നാം വളരെ നന്ദിയുള്ളവരാകുന്നു. ആരോ ഒരാൾ കുറച്ചു മുമ്പ് പറഞ്ഞു, സണ്ടേസ്കൂൾ ക്ലാസുകൾ ഉണ്ടായിരുന്നെങ്കിൽ അവർക്ക് അവരുടെ കുട്ടികളെ അയയ്ക്കാൻ കഴിയുമായിരുന്നു. നിങ്ങൾക്ക്, ഇപ്പോൾ അവ കിട്ടിയിരിക്കുന്നു. അതിനാൽ നിങ്ങൾക്ക് സ്വന്തമായ ഒരു സഭ

ഇല്ലെങ്കിൽ നേരെ കടന്നുവന്ന് ഞങ്ങളോടൊപ്പം കൂട്ടായ്മയിൽ പങ്ക് ചേരാം.

8 നിങ്ങൾക്ക് പോകുന്നതിനായി ഒരു നല്ല സഭയുണ്ടായിട്ട്, അവിടെ സുവിശേഷം തന്നെയാണ് പ്രസംഗിക്കുന്നതെങ്കിൽ, അതു— അതു പിന്നെ മറ്റെവിടെയോയുള്ള ഞങ്ങളുടെ തന്നെ വേറൊരു കൂട്ടമായിരിക്കും, തീർച്ചയായും. എന്നാൽ നിങ്ങൾക്ക് നിങ്ങൾക്ക് സ്വന്തമായി ഒന്നില്ലെങ്കിൽ...

9 അനേക ജനങ്ങൾ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും, ഇതിനെ അവരുടെ സ്വന്തം സഭയാക്കുന്നതിനായി, താമസം മാറ്റിയിട്ടുളളതായി ഞാൻ മനസ്സിലാക്കുന്നു. ഞങ്ങൾ തീർച്ചയായും നിങ്ങളെ ദൈവ വചനത്തിന് വേണ്ടി ഇവിടേയ്ക്ക് സ്വാഗതം ചെയ്യുന്നു. ഓർത്തിരിക്കു, ഞാൻ പോയ്ക്കഴിയുമ്പോൾ, എന്നെ സംബന്ധിച്ചിടത്തോളം, ആരാധനകൾ എല്ലാം തന്നെ ഈ കൂടാരത്തിൽ വച്ചായിരിക്കുമെന്ന്, ഞാൻ പറഞ്ഞിരുന്നതായി ഊഹിക്കുന്നു.

10 എനിക്കുവേണ്ടി കർത്താവ് എന്തെല്ലാമാണ് ഭാവിയിലേക്ക് കരുതിയിട്ടുളളതെന്ന് എനിക്ക് ഇതുവരെ അറിയില്ല. ഞാൻ അത് അവന്റെ കരങ്ങളിൽ പ്രത്യാശിയ്ക്കുന്നു. അത് ഏതെങ്കിലും തരത്തിലുളള ആത്മവിശ്വാസമോ മറ്റൊന്നോ അല്ല. ഞാൻ ദിവസം തോറും എന്നെ കുറച്ചുകൂടി മെച്ചമായി അവനെ സേവിക്കുന്നതിനു യോജിച്ച ഒരു സ്ഥാനത്തേക്ക് വഴിനടത്താനായി കാത്തിരിക്കുന്നു. അവൻ അത് പൂർത്തികരിച്ച് കഴിയുമ്പോൾ, അവൻ എന്നെ സമാധാനത്തോടെ, വീട്ടിലേയ്ക്ക് സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

11 ഇപ്പോൾ, ഈ കൂടാത്തിലെ ജനങ്ങളുടെ സഹകരണത്തിനായി ഞാൻ വളരെ നന്ദിയുളളവനാകുന്നു. അതായത്, ഈ കൂടാരത്തിനു ചുറ്റുമായി ഇതിനെ പ്രതിനിധീകരിക്കുന്ന എല്ലാ ഭവനങ്ങളിലും ദൂരത്തുനിന്ന് വന്ന ആരെങ്കിലും അവരോടൊപ്പം ഈ ആഴ്ചയിൽ താമസത്തിനുണ്ടായിരുന്നു, എന്നു ബില്ലി എന്നോട് പറഞ്ഞിരുന്നു. അവർക്കായി നിങ്ങളുടെ വീടുകളും സ്ഥലങ്ങളും, തുറന്നുകൊടുത്തു, മറ്റെങ്ങും പോകുവാൻ ഇടമില്ലാതിരുന്ന ജനങ്ങളെ സ്വീകരിച്ചിരുന്നു. ഇപ്പോൾ അത് വാസ്തവമായും ഒരു യഥാർത്ഥ ക്രിസ്തീയത്വം ആകുന്നു. ചിലവീട്ടുകാർ അവരുടെ വീടിന്റെ എല്ലാ മുക്കിലും മൂലക്കും അവർക്ക് കഴിയാവുന്നിടത്തോളം ജനങ്ങളെ താമസിക്കുന്നതിന് ഇടയാക്കി.

12 കായിക വിനോദ ലോകത്തിന്റെ ഏതോ തരത്തിൽപ്പെട്ട, വിനോദങ്ങളും പന്തു കളികളും നടന്നുകൊണ്ടിരിക്കുന്നതിന്റെ കാരണത്താൽ താമസ സ്ഥലങ്ങൾ എല്ലാം അവരുടെ സംഘാടകർ

അവർക്കു വേണ്ടി ഏർപ്പാട് ചെയ്തിരുന്നതിനാൽ ഇതൊരു പ്രയാസകരമായ സമയമായിരുന്നു. അതു കൂടാതെ ഒരു വലിയ കൂട്ടം ജനങ്ങൾ...

13 ഈ ചെറിയ സഭയെ പ്രതിനിധീകരിച്ചു കൊണ്ട്, ഏകദേശം ഇരുപത്തിയെട്ടോ മുപ്പതോ സംസ്ഥാനങ്ങളിൽ നിന്നും എത്തിയിരിക്കുകയും, രണ്ട് വിദേശ രാജ്യങ്ങളിൽ നിന്നുള്ളവരും ഈ ചെറിയ ഉണർവ്വ് യോഗത്തിനായി എത്തിയിരിക്കുന്നു. ആ കാരണത്താൽ താമസത്തിന് ഒരു വലിയ സൗകര്യം തന്നെ ആവശ്യമായിരുന്നു. അതിനെക്കുറിച്ച് അറിയുമ്പോൾ...

14 ഞാൻ ചിലരോട് ഇന്ന് പറഞ്ഞു. ഞാൻ ചോദിച്ചു, "ജെഫേഴ്സൺവില്ലെക്കു ചുറ്റുമുള്ള സ്ഥലങ്ങളിൽ നിന്നും ഈ യോഗത്തിൽ സംബന്ധിക്കുന്നതിനായി അധികം ആളുകൾ വന്നിട്ടില്ലായിരുന്നതു ഞാൻ മനസ്സിലാക്കുന്നു."

15 ആരോ ഉത്തരമായിട്ട് പറഞ്ഞത്, "ഞങ്ങൾക്ക് അകത്ത് കടക്കാൻ കഴിഞ്ഞില്ല." കൊള്ളാം, അതായിരുന്നോ, അത്. അതായിരുന്നു അതിന്റെ കാരണം. പോലീസുകാരായ ചിലരും യോഗത്തിൽ കടന്നവരാൻ ആഗ്രഹിച്ചിരുന്നു, എന്നാൽ സമയത്തിന് മുമ്പ് തന്നെ സ്ഥലം മുഴുവൻ നിറഞ്ഞിരുന്നതിനാൽ, അവർക്കും അകത്ത് കടക്കാൻ കഴിയാതെ വന്നു എന്നവർ ചുറ്റുമായി പറഞ്ഞു നടന്നിരുന്നു. അതുകൊണ്ട് പിന്നീട് ഒരു അവസരത്തിലാകാം എന്ന് കരുതി അവർ പിന്നെ വന്നില്ല. ഇപ്പോൾ ജനങ്ങൾ മറ്റുള്ള സ്ഥലങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുന്നതിനാൽ ഞങ്ങൾ വളരെയധികം നന്ദിയുള്ളവരാകുന്നു.

16 ഇപ്പോൾ, എനിക്കറിഞ്ഞുകൂടാ. ഇതിനെ പിന്തുടർന്നു വരുന്ന അടുത്ത കാര്യം, മറ്റൊരു സന്ദേശമായി ഏഴു കാഹളങ്ങളാണ്. എന്നാൽ മുദ്രകളിൽ, പ്രായോഗികമായി എല്ലാ കാര്യങ്ങളും അടങ്ങിയിരിക്കുന്നു. സഭാ കാലഘട്ടങ്ങൾ കടന്നു വന്നു, അതിനെ നാം ആദ്യമായിട്ട് സ്ഥാനത്താക്കിയിരുന്നു, അത് ഏറ്റവും—അത് ഏറ്റവും മുഖ്യമായതായിരുന്നു, എന്നാൽ...സമയത്തിൽ. ഇപ്പോൾ, മുദ്രകൾ തുറക്കപ്പെടുന്നതു വഴി സഭ എവിടേയ്ക്ക് പോകുന്നതെന്നും എങ്ങനെ അവസാനിക്കുന്നു എന്നും കാണിച്ചിരിക്കുന്നു. അങ്ങനെ ഇപ്പോൾ, സ്വർഗീയ പിതാവ്, നമുക്കായി എന്തുണ്ടെന്നു അറിയാനായി അനുവദിച്ചതിനു, തീർച്ചയായും നമ്മോട് കരുണയുള്ളവനാകുന്നു.

17 ഞാൻ ഇതു പറയുകയാണ്, അനേക വർഷങ്ങൾക്ക് മുമ്പ്, എനിക്ക് ശരിയെന്ന് തോന്നിയിട്ടുള്ള കാര്യങ്ങളെ പറഞ്ഞുകൊണ്ട്, ഞാൻ പ്രസംഗിച്ചിരുന്ന പഴയ കുറിപ്പുകൾ നോക്കി, തുടരുന്നതിന്

ഞാൻ വരികയായിരുന്നു. അതു യാഥാർത്ഥത്തിൽ നിന്നും വളരെ ദൂരയായ കാര്യങ്ങളായിരുന്നു. ഇപ്പോൾ നാലു മുദ്രകളെയും കൂടെ ഇരുപതു മിനിറ്റുനുള്ള ഒരു പ്രസംഗത്തിൽ അത് എല്ലാമായിട്ട് ഞാൻ എടുത്തിരുന്നു. വെളിപ്പാടിലെ, നാല് കുതിര സവാരിക്കാരെക്കുറിച്ച്, അവരെ ഒരുമിച്ചാക്കി എല്ലാകൂടി, "ഒരു കുതിര വെള്ള നിറത്തിൽ പോയി," ഞാൻ പറഞ്ഞു, "അത് ഒരുപക്ഷേ ആദ്യകാല സഭയായിരുന്നേക്കാം. അടുത്ത കുതിര ക്ഷാമകാലത്താണ് പോയിരുന്നത്," അങ്ങനെ ഓരോന്നായി തുടർന്നിരുന്നു. എന്നാൽ, എന്റെ, വചനം ശരിക്കും തുറന്നുവന്നപ്പോൾ, അത് അതിൽ നിന്നും, നൂറു മൈൽ ദൂരത്തായിരുന്നു.

18 അതുകൊണ്ട്, ഇത് നമ്മെ, കാത്തിരുന്നു കാണുന്നതിനു നിർബന്ധിക്കുന്നു. ഒരുപക്ഷേ അത് ചെയ്യേണ്ട സമയം ഇതായിരുന്നേക്കാം. ഇപ്പോൾ പറഞ്ഞിരിക്കുന്നതിൽ അനേക കാര്യങ്ങൾ മറ്റുപലർക്കും വിയോജിപ്പ് ഉണ്ടാക്കിയേക്കാം. എന്നാൽ ഞാൻ വിശ്വസിക്കുന്നത്, മഹത്തായ ആ സമാപന സമയം എത്തിച്ചേർന്നിട്ട് നാം നമ്മുടെ കർത്താവിനെ കണ്ടുമുട്ടുമ്പോൾ, അത് ശരിയായിരുന്നു എന്ന് നിങ്ങൾ കാണും. അത്—അതു—അതു യഥാർത്ഥമാകുന്നു.

19 ഇപ്പോൾ, നഗരത്തിന് പുറത്തു നിന്നുള്ളവരും, ചുറ്റുപാടുമുള്ള വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നും, വ്യത്യസ്ത സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും വന്നവരും, നിങ്ങൾ അവധി എടുത്തുകൊണ്ട് ഇത്രയുംദൂരം യാത്രചെയ്തുവന്ന നിങ്ങളുടെ ആത്മാർത്ഥതയെ എങ്ങനെ ഞാൻ വിലമതിക്കുന്നു. അവരിൽ പലർക്കും താമസിക്കാനുള്ള സ്ഥലം പോലും ഉണ്ടായിരുന്നില്ല! എനിക്ക്—എനിക്കറിയാം, കാരണം അവരിൽ ചിലർക്കു താമസ സൗകര്യം ഏർപ്പെടുത്തി കൊടുത്ത് സഹായിക്കുന്നതിനു എനിക്ക് കഴിഞ്ഞു. കഴിക്കാനും അതുപോലെയുള്ള കാര്യങ്ങൾക്കും... കാശില്ലാതിരുന്നിട്ടും, എങ്ങനെയും, എന്തെങ്കിലും സംഭവിച്ചിട്ട് അത് അവരെ കരുതിക്കൊള്ളും എന്ന പ്രതീക്ഷയോടെ അവർ വന്നു. അങ്ങനെ ഈ കാര്യത്തിൽ അത്രവലിയ വിശ്വാസത്തോടു കൂടി അതായത് അവർക്ക് ആഹാരം കഴിക്കാനില്ലെങ്കിലും, അല്ലെങ്കിൽ താമസിക്കാൻ ഒരിടം കിട്ടിയില്ലെങ്കിലും, എങ്ങനെയും അതൊന്നും കാര്യമാക്കാതെ ആ കാര്യങ്ങളെ കേൾക്കാനും, ആ കാര്യങ്ങൾ സംഭവിക്കുന്നത് എങ്ങനെ എന്നറിയാനുമായി അവർ ഇവിടേയ്ക്ക് കടന്നുവന്നു. അത് വാസ്തവമായും ഒരു ധീരതയാണെന്ന്

നിങ്ങൾക്കറിയാം. എല്ലാവരും അങ്ങനെയായിട്ട് നൂറ് ശതമാനം പേരും അങ്ങനെയായിരിക്കുന്നു!

20 ഞാൻ എന്റെ ഭാര്യസഹോദരനെ പിന്നിൽ കണ്ടിരുന്നു; അദ്ദേഹമാണ് ഈ ആലയത്തിന്റെ ഇഷ്ടിക പണിയുടെ ചുമതലയും, മറ്റും വഹിച്ചിരുന്നത്. അദ്ദേഹത്തിന്റെ ആ ജോലി എത്ര പ്രശംസനീയമാണെന്നു ഞാൻ അദ്ദേഹത്തോട് പറയുകയായിരുന്നു. ഞാൻ ഒരു ഇഷ്ടിക പണിക്കാരനല്ല, എനിക്ക് അതിനെക്കുറിച്ച് യാതൊന്നും അറിയില്ല. എന്നാൽ ഒരു സമകോണം എന്താണെന്നും അത് ശരിയായിട്ടാണോ പണിതിരിക്കുന്നതെന്നും എനിക്കറിയാം.

21 അദ്ദേഹം പറഞ്ഞു, "ഞാൻ നിങ്ങളോട് പറയാം." അദ്ദേഹം പറഞ്ഞു, "പണിക്കാരുടെ ഇടയിൽ, അവർ എല്ലാവരും കൂടി ഒരുമിച്ച് പണിയെടുക്കുമ്പോൾ ഇതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു ഒത്തൊരുമയുടെ സമയമായിരുന്നു."

22 സഹോദരൻ വുഡ്സ്, സഹോദരൻ റോബേർസൺ, മറ്റുള്ള എല്ലാവരും അവരുടേതായ സ്ഥാനത്ത് കാര്യനിർവ്വഹണം ചെയ്തിരുന്നു. ശബ്ദക്രമീകരണം ചെയ്ത സഹോദരൻ, അതായത് ഈ ആലയത്തിൽ പൊതുജനങ്ങൾക്ക് കേൾക്കുന്നതിനുള്ള മൈക്കും സംവിധാനവും എല്ലാകാര്യങ്ങളും എന്ന് ഞാൻ അർത്ഥമാക്കുന്നു. അവർ പറഞ്ഞു, "സകലതും ഭംഗിയായി പ്രവർത്തിക്കുന്നു." അവർക്ക് എന്തെങ്കിലും ആവശ്യം നേരിട്ടാൽ ഉടൻതന്നെ അത് ചെയ്യുന്നതിനുള്ള ആൾ അവിടെ തയ്യാറായിരിക്കുന്നു. അതുകൊണ്ട് അത്...ഈ മുഴുവൻ കാര്യങ്ങളിലും ദൈവമാണ് ഉണ്ടായിരുന്നത്. അതിനു നാം വളരെ നന്ദിയുള്ളവരാണ്.

23 ഇതു ചെയ്യുന്നതിനെ സഹായിക്കുന്നതിനായി, ഈ സഭയിൽ വളരെ സംഭാവന ചെയ്യുന്നവർ ഉണ്ടായിട്ട്, ഇവിടെ ഇരിക്കുന്ന സഹോദരൻ ഡച്ചും സഹോദരി ഡച്ചിനെപ്പോലെയും, കൂടാതെ മറ്റ് വളരെ വലിയ സംഭാവനകൾ നൽകിയവരും ഉണ്ട്. അങ്ങനെ അതിന്റേതായ സമയത്തുതന്നെ അവർക്ക് ഒരംശംപോലും കുറവുണ്ടാകാതെ, ചിലവുകളെല്ലാം കൊടുത്തു തീർത്തതായി ഞാൻ കരുതുന്നു. അതുകൊണ്ട് നാം വളരെ നന്ദിയുള്ളവരാകുന്നു.

24 ഓർക്കുക, ഇതു നിങ്ങളുടെ സഭയാണ്, കാരണം നിങ്ങൾ ക്രിസ്തുവിന്റെ ഒരു ദാസനാകുന്നു. അതിനു വേണ്ടിയാണ് ഇതു നിർമ്മിക്കപ്പെട്ടിരിക്കുന്നത്, ക്രിസ്തുവിനു വേണ്ടി ദാസന്മാരെ ഉണ്ടാക്കുന്നതിനും, നേരത്തെ തന്നെ ക്രിസ്തുവിന്റെ ദാസന്മാരായിരിക്കുന്നവർക്കും, ഇവിടെ കടന്നുവന്ന് അവർക്ക് യേശുക്രിസ്തുവിന്റെ കൂട്ടായ്മയിൽ സന്തോഷിച്ച് ആനന്ദിക്കുവാനുള്ള ഒരു

തുറന്നവാതിലാകുന്നു. ഏവർക്കും ഇവിടെ സ്വാഗതമുണ്ടെന്നു നിങ്ങൾ അറിഞ്ഞിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

25 ഇപ്പോൾ അഭിഷേകത്തിൻ കീഴിൽ, സംഘടന മറകളെ വലിച്ചുകീറി വെളിച്ചത്തു കൊണ്ടുവരുന്ന, ചില സമയങ്ങളിൽ നിങ്ങൾ എന്നെ കേൾക്കുമ്പോൾ, അത് ഞാൻ—ഞാൻ നിങ്ങളുടെ പാസ്റ്ററിനോ, അല്ലെങ്കിൽ സഭയിലുള്ള ഏതെങ്കിലും സഹോദരനോ, സഹോദരിക്കോ എതിരായിട്ടല്ല അർത്ഥമാക്കുന്നത്. കാരണം, എങ്ങനെയും, ദൈവത്തിന് തന്റെ ജനങ്ങൾ എല്ലാ സംഘടന സഭകളിലും ഉണ്ട്. എന്നാൽ അവൻ സംഘടനകളെ സ്വീകരിക്കുന്നില്ല; അവർ സംഘടനകളിലുള്ള വ്യക്തിയെ സ്വീകരിക്കുന്നു. അതിനുവേണ്ടി ഒരു സംഘടനയെ എടുക്കുന്നില്ല.

26 ആകയാൽ, ജനങ്ങൾ അത്രമാത്രം സംഘടനയുമായി ബന്ധിക്കപ്പെട്ട് കഴിയുമ്പോൾ, പിന്നെ നോക്കൂ, അവർക്ക് സഭ പറയുന്നതല്ലാതെ മറ്റൊന്നും കേൾക്കാൻ കഴിയുന്നില്ല. അതു മറ്റുള്ളവരുമായിട്ടുള്ള കൂട്ടായ്മയെ അകറ്റുന്നു, അതൊരു സമ്പ്രദായമായിട്ട് ദൈവം പ്രീതിപ്പെടുന്നില്ല, അതൊരു ലൗകീക കാര്യമായിട്ട് ഒരിക്കലും ദൈവത്താൽ നിയോഗിക്കപ്പെട്ടതേയല്ല.

27 അതുകൊണ്ട്, ഇപ്പോൾ, ഞാൻ ഒരു വ്യക്തിയേയും അർത്ഥമാക്കുന്നതല്ല. അതൊരു, കത്തോലിക്കനോ, യഹൂദനോ, ബാപ്റ്റിസ്റ്റോ, മെഥോഡിസ്റ്റോ, പ്രിസ്ബിറ്റേറിയനോ, ഒരു സംഘടയിൽ ഉൾപ്പെട്ടയാളോ, സംഘടയിൽ ഉൾപ്പെടാത്തയാളോ, ഒരു വിഭാഗീയ സഭ ആയിത്തീരാത്തവയിൽപ്പെട്ടവനോ, എല്ലാത്തിലും, ദൈവത്തിന് തന്റെ മക്കളുണ്ട്. അവർ അവിടെ ആയിരിക്കുന്നത് ഒരു ഉദ്ദേശത്തിന് വേണ്ടിയാകുന്നു എന്ന് പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്, അത് അവർക്ക് വെളിച്ചം നൽകുന്നതിനും, മുൻനിയമിക്കപ്പെട്ടവരെ എല്ലായിടത്തുനിന്നും വലിച്ച് പുറത്തെടുക്കുന്നതിനുമായിട്ടാകുന്നു. അങ്ങനെ ആ മഹത്തായ നാളിൽ, കർത്താവായ യേശുക്രിസ്തുവിന്റെ സഭ ആകാശങ്ങളിൽ വച്ചുള്ള ആ മഹത്തായ കണ്ടുമുട്ടലിനായി വിളിക്കപ്പെടുമ്പോൾ, നാം തമ്മിൽ കാണുകയും, അവനെ എതിരേല്ക്കുന്നതിനായി ഉയരങ്ങളിലേയ്ക്ക് എടുക്കപ്പെടുകയും ചെയ്യും. ഞാൻ—ഞാൻ ആ നാഴികയ്ക്കായി കാത്തിരിക്കുന്നു.

ഇപ്പോൾ, വളരെയധികം കാര്യങ്ങൾ പറയാൻ കഴിയും!

28 ഇന്നു രാത്രി, അവസാന, സമാപന രാത്രിയായിരിക്കെ, പതിവുപ്പോലെ, എല്ലാവരും...ഒരു രോഗശാന്തി ശുശ്രൂഷയിൽ, ഒരു രോഗശാന്തി ശുശ്രൂഷയിൽ, മഹത്തായ കാര്യങ്ങൾ നടക്കും എന്നുള്ള വലിയ പ്രതീക്ഷകൾക്കിടയിലായിട്ട്, അതു അവരെ

ഒരു മാനസിക സമ്മർദ്ദത്തിന്റെ, വിവശതയിലാഴ്ത്തുന്നു, അതേ കാര്യം തന്നെ, ഇന്നു രാത്രിയിലും, ഞാൻ കാണുന്നു, അതായത് എല്ലാവരും പ്രതീക്ഷക്കടിയിലാകുന്നു, എങ്ങനെയാണ് അതെന്നു കാണാനായി...ആ മുദ്രകൾ തുറക്കപ്പെട്ട ഓരോ രാത്രിയിലും, അതു അപ്രകാരമായിരുന്നു.

29 ഇപ്പോൾ ഈ കാര്യം വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ സമയത്തും, ഓരോ പ്രാവശ്യവും ഈ മുദ്രകൾ തുറക്കപ്പെടുന്ന സമയത്തും; അവയെക്കുറിച്ച് ഞാൻ വിശ്വസിച്ചിരുന്ന എല്ലാ കാര്യങ്ങളും, കൂടാതെ അവയെപ്പറ്റി, മറ്റുള്ളവർ എഴുതിയത് വായിച്ച് അറിഞ്ഞിരുന്നത്, എന്റെ മുറിയിൽ എനിക്ക് വെളിപ്പെടുത്തുന്നതിൽ നിന്നും വിരുദ്ധമായിരുന്നു.

30 എന്റെ മനസ്സിൽ ഈ സമയത്തു തന്നെ...ഇന്ന് രാവിലെ രോഗശാന്തി ശുശ്രൂഷ നടത്തുവാനുള്ള കാരണം, എന്റെ മാനുഷിക മനസ്സ് എന്റെ സ്വന്തമായ ചിന്തകളിൽ നിന്ന് വളരെ അകന്ന് പോയ്ക്കഴിഞ്ഞിരുന്നതിൽ ആയിരുന്നു. ഞാൻ ജനാലകൾ അടച്ചിട്ട് ഒരു വെളിച്ചത്തിനടിയിലായി ആ ഒരു മുറിയിൽ തന്നെ കഴിയാൻ ശ്രമിച്ചിരുന്നു. ഇത് എട്ടാം ദിവസമാകുന്നു. എന്റെ കാറിൽ കയറി പുറത്തെ ഒരിടത്ത് പോലും ഞാൻ പോയിട്ടില്ല.

31 കുറച്ച് സഹോദരന്മാരോടൊപ്പം ബാങ്കിലേക്ക് പോയി കുറച്ച് കടലാസുകളും കുറിപ്പുകളും, ഈ സഭയ്ക്കുവേണ്ടി കടം വാങ്ങിയിരുന്ന പണത്തിന്റെ ഇടപാടുകളുടേത് ഒപ്പിടുന്നതിനും എനിക്ക് പോകേണ്ടി വന്നു. എന്നാൽ ഞാൻ—എന്നാൽ ഞാൻ നേരെ തിരികെ, എന്റെ പഠനത്തിലേക്ക് തിരികെ വന്നു, അതു തുടരുകയും ചെയ്തു.

32 ഒരു വ്യക്തിപോലും ഒരുകാര്യവും പറഞ്ഞില്ലെന്നതു വിചിത്രമായ കാര്യമാകുന്നു. അല്ലെങ്കിൽ, സാധാരണ ആളുകൾ, ചുറ്റുമായി വന്ന് മുട്ടുകയും, വലിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ ഒരു കാര്യം പോലും ഉണ്ടായില്ല. ഇത് വളരെ അസാധാരണമായിരിക്കുന്നു.

33 ഞാൻ സഹോദരൻ വുഡിന്റെ വീട്ടിൽ നിന്നാണ് ഭക്ഷണം കഴിക്കുന്നത്. സാധാരണ ആ സ്ഥലത്ത് കാറുകൾ ചുറ്റുമായി തിങ്ങി തിക്കിയിരിക്കുന്നതാണ്. ഈ സമയത്ത് അവരോടൊപ്പം എട്ടോ പത്തോ വ്യത്യസ്ത ആളുകൾ അവിടെ വന്ന് താമസിച്ചിരുന്നു, അവരിൽ ഒരാൾപോലും വന്നിരുന്നില്ല.

34 കൂടാതെ, ഇന്ന്, ഈ രാവിലെ സമയം, ക്ഷീണിച്ച് തളർന്ന, തന്റെ ദാസനോടുള്ള നമ്മുടെ രക്ഷിതാവിന്റെ കൃപയെ ഞാൻ ഒരിക്കലും മറക്കില്ല. ഒരു പാവം പിടിച്ച വ്യക്തിയുടെ ചോദ്യത്തിന്

ഞാൻ ഉത്തരം നൽകിയപ്പോൾ, എന്റെ ഏറ്റവും നല്ല അറിവിനു അനുസരിച്ച്, ഞാൻ ശരിയായ ഉത്തരമാണ് നൽകിയതെന്ന് ഞാൻ വിചാരിച്ചു. എന്നാൽ പെട്ടെന്ന് ഞാൻ എന്തോ ഒരു കൊച്ചുകുട്ടിയുടെ കയ്യിൽനിന്നും വലിച്ചെടുത്തതു പോലെ എനിക്ക് അനുഭവപ്പെട്ടു, എനിക്ക് അത്രമാത്രം കുറ്റബോധം ഉണ്ടായിട്ട്, അത് എന്തായിരുന്നു എന്ന് എനിക്ക് അറിയാൻ കഴിഞ്ഞില്ല. ഞാൻ ഓർത്തു, ഒരുപക്ഷേ, രോഗശാന്തി ശുശ്രൂഷക്കായി ഞാൻ നിർബന്ധിക്കുന്നതിലോ, അല്ലെങ്കിൽ അത്രയും രോഗിയായിട്ട് നിരാശയോടെ അപ്പോൾ തന്നെ പ്രാർത്ഥിക്കപ്പെടാനായി ആഗ്രഹിച്ചിരുന്ന ആരെങ്കിലും ഉണ്ടായിരിക്കുകയോ ആയിരിക്കും. ഞാൻ ശ്രോതാക്കളോട് ചോദിക്കയും, ഒരു നിമിഷത്തിനകം തന്നെ അത് വെളിപ്പെടുകയും ചെയ്തു. ആരോ പറഞ്ഞു; "നിങ്ങൾ— നിങ്ങൾ വായിച്ച വേദഭാഗം വീണ്ടും ഒരിക്കൽകൂടി വായിക്കാമോ?" അങ്ങനെ എന്തോ ആയിരുന്നു. ആ സമയത്തു, ഞാൻ ആ ചെറിയ കടലാസ് കക്ഷണം എടുത്തിട്ട് വീണ്ടും വായിച്ചിട്ട്, അത് എന്താണ് പറഞ്ഞതെന്ന് നോക്കി. ഞാൻ അത് പുസ്തകത്തിൽ നോക്കിയപ്പോൾ, ഞാൻ മറുപടി പറഞ്ഞുകൊണ്ടിരുന്ന ചോദ്യത്തിൽ അത് തികച്ചും വ്യത്യസ്തമായിരുന്നു. കാണുന്നോ?

35 ഞാൻ ഇതു നിങ്ങളോടു പറയട്ടെ. അമാനുഷികത കടന്നുവരുമ്പോൾ, അതാണ് ക്രിസ്തുവിന്റെ മനസ്സ്. നിങ്ങൾ നിങ്ങളുടെ സ്വന്ത ചിന്തയിൽ നിന്നും, നിങ്ങളുടെ സ്വന്തം മനസ്സിൽ നിന്ന്, അത്രയും, ഞാൻ...ഇതു, നിങ്ങളുടെ...ഞാൻ ഇല്ല...ദൂരത്തായി പോകുന്നു. ഇത്, നിങ്ങളോട് വിവരിച്ചു പറയാൻ കഴിയില്ല, കാരണം എനിക്കതിന് കഴിയുകയില്ല. മനസ്സിലായോ? എനിക്കതിന് കഴിയില്ല. അതു ആർക്കും കഴിയില്ല.

36 എപ്രകാരം ആ മനുഷ്യന്, അതായത് ഏലീയാവിന്, മലയുടെ മുകളിൽ, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൻ കീഴിൽ നിന്നുകൊണ്ട്, ആകാശത്തിൽ നിന്ന് തീ ഇറക്കാനും, തീ ഇറക്കിയശേഷം പിന്നെ മഴ പെയ്യിക്കാനും കഴിഞ്ഞു? പിന്നീട് ആകാശം അടച്ചുകളയാനും, മൂന്നര വർഷകാലം മഴ പെയ്യിക്കാതിരിക്കാനും, എന്തിന് വേറെ നേരെ തിരികെ പോയി അതേ ദിവസം തന്നെ മഴ വരുത്തുവാനും കഴിഞ്ഞു! ആ അഭിഷേകത്തിന്റെ കീഴിലായിട്ട് എങ്ങനെ...നാനൂറ് പുരോഹിതന്മാരെ പിടിച്ചുകൊണ്ട് കൊല്ലുകയും; ഒരു സ്ത്രീയുടെ ഭീഷണിയെ പേടിച്ച്, തന്റെ ജീവനുവേണ്ടി നിലവിളിച്ചുകൊണ്ട് കാട്ടിലേക്ക് ഓടിപ്പോകുകയും ചെയ്തു. കാണുന്നോ? ഈസബെൽ, അവൾ അവന്റെ ജീവൻ എടുക്കുമെന്ന് ശപഥം ചെയ്തിരുന്നു.

ആഹാബും മറ്റുള്ള എല്ലാവരും, ദൈവ സാന്നിദ്ധ്യത്തിനടിയിലായി അവൻ ചെയ്ത അത്ഭുതങ്ങൾ കാണുന്നതിന് അവിടെ ഉണ്ടായിരുന്നു. നോക്കൂ, അവന്റെ...ആത്മാവ് അവനെ വിട്ടുപോയിരുന്നു. നോക്കൂ, അവന്റെ പ്രാകൃത ചിന്തയിൽ, എങ്ങനെ ചിന്തിക്കണമെന്ന് അവനു അറിഞ്ഞു കൂടായിരുന്നു. അവന് സ്വന്തമായി ചിന്തിക്കാൻ തന്നെ അറിഞ്ഞുകൂടായിരുന്നു.

37 കൂടാതെ, ഓർക്കുക, ദൂതൻ അവനെ ഉറക്കിയിട്ട്, അവന് വിശ്രമം നൽകി. അവനെ ഉണർത്തി, അവന് കഴിപ്പാൻ അപ്പം നൽകി; എന്നിട്ട് വീണ്ടും തിരികെ ഉറക്കി, അവനെ വിശ്രമിപ്പിച്ചു; പിന്നെയും ഉണർത്തി കഴിക്കുന്നതിന് അപ്പം നൽകി. നാല്പത് ദിവസം അവന് എന്തു സംഭവിച്ചു എന്ന് നമുക്ക് അറിഞ്ഞുകൂടാ. അതിന് ശേഷം അവൻ പിന്നിൽ എവിടെയോ ഉള്ള ഒരു ഗുഹയിൽ നിന്നും, ദൈവം അവനെ വിളിക്കുകയുണ്ടായി.

38 ആ അമാനുഷികമായതിനെ വിശദീകരിക്കാൻ ശ്രമിക്കരുത്. നിങ്ങൾക്ക് അതിന് കഴിയില്ല. കാണുന്നോ? ഒരേ ഒരു കാര്യമെ ചെയ്യാനുള്ളൂ, അതുമായി നേരെ മുന്നോട്ട് പോകുക. എനിക്ക് കഴിയാവുന്നത്രയും ഞാൻ വ്യക്തമാക്കാൻ ശ്രമിച്ചിരിക്കുന്നു, എന്നാൽ ഇനി മുതൽ ഞാൻ...അതിന് ഞാൻ ഇനി ഒരിക്കലും ശ്രമിക്കുകയില്ലെന്ന് കരുതുന്നു. നിങ്ങൾക്കത് പൂർണ്ണമായി വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. ഞാൻ... എന്തുകൊണ്ടാണെന്ന്, അല്പം കഴിഞ്ഞ്, നിങ്ങൾക്കറിയാനാകും.

ഇപ്പോൾ, ഞാൻ സത്യസന്ധനായിരിക്കാൻ ശ്രമിച്ചു. ദൈവം അത് അറിയുന്നു.

39 അതു ഇന്ന് രാവിലത്തെ ചോദ്യമായിരുന്നു. അതു എങ്ങനെയാണെന്നു എനിക്ക് അറിയാവുന്നതിന്റെ പരമാവധി സത്യസന്ധമായി ഉത്തരം പറയുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. ഞാൻ ആ വാക്യത്തിന്റെ ആദ്യഭാഗം വായിച്ചിട്ട്, അതൊരു...അത് ശരിയായിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവ്, മനസ്സിലാക്കിയിട്ട് അതായത് ഞാൻ...എന്റെ മനസ്സ്...നോക്കൂ, നോക്കൂ, കഴിഞ്ഞ രണ്ട് മൂന്ന് ദിവസങ്ങളായി, എന്തു സംഭവിച്ചു കൊണ്ടിരുന്നു. നോക്കുക, ഞാൻ—ഞാൻ എഴുന്നൂറ് എന്നു പറഞ്ഞു..."ഏഴായിരം," എഴുന്നൂറ് എന്ന് പറഞ്ഞു. ഇന്ന് രാവിലെ മറുപടി പറയാൻ ശ്രമിക്കുമ്പോൾ, അത് ജനങ്ങൾ തന്നെ എടുത്തു കാട്ടിയിട്ട്, നോക്കൂ, നിങ്ങൾ അത് ശ്രദ്ധിക്കുന്നു എന്നുള്ളതിനെ കാണിക്കുന്നു. ഇപ്പോൾ, അതുപോലെ മറ്റൊന്ന്, "പ്രാവ്" എന്നു പറയാൻ ശ്രമിക്കുമ്പോൾ, ഞാൻ അതിനെ കുഞ്ഞാട് എന്ന് പറഞ്ഞു; എന്നാൽ അപ്പോൾ തന്നെ ഞാൻ അതു

തിരിച്ചറിഞ്ഞു. നേരത്തെ, ഇവിടെ, അതു എനിക്ക് മനസ്സിലാക്കാൻ കഴിയാതിരുന്നു, പക്ഷേ പരിശുദ്ധാത്മാവ് എന്നെ അതിലേയ്ക്ക് നേരെ തിരികെ എടുത്തുകൊണ്ട് വന്നു.

40 അതും ഈ കാര്യങ്ങളെല്ലാം, സത്യമാണെന്നുള്ളതിന് ഇരട്ടിയായ സ്ഥിരീകരണമാകുന്നു. അവയെ...അത് ശരിയായിരിക്കണം എന്നതിനായി, ദൈവം തന്നെ എല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. അത് ശരിയാണ്. അവൻ ആഗ്രഹിക്കുന്നു. അത് സത്യമാണെന്ന് നിങ്ങൾ അറിയുന്നതിന് അവൻ ആഗ്രഹിക്കുന്നു.

41 അവനാണ് ഇത് നമുക്ക് അയച്ചു തന്നിരിക്കുന്നതിന്, കാരണം തീർച്ചയായിട്ടും അല്ല...നിങ്ങൾ ആയിരിക്കുന്നതു പോലെ തന്നെ, എന്നെ സംബന്ധിച്ചിടത്തോളം, ഇതൊരു പഠനമാകുന്നു. അതുകൊണ്ട് നാം എല്ലാവരും...കർത്താവിൽ നിന്നും ഇപ്പോൾ നാം ജീവിക്കുന്ന ഈ നാഴികയെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള ജ്ഞാനത്തിനായി വളരെ നന്ദിയുള്ളവരാകുന്നു; നോക്കു, അത് സഭ എടുക്കപ്പെടുന്നതിന് തൊട്ടു മുമ്പുള്ള, അന്ത്യകാലത്താകുന്നു. ഇപ്പോൾ...

42 ഇപ്പോൾ നാം ഇതുവരെയും സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ട് വചനത്തിന്മേൽ വീണ്ടും അവന്റെ അനുഗ്രഹങ്ങൾക്കായി നമുക്ക് അപേക്ഷിക്കാം.

43 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, ഇതാ ആ മഹത്തായ രാത്രി വന്നിരിക്കുന്നു, ഒരു മഹത്തായ കാര്യം സംഭവിക്കുമ്പോഴുള്ള ഒരു മഹത്തായ നാഴികയാകുന്നു. അത് ചുറ്റുമായി എല്ലാ ജനങ്ങളുടെ മേലും ആയിരിക്കുന്നു. പിതാവേ, ഇന്നു രാത്രിയിൽ, അത് ജനങ്ങളുടെ ഹൃദയങ്ങളിലും മനസ്സിലും, സംശയത്തിന്റെ ഒരു നിഴൽ പോലുമില്ലാതെ, ദൈവം ഇപ്പോഴും സിംഹാസനത്തിൽ ആയിരിക്കുകയും, അവൻ ഇപ്പോഴും തന്റെ ജനങ്ങളെ സ്നേഹിക്കുന്നു എന്നും അറിയാനും ഇടയാക്കേണമെ.

44 ഇത് ആ നാഴികയാകുന്നു, ലോകം കാണുവാൻ കാംഷിച്ചിരുന്ന ആ നാഴിക ഇപ്പോൾ സമീപിച്ചു കൊണ്ടിരിക്കുകയും, അത് വീണ്ടെടുപ്പിനായി ഞെരങ്ങി കൊണ്ടിരിക്കയും ചെയ്യുന്നു. അതിനെ വീണ്ടെടുക്കുന്നതിനായി അടിസ്ഥാന ഘടകങ്ങൾ തയ്യാറായിക്കൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് കാണാൻ കഴിയുന്നു. കൂടാതെ സഭയെ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള മൂല ഘടകങ്ങളും തയ്യാറായിക്കൊണ്ടിരിക്കുന്നതു ഞങ്ങൾ കാണുന്നു. മണവാട്ടി

കല്യാണവസ്ത്രം അണിഞ്ഞ് തയ്യാറായി രൂപപ്പെടുന്നത് ഞങ്ങൾക്ക് കാണാൻ കഴിയുന്നു. വെളിച്ചം മിന്നിക്കൊണ്ടിരിക്കുന്നത് ഞങ്ങൾ കാണുന്നു. ഞങ്ങൾ അന്ത്യകാലത്താണെന്ന് ഞങ്ങൾ അറിയുന്നു.

45 ഇപ്പോൾ സ്വർഗ്ഗീയ പിതാവെ, ഇത് ഇപ്പോൾ പ്രസംഗിക്കുന്നതിനായി മുമ്പോട്ട് പോകുമ്പോൾ, അല്ല ഈ മഹത്തായ സംഭവത്തെക്കുറിച്ച് പഠിക്കുമ്പോൾ, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഈ മഹത്തായ സംഭവം മഹിമയിൽ സംഭവിച്ചിട്ട് മഹാനും പ്രിയനുമായ അപ്പോസ്തലൻ യോഹന്നാനു നൽകി. ഇന്ന് രാത്രി ഞങ്ങൾ അതിനെക്കുറിച്ച് സംസാരിക്കുന്നു. ഇപ്പോൾ പരിശുദ്ധാത്മാവ് തന്റെ വെളിപ്പാടിന്റെ ശക്തിയോടെ മുന്നോട് വന്ന് ഞങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ കഴിഞ്ഞുപോയ ചില രാത്രികളിൽ ഞങ്ങൾക്ക് വെളിപ്പെടുത്തി തന്നതുപോലെ വെളിപ്പെടുത്താൻ ഇടയാക്കേണമെ. വചനത്തോടൊപ്പം, ഞങ്ങളെ സ്വയം നിനക്കായി സമർപ്പിക്കുന്നു, യേശുവിൻ നാമത്തിൽ ആമേൻ.

46 ഇപ്പോൾ, നിങ്ങളും തിരുവെഴുത്തുകളെ തുറക്കാൻ ആഗ്രഹിക്കുന്നുണ്ടാകും. ഇത് വെറുമൊരു ചെറിയ വാക്യം, തിരുവെഴുത്തിലെ ഒരു വാക്യം മാത്രമാണ്. ഇത് അവസാന വാക്യമാണ്. അത് കാണപ്പെടുന്നത്...അവസാന മുദ്രയിയിലാണ്, എന്ന് പറയുന്നതാണ് കൂടുതൽ ശരി.

ഇപ്പോൾ, കഴിഞ്ഞ രാത്രിയിൽ നാം ആറാം മുദ്രയെക്കുറിച്ച് സംസാരിച്ചിരുന്നു.

47 ഒന്നാം മുദ്രയിൽ, എതിർക്രിസ്തുവിനെ പരിചയപ്പെടുത്തി. അവന്റെ സമയം കടന്നു പോയ്ക്കൊണ്ടിരുന്നതും, അവൻ എപ്രകാരം പുറപ്പെട്ടു പോയി എന്നതും നാം കണ്ടു.

48 കൂടാതെ മൃഗം അവതരിക്കയും ദൈവത്തിന്റെ ശക്തി എപ്രകാരം എതിർക്രസ്തുവിന്റെ ശക്തിയെ നേരിടാനായി പോയി എന്നതും നാം കണ്ടു കഴിഞ്ഞു. അതിനെക്കുറിച്ച് ആരുടെയും മനസ്സിൽ ഒരു ചോദ്യവും ഉണ്ടായിരിക്കും എന്നു ഞാൻ കരുതുന്നില്ല.

49 അതിന്ശേഷം, അതു കഴിഞ്ഞ ഉടൻ തന്നെ, ആ സഭാകാലഘട്ടവും, ആ ജീവികളും കടന്നു പോകുന്നു.

50 അതിൽ കൂടെയെല്ലാം കടന്നുപോയിട്ട്, നാം അതിൽനിന്ന് മാറി, ആ മുഴുവൻ ചിത്രവും മാറ്റപ്പെട്ടിട്ട്, ഇനിയും ഒരു ജീവിയും വരാൻ ഇല്ലെന്ന്, നാം കണ്ടു. കാണുന്നോ? എന്നാൽ, സഭ പോയ്ക്കഴിഞ്ഞ ശേഷം, അത് മഹാ കഷ്ടകാലത്തിലേക്ക് വന്നുകൊണ്ടിരുന്നതിനെ അവതരിപ്പിച്ചു.

51 എത്ര സമ്പൂർണ്ണമായി ഇത് സഭാകാലഘട്ടങ്ങളുമായി യോജിച്ച് പോകുന്നു! ഒരു പുള്ളിപോലും സഭാകാലഘട്ടങ്ങളും മറ്റെല്ലാമായും യോജിച്ച പോകാതിരിക്കുന്നതു എനിക്ക് കാണാൻ കഴിയുന്നില്ല. അതിനെക്കുറിച്ച് ചിന്തിച്ചു നോക്കു. അതു ദൈവമാണ് ഈ കാര്യങ്ങളെല്ലാം ചെയ്തിരിക്കുന്നത് എന്നുള്ളതിനെ കാണിക്കുന്നു. മനുഷ്യ മനസ്സിന് അതിന്റെ ആഴം അളക്കാൻ കഴിയുകയില്ല. ഇപ്പോൾ നാം അത് കണ്ടിരിക്കുകയും, കൂടാതെ, നാം...

52 സംഭവിക്കുമെന്ന് യേശു പറഞ്ഞിരുന്ന കാര്യങ്ങളെ, വിശുദ്ധ തിരുവെഴുത്തിൽ, തിരുവെഴുത്തിൽ നിന്നും എടുക്കാൻ കർത്താവ് നമ്മെ ഇടയാക്കി. നാം അത് എങ്ങനെ കണ്ടുപിടിക്കുമായിരുന്നു? ഇവിടെ ഓരോ മുദ്രകളിൽ കൂടെ ശരിക്കും കൃത്യമായി അത് കൊണ്ടുവന്നു വെളിപ്പെടുത്തിയിരുന്നു. അവിടെ അവന്റെ പ്രസംഗം, ആറാം മുദ്രവരെ, കൃത്യമായും അതിന് ഉത്തരം നൽകിക്കൊണ്ട് വരുന്നു, എന്നാൽ ഏഴാം മുദ്രയെ അവൻ വിട്ടുകളഞ്ഞിരിക്കുന്നു. കാണുന്നോ?

53 പിന്നെ, മുദ്രകൾ തുറന്നപ്പോൾ, ദൈവം, ഇവിടെ ശ്രദ്ധിക്കുക, അവൻ ഏഴാമത്തേതിനെ സംബന്ധിച്ച് ഒരു പ്രതിരൂപം പോലും വെളിപ്പെടുത്തുന്നത് ഒഴിവാക്കിയിരിക്കുന്നു. കാണുന്നോ? അതു ഒരു പരമ രഹസ്യമായി ദൈവത്തോടൊപ്പമാകുന്നു. ശ്രദ്ധിക്കുക. നാം ഇപ്പോൾ തിരുവെഴുത്തിൽ നിന്നും ഏഴാം മുദ്ര വായിക്കാൻ പോകുകയാണ്. അത് വെളിപ്പാടിന്റെ 8-ാം അദ്ധ്യായത്തിൽ കാണുന്നു.

> *അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ, സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായി.*

54 അതിനെക്കുറിച്ച് അതു മാത്രമാണ് നമുക്കുള്ളത്. ഇപ്പോൾ നാം ശ്രദ്ധിക്കാൻ പോകുകയാണ്.

55 നിങ്ങളെ ദീർഘനേരം ഇരുത്തുവാൻ ശ്രമിക്കില്ല, കാരണം നിങ്ങളിൽ വളരെപ്പേരും ഇന്ന് രാത്രിയിൽ തന്നെ യാത്രചെയ്തു തിരികെ വീട്ടിലേക്ക് പോകേണ്ടവരാകാം. ഇന്ന് രാവിലെ വീണ്ടും ഒരു രോഗശാന്തി ശുശ്രൂഷ വെച്ചാൽ എന്താണെന്ന് ഞാൻ വിചാരിച്ചു, അത് നിങ്ങളെ രാവിലെ തന്നെ പോകാൻ ഇടയാക്കിയിട്ട്, ഇതുവരെ കാത്തിരിക്കാൻ ഇടയാക്കില്ലായിരുന്നു. കൂടാതെ നാം ഇപ്പോൾ...

56 എനിക്കും കൂടെ, ഞാൻ താമസിക്കുന്ന അരിസോണയിലെ ട്യൂസൺവരെ യാത്ര ചെയ്യേണം. അതാണ് ഇപ്പോൾ എന്റെ വീട്. പിന്നെ കർത്താവ് അനുവദിക്കുന്ന പക്ഷം ഞാൻ ഇവിടെ തിരികെ

വരാൻ ആഗ്രഹിക്കുന്നു. ഏകദേശം...ജൂൺ മാസം ആകുമ്പോഴേക്കും എന്റെ കുടുംബം കുറച്ച് ദിവസത്തേക്ക് തിരികെ വരാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഒരുപക്ഷേ ഞാൻ നിങ്ങളെ എല്ലാവരെയും ആ സമയത്തെ യോഗത്തിൽ വച്ച് കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നു.

57 അടുത്ത എന്റെ നിയോഗിക്കപ്പെട്ടിരിക്കുന്ന യോഗം ന്യൂ മെക്സിക്കോയിലെ, അൽബേകൂറേക്യൂവിലാണ്. അതു ഒമ്പതും, പത്തും, പതിനൊന്നും ആണെന്നു ഞാൻ കരുതുന്നു. ഞാൻ അവിടെ വ്യാഴവും ദുഃഖ വെള്ളിയും ഉണ്ടായിരിക്കും. അങ്ങനെ, എനിക്ക് ഈ മുഴുവൻ കാര്യങ്ങളും കൂടാതെ മറ്റു ചില നിശ്ചയിച്ചിരിക്കുന്ന കാര്യങ്ങളും ഉണ്ടായിരിക്കുകയും, ആ സമയം വരെയും എനിക്ക് ചെയ്യാനായി മറ്റു ചില കാര്യങ്ങളും ഉള്ളതിനാൽ, വ്യാഴാഴ്ച രാത്രിയിലും വെള്ളിയാഴ്ച രാത്രിയിലും ന്യൂ മെക്സിക്കോയിലെ അൽബേകൂറേക്യൂവിൽ ഞാൻ ഉണ്ടാകും.

58 പിന്നെ—അതു കഴിഞ്ഞിട്ട്—അടുത്തത്, വളരെ അടുത്ത് സാധ്യതയുള്ള ഒന്നുണ്ട്. അതിനെക്കുറിച്ച് ഞങ്ങൾക്ക് തീർച്ചയില്ല. അത് എന്റെ നല്ല സുഹൃത്തുക്കളായ, *മിഡ് നൈറ്റ് ക്രൈ കാരൊടൊപ്പം*...വടക്കെ കറോലിനായിലെ, സതേൺ പൈൻസിൽ, ആയിരിക്കാം.

59 അവർ ഇപ്പോൾ അവിടെ നിന്നും ടെലിഫോണിൽ കൂടെ മറ്റും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു, അതിനായി, അവർ ടെലിഗ്രാമുകളും, സന്ദേശങ്ങളും, മറ്റെല്ലാമായിട്ട്, വളരെ അടുത്തുവരെ ബന്ധപ്പെട്ടുകൊണ്ടിരുന്നു, മറ്റൊരു കൂട്ടർ, ലിറ്റിൽ റോക്കിലെ; യേശു നാമക്കാരാണ്, കഴിഞ്ഞ വേനൽക്കാലത്ത്, കൌ പാലസിൽ ഒരു യോഗം ഉണ്ടായിരുന്നു. അവരുടെ യോഗം അവർക്കു ലിറ്റിൽ റോക്കിലെ, അർക്കൻസാസിൽ വെച്ചായിരുന്നു ഉണ്ടായിരുന്നത്. കഴിഞ്ഞ വർഷം തൊട്ട്, കുറഞ്ഞ പക്ഷം, ഒരു രാത്രി യോഗത്തിനായെങ്കിലും അവർ ആവശ്യപ്പെട്ടു, അല്ലാത്ത പക്ഷം മുഴുവൻ യോഗത്തിനോ, ഒരു രാത്രിയിലെ യോഗത്തിനു പോലും അവർ തയ്യാറായിരുന്നു. അതുകൊണ്ട് ഞാൻ അവരോട് പറഞ്ഞു, എന്തുചെയ്യണമെന്ന് അറിയാതെ പറഞ്ഞു. നിങ്ങൾക്ക് അതിനെകുറിച്ച് "സംഭവനീയമായ" രീതിയിൽ പരസ്യം ചെയ്യാം. അതിനു ശേഷം, പിന്നീട് അതിനെക്കുറിച്ച് അവരോട് അറിയിക്കുന്നതായിരിക്കും.

60 അദ്ദേഹം ഇപ്പോൾ വിളിച്ചിരുന്നോ? ഊഹാ. ശരി. എന്തു പറഞ്ഞു? [ഒരു സഹോദരൻ പറയുന്നു, "ഹോട്ട് സ്പ്രിംഗ്സ്."—Ed.] ഹോട്ട് സ്പ്രിംഗ്സ്, ശരിയല്ലേ? എനിക്കത്

തെറ്റിപ്പോയി. ["ഇരുപത്തിനാലിന്."] ഇരുപത്തിനാലിനാണ്... [മേയ്] മേയിലോ? [മറ്റാരോ പറയുന്നു, "ഇരുപത്തിനാലു തൊട്ട് ഇരുപത്തിയെട്ട് വരെ ജൂണിലാകുന്നു."] ജൂൺ ഇരുപത്തിനാലു മുതൽ ഇരുപത്തിയെട്ടുവരെയാണ്. ഇപ്പോൾ ഇത് "സംഭവനീയമാം വിധം" അറിയിച്ചിരിക്കുന്നു, "അതു കർത്താവ് ആഗ്രഹിക്കുന്ന പക്ഷം എന്നാകുന്നു." കാണുന്നോ? ഞാൻ...

61 ഈ കാര്യങ്ങൾ ഇപ്രകാരം ചെയ്യുന്നതിനുള്ള കാരണങ്ങൾ ഇതാകുന്നു. നിങ്ങൾ അതിനെക്കുറിച്ച് ഒരല്പം കഴിയുമ്പോൾ അറിയും, ഇപ്പോൾ നോക്കു. ഞാൻ ഒരു സ്ഥലത്ത് പോകുമ്പോൾ, ദൈവം എന്നോട് "അവിടേക്ക് പോകുക" എന്നു പറഞ്ഞിരിക്കുന്നു എന്ന് അറിഞ്ഞിട്ട് അവിടെ എന്റെ കാലുറപ്പിച്ച് നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുശേഷം ശത്രു എവിടെയെങ്കിലും നിന്ന് എനിക്കെതിരെ എഴുന്നേറ്റാൽ, എനിക്ക് പറയാൻ കഴിയും, "ഞാൻ ഇവിടെ കർത്താവായ യേശുവിന്റെ നാമത്തിൽ നിൽക്കുന്നു. പിന്നോട്ട് മാറുക!" കാണുന്നോ? കാണുന്നോ? മനസ്സിലായോ? നിങ്ങൾക്ക് നിങ്ങളുടെ നിലപാട് അവിടെ ഉറപ്പാകുന്നതു നോക്കു. അവൻ നിങ്ങളെ എവിടെയെങ്കിലും അയക്കുമ്പോൾ, അവൻ നിങ്ങൾക്കായി കരുതിക്കൊള്ളും. കാണുന്നോ? എന്നാൽ നിങ്ങൾ നിങ്ങളുടെ നിരൂപണത്താലാണ് പോകുന്നതെങ്കിൽ, പിന്നെ എനിക്കറിയില്ല; അവൻ അവിടെ ഉണ്ടായിരിക്കും എന്നു തീർച്ചയില്ല. അതുകൊണ്ട് ഞാൻ—എനിക്ക് കഴിയുന്നിടത്തോളം തീർച്ചയാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവൻ എന്നോട് എടുക്കു എന്നു പറയാത്ത പലതും ഞാൻ എടുത്തിട്ടുണ്ട്, എന്നാൽ എനിക്ക് കഴിയുന്നിടത്തോളം അതിനെക്കുറിച്ച് ഉറപ്പുള്ളവൻ ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ കർത്താവ് നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

62 ഇപ്പോൾ, ഇപ്പോൾ നാം കാണുന്നത്, ഇത് ഇവിടെ വെറും ഒരു വാക്യം മാത്രമായിരിക്കെ, തുടങ്ങുന്നതിന് മുമ്പ് ഒരു ചെറിയ—ചെറിയ ഒരു കാര്യം നാം ഇവിടെ ചെയ്യാൻ ആഗ്രഹിക്കുന്നു. നാം ഏഴാം അദ്ധ്യായം മറികടന്നു വന്നിരിക്കുന്നു എന്നു നിങ്ങൾ ശ്രദ്ധിച്ചിരിക്കാം. ആറാം അദ്ധ്യായം ആറാം, ആറാം മുദ്രയിൽ അവസാനിക്കുന്നു. എന്നാൽ ആറാം മുദ്രക്കും ഏഴാം മുദ്രക്കും ഇടയിലായി ചിലകാര്യങ്ങൾ സംഭവിക്കുന്നു. മനസ്സിലായോ? എത്ര ഭംഗിയായിട്ടാണ് അത് ആറും ഏഴും അദ്ധ്യായങ്ങൾക്കിടയിലായി സ്ഥാനപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ 7-ാം അദ്ധ്യായം ശ്രദ്ധിച്ചാൽ, ആറിനും ഏഴിനും ഇടയ്ക്കായി ഒരു ഇടവേള ഉള്ളതും നമുക്ക് കാണാൻ കഴിയും. ആ ഇടവേള വെളിപ്പാട് പുസ്തകത്തിലെ ആറും ഏഴും അദ്ധ്യായങ്ങൾക്ക്

ഇടയിലായിട്ട് അത് ആറും ഏഴും മുദ്രകൾക്കിടയ്ക്കായി ഈ ഇടവേള നൽകിയിരിക്കുന്നു. ഇപ്പോൾ നാം ഇത് ശ്രദ്ധിക്കുവാൻ ആഗ്രഹിക്കുന്നു. ഇതു വളറെ പ്രാധാന്യമേറിയ കാര്യം ആയതിനാൽ, ഈ ചെറിയ കാലഘട്ടത്തെ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

63 ഇപ്പോൾ ഓർക്കു, വെളിപ്പാട് 4-ാം അദ്ധ്യായം കഴിയുന്ന മുറയ്ക്ക് സഭ പുറപ്പെട്ടു പോകുന്നു. ആ—ആ നാല് കുതിര സവാരിക്കാരും പുറപ്പെട്ട് പോയ്ക്കഴിഞ്ഞ ശേഷം, സഭ പുറപ്പെട്ടുപോകുന്നു. കാണുന്നോ? സഭയ്ക്ക് സംഭവിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും, വെളിപ്പാട് പുസ്തകത്തിലെ 4-ാം അദ്ധ്യായം വരെയാണ് സംഭവിച്ചിട്ടുള്ളത്. എതിർ ക്രിസ്തുവിന്റെ നീക്കം സംഭവിച്ചിട്ടുള്ളതു തന്നെയും 4-ാം അദ്ധ്യായം വരെയാണ് ചെന്ന് എത്തിയിട്ടുള്ളത്. വെളിപ്പാടിന്റെ നാലാം മുദ്ര, ക്രിസ്തുവിനെയും എതിർ ക്രിസ്തുവിനെയും രണ്ടിനെയും, അവസാനിപ്പിക്കുന്നതാണ്. എതിർ ക്രിസ്തു തന്റെ സൈന്യവുമായി, അവന്റെ നാശത്തിലേക്ക് വരികയും; ക്രിസ്തു തന്റെ സൈന്യവുമായി വരികയുമാണ്.

64 ഇത് കാലം ഉണ്ടാകുന്നതിനും അപ്പുറത്ത് വച്ച് ആരംഭിച്ച, ഒരു പഴയ യുദ്ധമാണ്. അന്ന് അവർ...സാത്താനെയും അവന്റെ ദൂതന്മാരെയും ചവുട്ടി പുറത്താക്കിയപ്പോൾ, പിന്നെ അവർ ഭൂമിയിലേക്കു വന്നു. ആ യുദ്ധം വീണ്ടും ആരംഭിച്ചു, കാരണം, ദൈവ വചനത്തിന്റെ പിന്നിലായി ഹവ്വയെ വേർതിരിച്ച് നിർത്തിയിരുന്ന ആ വേലി, അവൾ തകർത്തു കളഞ്ഞു. ആ നാഴിക മുതൽ, ദൈവത്തിന്റെ വചനത്തിന് എതിരായിട്ടുള്ള യുദ്ധത്തിൽ, സാത്താൻ ജയം നേടാൻ തുടങ്ങി, കാരണം ദൈവത്തിന്റെ ബലഹീനമായ ഒരു പ്രജ, ആ പ്രതിരോധം തകർത്തുകളഞ്ഞു. ആ രീതിയിലാണ് ശരിക്കും അവൻ ഓരോ അവസരത്തിലും യുദ്ധം ജയിച്ചു കൊണ്ടിരിക്കുന്നതും, ജയിച്ചു കൊണ്ടിരുന്നതും, അവന്റെ പ്രജകളിൽ ഒരുവൻ ദൈവവചനമായ വേലി തകർത്തു കളഞ്ഞതിലാകുന്നു.

65 ഒരു സംഘിടത സമ്പ്രദായത്തിൽക്കൂടെ, അതു ഈ അന്ത്യ കാലഘട്ടത്തിലും ചെയ്തു കഴിഞ്ഞിരിക്കുന്നു. അതു, യഥാർത്ഥവും, കലർപ്പില്ലാത്തതുമായ, ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധ സഭയെ, ഒരു കള്ള സവാരിക്കാരനോടൊപ്പം, വചനത്തെ സ്വീകരിക്കാതെ, സഭയെ വചനത്തിൽ നിന്നും മതപ്രമാണത്തിലേക്ക് തിരിച്ചുകളഞ്ഞതാണ്.

66 ഇപ്പോൾ, റോമൻ കത്തോലിക്ക സഭാ മതപ്രമാണങ്ങളുടെ മേലാണ് പണിതിരിക്കുന്നതെന്ന് എത്രപേർക്കറിയാം? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] അവർ അത് സമ്മതിക്കുന്നുണ്ടോ? തീർച്ചയായും. കൃത്യമായും. അവർ അത്

നിശ്ചയമായും സമ്മതിക്കുന്നു. അതു മാത്രമല്ല. കത്തോലിക്കക്കാരുടെ വികാരങ്ങളെ അതു മുറിപ്പെടുത്തുന്നതുമില്ല, കാരണം, അവർക്ക് അതറിയാം. കുറച്ച് സമയങ്ങൾക്ക് മുമ്പ് മറിയം ഉയിർത്തെഴുന്നേറ്റു എന്നവർ പുതുതായി ഒരുകാര്യം കൂടി കൂട്ടിച്ചേർത്തു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഏകദേശം പത്തു വർഷങ്ങൾക്ക് മുമ്പ് ഇത് ചെയ്തതിനെക്കുറിച്ച് നിങ്ങൾക്ക് ഓർമ്മയുണ്ടാകുമല്ലോ? എത്ര പേർ അത് ഓർക്കുന്നുണ്ട്? ["ആമേൻ."] അവിടെയുള്ള, പത്രത്തിലുണ്ട്. തീർച്ചയായും. കാണുന്നോ? എല്ലാകാര്യങ്ങളും, പുതിയ "മതപ്രമാണം." നോക്കു, അതെല്ലാം മതപ്രമാണങ്ങളാണ്, വചനമല്ല. കാണുന്നോ?

67 ഒരു പുരോഹിതൻ, ഈ അടുത്ത സമയത്തുണ്ടായ ഒരു കൂടിക്കാഴ്ചയിൽ, പറഞ്ഞു, "ശ്രീമാൻ ബ്രൺഹാം," അദ്ദേഹം പറഞ്ഞു "ദൈവം തന്റെ സഭയിലാണ്."

ഞാൻ പറഞ്ഞു, "ദൈവം തന്റെ വചനത്തിലാണ്."

അദ്ദേഹം പറഞ്ഞു "നാം തർക്കിക്കേണ്ടവരല്ല."

68 ഞാൻ പറഞ്ഞു, "ഞാൻ തർക്കിക്കുന്നില്ല. ഞാൻ ഒരു പ്രസ്താവന മാത്രം നടത്തുകയാണ്. ദൈവം തന്റെ വചനത്തിലാകുന്നു. അത് ശരിയാണ്. 'ആരെങ്കിലും അതിൽനിന്ന് എന്തെങ്കിലും എടുക്കുകയോ, അല്ലെങ്കിൽ അതിനോട് കൂട്ടിച്ചേർക്കുകയോ ചെയ്യരുത്,' എന്ന് വചനം പറയുന്നു."

69 അദ്ദേഹം പറഞ്ഞു, "ശരി, ദൈവം കൊടുത്തു...ക്രിസ്തു തന്റെ സഭയ്ക്ക് അധികാരം നൽകിക്കൊണ്ട് അവരോട് പറഞ്ഞു: നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെയും, സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; കൂടാതെ എന്ത്..."

ഞാൻ പറഞ്ഞു, "അതു ശരിക്കും സത്യമാണ്."

70 അദ്ദേഹം പറഞ്ഞു "ഞങ്ങൾ...ഈ അടിസ്ഥാനത്തിന്മേൽ, ഞങ്ങൾക്കു പാപം മോചിക്കാനുള്ള അധികാരം ഉണ്ട്."

71 ഞാൻ പറഞ്ഞു, "സഭയ്ക്ക് അത് നൽകിയിരിക്കുന്നതു പോലെ തന്നെ നിങ്ങൾ ചെയ്യുമെങ്കിൽ, അവർ ചെയ്തിരുന്നതു പോലെ, ഞാൻ അത് അംഗീകരിക്കും. നിങ്ങൾ അത് ചെയ്യുമെങ്കിൽ, ഇവിടെ വെള്ളം ഉണ്ട്, 'നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെട്ടിരിക്കണം,' നോക്കു, നിങ്ങളുടെ പാപം മോചിച്ചു തന്നിരിക്കുന്നു എന്ന് ആരെങ്കിലും പറയുന്നതിനാലല്ല." കാണുന്നോ? മനസ്സിലായോ? അത് കൃത്യമായിട്ടുമാകുന്നു.

72 പെന്തെക്കോസ്തു നാളിൽ, താക്കോലുകൾ കൈവശം വെച്ചിരുന്ന പത്രൊസിനെ ശ്രദ്ധിക്കു. ഓർക്കു, അവർ സംസാരിച്ചിരുന്ന ഈ

താക്കോലുകൾ അവന്റെ പക്കലായിരുന്നു. ആ ദിവസം ആ—ആ ജനങ്ങൾ ചോദിച്ചു, “സഹോദരന്മാരായ പുരുഷന്മാരെ രക്ഷിക്കപ്പെടാൻ ഞങ്ങൾ എന്തുചെയ്യണം?”

73 പത്രൊസ് പറഞ്ഞു, “നിങ്ങൾ മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി, ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ.” (എന്തിന് വേണ്ടി?) “പാപങ്ങളുടെ മോചനത്തിനായി, എന്നാൽ നിങ്ങൾക്കു പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും, നിങ്ങളുടെ മക്കൾക്കും, നമ്മുടെ ദൈവമായ കർത്താവു വിളിച്ചുവരുത്തുന്ന ദൂരസ്ഥരായ ഏവർക്കും ഉള്ളതല്ലോ.” അത് ശരിയാണ്. അതുകൊണ്ട് അത് എന്നേക്കുമായി അതിനെ ഉറപ്പിക്കുന്നു. അത് പൂർണ്ണമായിരിക്കുന്നു. അത് അതു ചെയ്തിരിക്കുന്നു.

74 എന്നാൽ, ഇപ്പോൾ, എതിർക്രിസ്തു കടന്നുവന്നു, നാം അതിനെ ചിത്രീകരിച്ച് കാണിച്ചിരുന്നതു, നിങ്ങൾ കണ്ടിരുന്നു. എന്തൊരു വെളിപ്പാടാണ്! എന്റെ, എന്റെ! ഈ കാലമൊക്കെയും, അത് മുന്നേറിക്കൊണ്ടിരിക്കുന്നത് നാം കാണുന്നു, ഒന്ന് ചിന്തിച്ചു നോക്കൂ. ഇത് ഇവിടെ പരിപൂർണ്ണമായി, നേരിട്ട്, കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു എന്നതാകുന്നു.

75 ഇപ്പോൾ 6-ഉം 7-ഉം അദ്ധ്യായങ്ങൾക്ക് ഇടയിലുള്ള ഈ ഇടവേള നാം ശ്രദ്ധിക്കുന്നു. ഇപ്പോൾ, വെളിപ്പാടിലെ 7-ാം അദ്ധ്യായം ഇവിടെ ഒരു—ഒരു—ഒരു സംഭവത്തെ വെളിപ്പെടുത്തുന്നു. അതു ഇവിടെ വെറുതെ ഇട്ടിരിക്കുന്നതല്ല. ഇതിന് ഇടയിലായി അത് ഇട്ടിരിക്കുന്ന വെറുതെയല്ല. കാണുന്നോ? അത് ഇവിടെ ഒരു ഉദ്ദേശത്തിനായി ഇട്ടിരിക്കുന്നു, അതൊരു വെളിപ്പാടായി അത് എന്തോ ഒരു കാര്യത്തെ വെളിപ്പെടുത്തുന്നു. അതു എങ്ങനെയാണ് ശരിക്കും നിഗൂഢമായും ഗണിതശാസ്ത്രപരമായും തിരുവെഴുത്തുമായി അതു കൃത്യമായി യോജിച്ചു പോകുന്നതെന്നു ശ്രദ്ധിക്കൂ! കാണുന്നോ? കൃത്യമായും.

76 നിങ്ങൾ ദൈവത്തിന്റെ ഗണിത ശാസ്ത്രത്തിൽ വിശ്വസിക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, തീർച്ചയായും നിങ്ങൾ നഷ്ടപ്പെട്ടു പോയിട്ട്...നിങ്ങൾ തീർച്ചയായും വചനത്തിൽ നഷ്ടപ്പെട്ടുപോകും, നിങ്ങൾ ഒരു നാലോ അല്ലെങ്കിൽ ആറോ അല്ലെങ്കിൽ എന്തെങ്കിലും ഗണിതശാസ്ത്രപരമായി അതിന്റെ ക്രമത്തിൽ ഇടാൻ ശ്രമിക്കുമ്പോഴായിരിക്കും. എങ്കിൽ തീർച്ചയായും നിങ്ങൾക്ക് നിങ്ങളുടെ ദൃശ്യത്തിൽ ഒരു പശു മരത്തിന്റെ മുകളിൽ എവിടെയെങ്കിലും

പുല്ല് തിന്നുന്നത് കാണുന്നതിനിടയാകും. നിങ്ങൾ തീർച്ചയായും നഷ്ടപ്പെട്ടുപോകും. എന്തെന്നാൽ ദൈവം ചെയ്യുന്നില്ല...അവന്റെ മുഴുവൻ വചനവും ഗണിതശാസ്ത്രവുമായി ചേർന്നു പോകുന്നു. അതെ, ശ്രീമാൻ. സമ്പൂർണ്ണമായും, നന്നേ സമ്പൂർണ്ണമായും. ഇങ്ങനെയുള്ള ഒരു ഗ്രന്ഥസഞ്ചയം വേറെ എവിടെയും എഴുതിയിട്ടില്ല, ഗണിതശാസ്ത്രത്തിൽ നന്നേ സമ്പൂർണ്ണമായിട്ടുമാകുന്നു.

77 ഇപ്പോൾ, 8-ാം അദ്ധ്യായം, ഏഴാം മുദ്രയുടെ ദൃശ്യം മാത്രമേ വെളിപ്പെടുത്തുന്നുള്ളൂ. അവിടെ മറ്റൊന്നും തന്നെ വെളിപ്പെടുത്തിയിട്ടില്ല, ഇപ്പോൾ, യാതൊന്നും ഇല്ല. ഏഴാം മുദ്രയിൽ ഒന്നും വെളിപ്പെടുത്തിയിട്ടില്ല...ഇപ്പോൾ, വെളിപ്പാട് 7-ാം അദ്ധ്യായവുമായിട്ട് ഒന്നും ചെയ്യാനില്ല. ഏഴാം മുദ്രയെക്കുറിച്ച്, അതിന്റെ വെളിപ്പെടുത്തൽ, പൂർണ്ണമായും നിശബ്ദമാകുന്നു. എനിക്കു സമയം ഉണ്ടായിരുന്നെങ്കിൽ... ഞാൻ അത് ചില ഭാഗങ്ങളിൽ നിന്നും നിങ്ങളെ കാണിച്ചുതരാൻ ശ്രമിക്കുമായിരുന്നു.

78 ഏറ്റവും പുറകിൽ, ഉല്പത്തി മുതൽ ഈ ഏഴാം അദ്ധ്യായം...അതല്ല ഈ ഏഴാം മുദ്രയെപ്പറ്റി പറഞ്ഞുവരുന്നു. ആദിയിൽ ഉല്പത്തിയിൽ, ഈ ഏഴാം മുദ്ര...

79 ഈ മുദ്രകളെല്ലാം നേരെ കടന്നു വന്നിരിക്കുന്നു. ഇന്ന് രാവിലെ ഈ കാര്യങ്ങളെയെല്ലാം എടുത്തുകൊണ്ട് വന്നത് നിങ്ങൾ ഓർക്കുന്നില്ലേ? കൂടാതെ ശ്രദ്ധിക്കൂ, ഇന്ന് രാത്രിയിലും, അത് എടുത്തുകൊണ്ട് വന്നിരിക്കുന്നു. അത് ആ ഏഴാം മുദ്രയിലെത്തുമ്പോൾ, അവൾ മുറിഞ്ഞിരിക്കുന്നതിനായി, നാം കാണുന്നു. [ബ്രദർ ബ്രൺഹാം തന്റെ വിരൽ ഒരു പ്രാവശ്യം ഞൊടിക്കുന്നു—Ed.] ശരിയാണ്.

80 യേശുക്രിസ്തു, സ്വയം, സംസാരിക്കുമ്പോൾ, അന്ത്യകാലത്തെക്കുറിച്ച് പറഞ്ഞിരുന്നു. അവൻ എത്തിയിട്ട്...ആറു മുദ്രകളെപ്പറ്റി എല്ലാം പറഞ്ഞു. അവൻ ഏഴാമത്തേതിൽ കടന്നപ്പോൾ, അവൻ അവിടെ നിർത്തി. അതു അവിടെയാകുന്നു. നോക്കൂ, ഇതൊരു മഹത്തായ കാര്യമാകുന്നു.

81 ഇപ്പോൾ, ഇപ്പോൾ, ആറും ഏഴും മുദ്രകൾക്കിടയിലായി ഒരു പാലം പോലെയുള്ള ഒന്നു ഇടേണ്ടതിനു നാം ഒരു നിമിഷം 7-ാം അദ്ധ്യായത്തെപ്പറ്റി സംസാരിക്കാൻ പോകുകയാണ്. എന്തെന്നാൽ, നമുക്ക് മുമ്പോട്ട് പോകാനായി ആ ഒരേ ഒരു കാര്യം മാത്രമെയുള്ളൂ, ഇപ്പോൾ, ആറിൽ...ആറും ഏഴും മുദ്രകൾക്കിടയിൽ യിസ്രായേലിനെ വിളിക്കുന്നു.

82 ഇപ്പോൾ, എന്റെ പക്കൽ യഹോവ സാക്ഷികളായ നല്ല സുഹൃത്തുക്കൾ ഇവിടെ ഇരിക്കുന്നു, അത്ര തന്നെ...അഥവാ ആയിരുന്നവർ ഉണ്ടാകാം. ഒരുപക്ഷേ അവരിൽ ചിലർ ഇപ്പോഴും യഹോവ സാക്ഷികൾ തന്നെയാകാം. എന്നാൽ അവർ, ശ്രീമാൻ റസ്സൽ ചെയ്തതുപോലെ, എല്ലായ്പ്പോഴും ഈ നൂറ്റി നാല്പത്തിനാലായിരം പേരെ ക്രിസ്തുവിന്റെ അലൌകീകമായ മണവാട്ടികളായി അപേക്ഷിച്ചിരിക്കുന്നു. കാണുന്നോ? അവർ... അതാകുന്നില്ല.

83 അതിന് സഭാകാലഘട്ടങ്ങളുമായിട്ടും ഒന്നും ചെയ്യാനില്ല. അവർ പരിപൂർണ്ണമായും യിസ്രയേലാകുന്നു. ഇപ്പോൾ, നാം കുറച്ച് നേരത്തിനുള്ളിൽ തന്നെ വായിക്കാൻ പോകുന്നു. ഇപ്പോൾ ഈ ഇടവേള, ആറ്റം...മുദ്രകളുടെ ഇടയിൽ നൂറ്റി നാല്പത്തിനാലായിരം യഹൂദന്മാരെ, സഭ പോയ്ക്കഴിഞ്ഞശേഷം, മഹാകഷ്ടകാലത്ത് വിളിക്കുന്നു. കാണുന്നോ? അതിന് സഭാ കാലഘട്ടവുമായിട്ട്, ഒരിക്കലും ഒന്നും ചെയ്യാനില്ല. ഓ, വിളിക്കപ്പെട്ടും, തിരുവെഴുത്തുമായി പൂർണ്ണമായും യോജിച്ച് പോകുന്നു. ദാനീയേലിന്റെ അവസാനത്തെ മൂന്നര ആഴ്ചകാലം ദാനീയേലിന്റെ "ജനങ്ങൾക്കായി" അനുവദിച്ചിരുന്നു, നോക്കു, ജാതികൾക്കല്ല. ദാനീയേലിന്റെ "ജനങ്ങൾക്കായിട്ട്," ദാനീയേൽ ഒരു യഹൂദനായിരുന്നു!

84 ഇപ്പോൾ ശ്രദ്ധിക്കു, യിസ്രായേൽ, യിസ്രായേൽ പ്രവാചകന്മാരെ മാത്രമേ അവൾ വിശ്വസിക്കു, അവർ ന്യായികരിക്കപ്പെട്ടതിന് ശേഷം.

85 സഭാ കാലഘട്ടങ്ങളിൽ കൂടി എവിടെയും, ആദ്യ അപ്പോസ്തലിക സഭ തൊട്ട്, പ്രൊട്ടെസ്റ്റന്റ് സഭ ഉണ്ടായിട്ടും ഒരിടത്തും ഒരു പ്രവാചകനും ഉണ്ടായിട്ടില്ല. അത് ആരായിരുന്നു എന്ന് എന്നോട് പറയുകയോ, എനിക്ക് കാണിച്ച് തരുകയോ ചെയ്യുക. ഒരിക്കലുമില്ല! ആദ്യകാല അപ്പോസ്തല കാലത്തിൽ അഗബാസ്, എന്നു വിളിച്ചിരുന്ന ന്യായീകരിക്കപ്പെട്ട ഒരു പ്രവാചകൻ അവർക്കുണ്ടായിരുന്നു. എന്നാൽ...ജാതികൾ കടന്നുവന്നപ്പോൾ, ദൈവത്തിന്റെ അവകാശത്തിലേയ്ക്ക് കടന്നുവന്നപ്പോൾ പൌലൊസ് ജാതികളുടെ നേരെ തിരിഞ്ഞിരുന്നു. പത്രൊസിന് ശേഷം, നാം ഇന്നലെ രാത്രിയിൽ വായിച്ചതു പോലെ, കർത്താവിൽ നിന്നും പ്രാപിച്ചതുപോലെ, അതായത്, "അവൻ ജാതികളിൽ നിന്നും, അവന്റെ നാമത്തിനായി, അവന്റെ മണവാട്ടിയെ എടുക്കുന്നു," അന്നു മുതൽ, ഒരു ജാതീയ പ്രവാചകൻ അവർക്ക് ഉണ്ടായിരുന്നതായി ചരിത്രത്തിന്റെ താളുകളിൽ എവിടെയും കാണപ്പെടുന്നില്ല. ഇപ്പോൾ നിങ്ങൾ അതു ചരിത്രത്തിലൂടെ തിരികെ പോയി നോക്കി

കണ്ടുപിടിക്കു. എന്തുകൊണ്ട്? കൃത്യമായും, അതു വചനത്തിനു എതിരായിട്ടുള്ളതായിരിക്കും. കൃത്യമായിട്ടുമാകുന്നു.

86 ആദ്യമായി പുറപ്പെട്ടുപോയപ്പോൾ, ഒരു സിംഹമായി, അതൊരു പ്രവാചകന്റെ വചനമായിരുന്നു.

രണ്ടാമത്തേത് കടന്നു പോയത്, അദ്ധ്വാനമായിട്ട്, ബലിമൃഗം ആയിരുന്നു.

അടുത്തു കടന്നു പോയത്, മനുഷ്യന്റെ കൌശല ബുദ്ധിയായിരുന്നു.

87 എന്നാൽ അന്ത്യകാലത്ത്, ഇതുവരെ തെറ്റായി വഴി നടത്തപ്പെട്ടതിനും, വിട്ടുപോയതും, ചെയ്യാതിരുന്നതും, ചെയ്യാൻ വിട്ടുപോയതുമായ കാര്യങ്ങളെ, നേരെയാക്കി ഉപയോഗപ്രദമാക്കി, സഭയെ വീണ്ടും തിരികെ കൊണ്ടുവരുമെന്നു, നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഏഴാം ദൂതന്റെ സന്ദേശം, ദൈവത്തിന്റെ മർമ്മങ്ങളെയെല്ലാം പൂർത്തിയാക്കും എന്ന് ഇവിടെ മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നു. പിന്നെ, നാം അവയിൽ കൂടെയെല്ലാം കടന്നുപോയ്ക്കഴിഞ്ഞിരിക്കുന്നു. അത് തിരുവെഴുത്തുമായി പൂർണ്ണമായും യോജിച്ചു പോയിരുന്നു എന്ന് നാം കണ്ടിരുന്നു. അതാകുന്നു കാരണം.

88 ഇപ്പോൾ, ഈ വ്യക്തി ദൃശ്യത്ത് വരുന്നതു, എപ്പോഴാണെന്നു നിങ്ങൾക്കു നിരൂപിക്കാനാകുമോ? ഓർക്കുക, അവൻ വരുമ്പോൾ, അത് വളരെ എളിമയിലെ കാര്യമായിട്ട്, സഭകളെല്ലാം വളരെ ദൂരം വിട്ടു പോയ്ക്കഴിഞ്ഞിരിക്കും. ഇപ്പോഴും മതപരിഷ്കർത്താക്കളുടെ മതസമ്പ്രദായങ്ങൾക്ക് കീഴിലുള്ള സഭകൾ, അവരുടെ ഉപദേശങ്ങൾക്കും, സഭാസംഘടനകൾക്കും നേരെ അതിനെ ശക്തിയായി എതിർക്കുന്ന, ദൈവത്തിൽ നിന്നുള്ള ഒരു പ്രവാചകനെ അവർ സ്വീകരിക്കുമെന്ന് നിങ്ങൾക്കെ് ഒന്ന് ചിന്തിക്കാൻ കഴിയുമോ?

89 ഇപ്പോൾ, ഒരേ ഒരു വ്യക്തിക്ക് മാത്രമെ അത് നിറവേറ്റാൻ കഴിയൂ, എനിക്ക് അറിയാവുന്നിടത്തോളം, അത് എല്ലായ്പ്പോഴും ഭൂമിയിലുണ്ടായിരുന്ന ഒരേ ഒരു ആത്മാവ് മാത്രമാകുന്നു. അത് ഒന്നുകിൽ...അത് അവന്റെ സമയത്തെ, ഏലീയാവ് തന്നെ ആയിരിക്കണം. അത് തന്നെ ആയിരിക്കുമെന്ന് മുൻകൂട്ടി പറയപ്പെട്ടിക്കുകയും, അത് ക്രിസ്തുവിന്റെ ആത്മാവല്ലാതെ മറ്റൊന്നും ആയിരിക്കുകയുമില്ല.

90 ക്രിസ്തു വന്നപ്പോൾ, അവൻ പൂർണ്ണതയിലായിരുന്നു. അവൻ പ്രവാചകനായിരുന്നു. അവൻ പ്രവാചകന്മാരുടെ ദൈവമായിരുന്നു. കാണുന്നോ? മനസ്സിലായോ?

91 ക്രിസ്തുവിനെ, അവനെ അവർ എപ്രകാരം വെറുത്തു എന്നു നോക്കു. എന്നാൽ അവൻ വരുമെന്ന് തിരുവചനം പറഞ്ഞിരുന്ന പ്രകാരം തന്നെ അവൻ വന്നു. എന്നാൽ അതു അവൻ ഒരു പ്രവാചകൻ ആയിരിക്കെ, വിവേചനവും മറ്റും ചെയ്തിരുന്നതിനാൽ, ദൈവത്തിന്റെ ആത്മാവിനെ, "ഒരു അശുദ്ധാത്മാവ്," എന്നു വിളിച്ച് അതിനു എതിരെ, ദൈവദൂഷണം പറഞ്ഞു കൊണ്ട് ദൈവരാജ്യത്തിൽ നിന്നും അകന്നു പോയി. പറഞ്ഞു, അതൊരു, "അവൻ ആയിരുന്നു—അവൻ ഒരു ഭാവി പറച്ചിലുകാരൻ, ഒരു പിശാചാണ്."

92 ഒരു ഭാവി പറച്ചിലുകാരൻ ഒരു പിശാചാകുന്നു. നോക്കു, പിശാചിന്റെ ആത്മാവ്. തീർച്ചയായും. നിങ്ങൾക്ക് അതറിയാമോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] തീർച്ചയായും, ഭാവി പറച്ചിൽ, ഒരു പ്രവാചകനെ കപടമായി അനുകരിക്കുന്നതും ആകുന്നു, അതു തികച്ചും ദൈവ മുമ്പാകെ ദൈവ ദൂഷണമാകുന്നു.

93 ഇപ്പോൾ ശ്രദ്ധിക്കുക. ദാനീയേലിന്റെ അവസാന മൂന്നര വർഷ കാലത്തു, വിളിക്കപ്പെടുന്നതു, തിരുവെഴുത്തുമായി പൂർണ്ണമായും യോചിച്ചു പോകുന്നു.

94 ശ്രദ്ധിക്കു, പഴയ നിയമത്തിൽ, യിസ്രായേലിൽ അവരുടെ പ്രവാചകന്മാർ ന്യായീകരിക്കപ്പെട്ട് തെളിയിക്കപ്പെട്ടാലേ വിശ്വാസികളോട്—വിശ്വാസികളോടു വിശ്വസിക്കാനായി പറഞ്ഞിരുന്നുള്ളു. "നിങ്ങളുടെ ഇടയിൽ, ഒരു ആത്മീയനോ, ഒരു പ്രവാചകനോ ഉണ്ടെങ്കിൽ കർത്താവായ ഞാൻ എന്റെ... നിങ്ങളുടെ ദൈവം, ദർശനങ്ങളിൽ അവനോടു സംസാരിക്കയും, സ്വപ്നങ്ങളിലൂടെയും, സ്വപ്നങ്ങളെ വ്യാഖ്യാനിച്ചും കൊണ്ടു, ഞാൻ എന്നെതന്നെ വെളിപ്പെടുത്തും." ആർക്കെങ്കിലും ഒരു സ്വപ്നം ഉണ്ടായാൽ, ഈ പ്രവാചകന് അതിനെ വ്യാഖ്യാനിക്കാൻ കഴിയും. അവന് ദർശനം ഉണ്ടായാൽ, അവൻ അതു വിളിച്ചുപറയും. "ഞാൻ അവന് എന്നെ ദർശനത്തിൽ കൂടെ വെളിപ്പെടുത്തും, എന്നെതന്നെ വെളിപ്പെടുത്തും. അവൻ പറയുന്നതു പോലെ സംഭവിച്ചാൽ, നിങ്ങൾ ആ പ്രവാചകനെ കേൾക്കേണം, ഞാൻ അവനോട് കൂടെയുണ്ട്. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ, നിങ്ങൾ അവനെ ഒട്ടും ഭയപ്പെടരുത്." അതെ. അത് ശരിയാണ്, "അവനെ വിട്ടുമാറിക്കൊള്ളുക. നോക്കു, അവനെ തനിയെ വിട്ടേക്കുക." ഇപ്പോൾ അതു...

95 ഇപ്പോൾ, യിസ്രായേൽ അതു എപ്പോഴും വിശ്വസിക്കാൻ പോകുന്നു. നിങ്ങൾ അതു കാണുന്നില്ലേ? എന്തുകൊണ്ടാണ്?

ഇന്നു രാത്രിയിൽ, ഇപ്പോൾ നിങ്ങൾ ഈ വിഷയത്തെ കൂടുതൽ നന്നായി മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

96 എന്തുകൊണ്ടാണ്? കാരണം അത് അവരോടുള്ള, ദൈവത്തിന്റെ ഒരു കല്പനയാണ്. അന്യജാതിയിപ്പെട്ടവർ അവരുടെ ഇടയിൽ ചെന്ന് എത്ര അധികം ലഘുലേഖകൾ വിതരണം ചെയ്താലും ഞാൻ അത് കാര്യമാക്കുന്നില്ല. നിങ്ങൾ വേദപുസ്തകം കക്ഷത്തിൽ വെച്ചുകൊണ്ട് യിസ്രായേൽ രാജ്യത്ത് ഉടനീളം പോയി *ഇതോ, അതോ,* അതല്ല *മറ്റെതോ* തെളിയിച്ച് കൊണ്ട് നടന്നാലും ഞാൻ കാര്യമാക്കുന്നില്ല; അവർ ഒരു പ്രവാചകനെ അല്ലാതെ മറ്റൊന്നിനെയും ഒരിക്കലും സ്വികരിക്കില്ല. അതു ശരിക്കും സത്യമാകുന്നു. എന്തുകൊണ്ടെന്നാൽ, ഒരു പ്രവാചകന് മാത്രമെ ദിവ്യ വചനം എടുത്ത്, അതിന്റേതായ സ്ഥാനത്ത് ഇട്ട് അത് നൽകുന്നതിനും, അങ്ങനെ ഒരു ന്യായികരിക്കപ്പെട്ട പ്രവാചകൻ ആയിരിക്കുന്നതിനും കഴിയൂ. അവർ അതു വിശ്വസിക്കും. അത് ശരിയാണ്.

97 ജീവിതകാലം മുഴുവൻ അന്ധനായിരുന്ന ജോൺ റെയ്നിനു, കാഴ്ചകിട്ടി അല്പ നാൾ കഴിഞ്ഞ്, ഇവിടെ ബെന്റോൻ ഹാർബറിൽ വച്ച് ഒരു യഹൂദനുമായി ഞാൻ സംസാരിച്ചു. അവർ എന്നെ അവിടത്തെ ദാവീദിന്റെ ഭവനത്തിലേയ്ക്ക് കൂട്ടിക്കൊണ്ട് പോയി. അപ്പോൾ നീണ്ട താടിയോടു കൂടിയ ഈ റബ്ബി പുറത്ത് വന്നു. അദ്ദേഹം ചോദിച്ചു, "നിങ്ങൾ ജോൺ റെയ്നിനു കാഴ്ച നൽകിയത് എന്തു അധികാരത്തിലാണ്?"

ഞാൻ പറഞ്ഞു, "ദൈവ പുത്രനായ, യേശുക്രിസ്തുവിന്റെ നാമത്തിൽ."

98 അദ്ദേഹം പറഞ്ഞു, "ദൈവത്തിന് ഒരു പുത്രനുണ്ടന്നോ അതിൽ നിന്നും ദൂരമായിരിക്കു." കാണുന്നോ? എന്നിട്ട് പറഞ്ഞു, "നിങ്ങൾക്ക് ദൈവത്തെ മൂന്ന് കഷ്ണങ്ങളാക്കി അവനെ ഒരു യഹൂദന് കൊടുക്കാൻ കഴിയില്ല. അവനിൽ നിന്നും മൂന്ന് ദൈവത്തെ ഉണ്ടാക്കുന്നു; നിങ്ങൾ ഒരു കൂട്ടം വിഗ്രഹാരാധികളാണ്!"

99 ഞാൻ പറഞ്ഞു, "ഞാൻ അവനെ മൂന്നു കഷ്ണമാക്കി മുറിച്ചിട്ടില്ല." ഞാൻ പറഞ്ഞു, "റബ്ബി, നിങ്ങളുടെ പ്രവാചകന്മാരിൽ ഒരുവൻ തെറ്റായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ അത് വിചിത്രമായിരിക്കുന്നു!"

അദ്ദേഹം പറഞ്ഞു, "ഞങ്ങളുടെ പ്രവാചകന്മാർ തെറ്റായിട്ട് ഒന്നും പറയുകയില്ല."

ഞാൻ ചോദിച്ചു, “യെശയ്യാവു 9:6-ൽ പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ചാണ്?”

അദ്ദേഹം പറഞ്ഞു, “മശീഹായെ.”

100 ഞാൻ പറഞ്ഞു, “എങ്കിൽ, മശീഹാ ഒരു മനുഷ്യ പ്രവാചകനായിരിക്കും. അത് ശരിയല്ലേ?”

അദ്ദേഹം പറഞ്ഞു, “അതെ ശ്രീമാൻ, അത് ശരിയാണ്.”

101 ഞാൻ പറഞ്ഞു. “യേശു എവിടെയാണ് അതു വിട്ടുകളഞ്ഞെന്നു എന്നെ കാണിക്കു.” അദ്ദേഹം പറഞ്ഞു...ഞാൻ ചോദിച്ചു, “മശീഹാ പ്രവാചകന് ദൈവവുമായിട്ട് എന്തു ബന്ധമായിരിക്കും ഉള്ളത്?”

അദ്ദേഹം പറഞ്ഞു, “അവൻ ദൈവമായിരിക്കും.”

ഞാൻ പറഞ്ഞു, “അത് ശരിയാണ്. ഇപ്പോൾ നിങ്ങളെ വചനത്തിന്മേൽ കിട്ടിയിരിക്കുന്നു.”

102 അതുകൊണ്ട് എന്നെ സഹായിക്കു, ആ യഹൂദൻ അവിടെ നിൽക്കുമ്പോൾ അവന്റെ കവിളുകളിൽ കൂടെ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു, പറഞ്ഞു, “ഞാൻ പിന്നീടൊരിക്കൽ നിങ്ങളെ കേൾക്കുന്നതാണ്.”

ഞാൻ ചോദിച്ചു. “റബ്ബീ, നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ?”

103 അദ്ദേഹം പറഞ്ഞു “നോക്കു”, അദ്ദേഹം പറഞ്ഞു, “ദൈവത്തിന് ഈ കല്ലുകളിൽ നിന്ന് അബ്രഹാമിന് മക്കളെ ഉളവാക്കാൻ കഴിയും”. അവൻ പുതിയ നിയമത്തിൽ ഉണ്ടായിരുന്നു എന്നു എനിക്കറിയാം.

ഞാൻ ചോദിച്ചു, “ശരി, റബ്ബീ! ഇപ്പോൾ അതെപ്പറ്റി എന്തുപറയുന്നു?”

104 അദ്ദേഹം പറഞ്ഞു, “ഞാൻ അതു പ്രസംഗിച്ചാൽ, ഞാൻ അവിടെ താഴെ ആയിരിക്കും,” അവിടെയുള്ള കുന്നിൽ അങ്ങനെയുള്ളവർ ഇരിക്കുന്ന സ്ഥലം എവിടെയാണെന്നു നിങ്ങൾക്കും അറിയാമല്ലോ, “അവിടെ താഴെ തെരുവിൽ എനിക്ക് എന്റെ അപ്പത്തിനുവേണ്ടി ഭിക്ഷ യാചിക്കേണ്ടിവരും.”

105 ഞാൻ പറഞ്ഞു, “ഇതിനെക്കാൾ നല്ലത് ഞാൻ എന്റെ അപ്പത്തിനായി അവിടെ പോയി ഭിക്ഷ യാചിക്കും.” യഹൂദൻ ഇപ്പോഴും അവന്റെ കൈ പണത്തിൽ തന്നെ ഇട്ടിരിക്കുന്നു, എന്ന് നിങ്ങൾക്കും അറിയാം. കാണുന്നോ? കാണുന്നോ? “ഇതിനെക്കാളും നല്ലത്...” അവന്റെ പേർ സ്വർണ്ണം കൊണ്ടു, അതിന്മേൽ...ഞാൻ പറഞ്ഞു, “ഇവിടെ എന്റെ പേർ ആ കെട്ടിടത്തിൽ സ്വർണ്ണലിപികളിൽ എഴുതപ്പെട്ടിട്ടും ദൈവത്തിൽ നിന്ന് അകന്ന് ജീവിക്കുന്നു, എന്ന്

അറിയുന്നതിനെക്കാളും നല്ലതു; ഞാൻ അവിടെ താഴെച്ചെന്ന്, ഉപ്പ് ബിസ്കറ്റും കഴിച്ച്, തോട്ടിലെ വെള്ളവും കുടിച്ചിട്ട്, ദൈവവുമായിട്ട് ഐക്യത്തിലും സത്യത്തിലും ആയിരിക്കുന്നതായിരിക്കും. ഞാൻ അതറിയുന്നു." പിന്നെയും എന്നെ കേൾക്കാൻ നിൽക്കാതെ അദ്ദേഹം അകത്തേക്കു പോയി.

106 എന്നാൽ അതാണ് അത്. ദൈവത്തെ രണ്ടോ മൂന്നോ കഷ്ണങ്ങളായി മുറിച്ച്, "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്," എന്ന് മൂന്ന് ദൈവങ്ങളാക്കി നിങ്ങൾക്ക് ഒരു യഹൂദനു കൊടുക്കാൻ കഴിയില്ല. അവന്റെ ഒന്നാമത്തെ കല്പന തന്നെ, "എന്റെ മുന്നിൽ അന്യ ദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു." യേശു എന്താണ് പറഞ്ഞത്? യേശു പറഞ്ഞു, "'ഓ, യിസ്രായേലേ കേൾക്ക, ഞാൻ നിന്റെ ദൈവമായ കർത്താവാകുന്നു, ഒരു ദൈവം.'" മൂന്നല്ല; നിങ്ങൾക്ക് അത് ഒരിക്കലും അവർക്ക് കൊടുക്കാൻ പറ്റില്ല. ഇല്ല. മൂന്ന് ദൈവങ്ങളെക്കുറിച്ച് ഒരു പ്രവാചകനും ഒരിക്കലും പറഞ്ഞിട്ടില്ല. ഇല്ല. ഒരിടത്തുമില്ല. നിങ്ങൾ ഒരിക്കലും അതെപ്പറ്റി കേൾക്കില്ല. ഇല്ല, ശ്രീമാൻ. അത് വിഗ്രഹാരാധനയും വിഗ്രഹാരാധനക്കാരിൽ നിന്നുമാണ് കടന്നു വന്നിരിക്കുന്നത്. അതെ, ശ്രീമാൻ.

107 ശ്രദ്ധിക്കൂ. എന്നാൽ ഈ പ്രവാചകന്മാർ വരും. അതു മാത്രമല്ല... ആ—ആ പ്രവാചകന്മാർ, ഇപ്പോൾ, വെളിപ്പാട് 11. അതിൽ കുറച്ചു നാം വായിച്ചിരുന്നു. ടേപ്പുകളിലും മറ്റും ആയിരിക്കുന്നവർ നിങ്ങൾ ഇതു പഠിച്ചു കൊണ്ടിരിക്കുമ്പോൾ അത് വായിക്കാനും കൂടെ ഞാൻ ആഗ്രഹിക്കുന്നു. പ്രവാചകന്മാരുടെ അടയാളങ്ങളാൽ, അവർ ശരിക്കും ന്യായീകരിക്കപ്പെട്ട പ്രവാചകന്മാരായിരിക്കും. എങ്കിലേ യിസ്രായേൽ അവരെ കേൾക്കുകയുള്ളൂ.

108 ഇപ്പോൾ, യഹോവ സാക്ഷികളായ എന്റെ സ്നേഹിതരോടാണ്, ഈ നൂറ്റി നാല്പത്തിനാലായിരത്തിനു, മണവാട്ടികളുമായി ഒന്നും ചെയ്യാനില്ലെന്നുള്ള കാര്യം ഇപ്പോൾ മനസ്സിലാക്കിയിരിക്കുക. അതിനെ പിന്താങ്ങാനായി തിരുവെഴുത്തിൽ ഒരംശം പോലും ഇല്ല. ഇല്ല, ശ്രീമാൻ. അവർ അല്ല. അവർ യഹൂദന്മാരാകുന്നു. ദാനീയേലിന്റെ എഴുപതു ആഴ്ചവട്ടങ്ങളുടെ അവസാന മൂന്നര വർഷകാലത്ത് വിളിച്ചു പുറത്താക്കപ്പെടുന്നവരാകുന്നു. ഇപ്പോൾ അത്...

109 ഞാൻ—ഞാൻ അത് തുടർച്ചയായി ഉദ്ധരിച്ചിരുന്നു. അത് കൂടുതലായും ഇവിടെയുള്ള നിങ്ങൾക്ക് വേണ്ടിയല്ല, എന്നാൽ, നോക്കൂ, ജനങ്ങൾ, നിങ്ങൾ നോക്കൂ, ഈ ടേപ്പുകൾ എല്ലായിടത്തേക്കും പോകുന്നു. നിങ്ങൾക്ക് അത് മനസ്സിലായി. നിങ്ങൾ എന്നെ അത്

വീണ്ടും ഉദ്ധരിച്ച് പറയുന്നത് കേട്ടിരിക്കും ഇത് ആ ഉദ്ദേശത്തിന് വേണ്ടിയാണ്.

110 ശ്രദ്ധിക്കൂ. ഇപ്പോൾ അവർ എങ്ങനെയാണ്, അന്ധരാക്കപ്പെട്ട്, നിങ്ങൾ അതു കാണുന്നോ എങ്ങനെയാണ് അവർ...യേശു, അതല്ല, യേശുവിനെ തിരിച്ചറിയാതെ യഹൂദരെ ദൂരെയാക്കേണ്ടതിനു, ദൈവത്തിനു അവരെ അന്ധരാക്കേണ്ടിയിരുന്നു. അവർ അറിഞ്ഞിരുന്നെങ്കിൽ, അവർ അത് മാത്രം അറിഞ്ഞിരുന്നെങ്കിൽ... അതായത്, അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ട്, അവർ അവരുടെ ശരിയായ നിലയിൽ ആയിരുന്നെങ്കിൽ, അതു ഇപ്രകാരം ന്യായപ്രമാണത്തിനടിയിൽ ദൈവം അവർക്ക് ഒരു പ്രവാചകനെ കുറിച്ച്, കല്പിച്ചിട്ടുള്ള കാര്യങ്ങൾ യേശു ചെയ്യുന്നതു കണ്ടിട്ട് തിരിച്ചറിയാൻ ഇടയായിരുന്നെങ്കിൽ "ഇതാകുന്നു മശീഹാ" എന്ന് അവർ പറയുമായിരുന്നു. എന്തുകൊണ്ടായിരുന്നു അത്?

111 ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നവർ, കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേര് എഴുതപ്പെട്ടിരുന്നവർ, അവന്റെ അപ്പോസ്തലന്മാരും മറ്റും, അവർ അതു കാണുകയും തിരിച്ചറിയുകയും ചെയ്തു.

112 എന്തുകൊണ്ട് ബാക്കിയുള്ളവർക്ക് കഴിഞ്ഞില്ല? നോക്കൂ, അവർ അന്ധരാക്കപ്പെട്ടിരുന്നു. ഇതുവരെയും, അവർക്ക് അത് കാണാൻ കഴിഞ്ഞിട്ടുമില്ല. ഒരുവട്ടം, അവൾ ഒരു രാജ്യമായി ജനിക്കുവോളം അവർ അതു കാണുകയില്ല. അത്...

113 വചനത്തിന് പരാജയപ്പെടാൻ കഴിയില്ല. ഓർക്കുക, വചനത്തിന് തോല്വിയടയാൻ കഴിയില്ല. നിങ്ങൾക്ക് എത്രമാത്രം ഉത്തേജനമുണ്ടായാലും, മറ്റെന്തെല്ലാം സംഭവിച്ചാലും കാര്യമാക്കരുത്, ആ വചനത്തിന് അപ്പോഴും പരാജയപ്പെടാൻ കഴിയില്ല. അത് ആയിരിക്കുമെന്ന് ദൈവം പറഞ്ഞിരുന്ന വിധത്തിൽ തന്നെ, കൃത്യമായും സംഭവിയ്ക്കാൻ പോകുകയായിരുന്നു. മനസ്സിലായല്ലോ? ഇപ്പോൾ, ഈ കാര്യങ്ങൾ സംഭവിക്കേണ്ടത് ആവിശ്യമാണെന്ന് നാം തിരിച്ചറിയുന്നു.

114 ആ കാരണത്താലാണ് അവൻ ഒരു പ്രവാചകനായി അവനെ സ്വയം സമ്പൂർണ്ണമായി വെളിപ്പെടുത്തിയിട്ടും അവർക്ക് യേശുവിനെ തിരിച്ചറിയാൻ കഴിയാതെ പോയത്.

115 കിണറ്റിങ്കരയിൽ നിന്നിരുന്ന ശമര്യകാരി ചെറിയ— ചെറിയ സ്ത്രീയുടെ കാര്യത്തിലും ആയിരുന്നു. അവൻ അതുവരെ ഒരിക്കലും ശമര്യയിൽ പോയിരുന്നില്ല; അവന് അതുവഴി

പോകേണ്ടത് ആവശ്യമാണെന്ന് പറയുകയും, അതുവഴി കടന്നു പോകുകയുമായിരുന്നു, അവൻ അവിടെയ്ക്കു പോയി. അവിടെ ആ സ്ത്രീ നില്പുണ്ടായിരുന്നു. അവൾ, അവളുടെ ആ അവസ്ഥയിലും, ആ കാലത്തുണ്ടായിരുന്ന പുരോഹിതന്മാരെയും, മറ്റുള്ളവരെക്കാളും സുവിശേഷം സ്വീകരിക്കാൻ നന്നായി മെച്ചപ്പെട്ട ഒരവസ്ഥയിൽ ആയിരുന്നു. അവൾ അതു സ്വീകരിച്ചു. തീർച്ചയായും. ഇപ്പോൾ മനസ്സിലായോ?

116 എന്നാൽ, അവരുടെയെല്ലാം തള്ളിക്കളയലിന്റെ മുമ്പിലും, അവരുടെ തന്നെ ഇടയിലുണ്ടായിരുന്ന ഏറ്റവും കുലീനനായ ഒരു മനുഷ്യൻ അത് തിരിച്ചറിഞ്ഞിട്ട്, അവൻ ദൈവത്തിൽ നിന്നും അയക്കപ്പെട്ട ഉപദേഷ്ടാവാണെന്ന് സമ്മതിച്ചു.

117 അധിക നാളുകളായിട്ടില്ല, ദക്ഷിണ സംസ്ഥാനത്തിലുള്ള പ്രശസ്ത ഡോക്ടർമാരിൽ ഒരാളോട് അദ്ദേഹത്തിന്റെ കാര്യാലയത്തിൽവെച്ച് തന്നെ ഞാൻ സംസാരിച്ചിരുന്നു. അദ്ദേഹം ലൂയിസ്വില്ലായിലെ ഒരു നല്ല വിദഗ്ധനായ വ്യക്തിയും ഒരു യാഥാർത്ഥ ഊർജ്ജസ്വലനുമായിരുന്നു. ഞാൻ അദ്ദേഹത്തിനോട് പറഞ്ഞു, ഞാൻ പറഞ്ഞു, "ഡോക്ടർ, ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു."

അദ്ദേഹം പറഞ്ഞു, "ആകാമല്ലോ."

118 ഞാൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ സ്റ്റാഫിന്റെ, മെഡിക്കൽ ചിഹ്നത്തെ ശ്രദ്ധിച്ചിരുന്നു. നിങ്ങൾക്ക് ഒരു സർപ്പം വടിമേൽ ചുറ്റപ്പെട്ടതായിട്ടുണ്ട്. അത് നിലക്കൊള്ളുന്നതാണ് എന്തിനു വേണ്ടിയാണ്?"

അദ്ദേഹം പറഞ്ഞു, "എനിക്ക് അറിയില്ല."

119 ഞാൻ പറഞ്ഞു, "അത് ഇതിന് വേണ്ടിയാണ് നിലകൊള്ളുന്നത്: അത് ദിവ്യ രോഗസൌഖ്യത്തിന്റെ ഒരു പ്രതീകമായിരുന്നു, മോശെ മരുഭൂമിയിൽ വച്ച് താമ്രസർപ്പത്തെ ഉയർത്തി, നോക്കു, അതൊരു അടയാളം മാത്രമായിരുന്നു, യാഥാർത്ഥ ക്രിസ്തുവിനെ ചൂണ്ടികാണിക്കുന്ന ഒരു അടയാളം മാത്രം."

120 ഇപ്പോൾ, ഇന്ന്, മരുന്നു ദൈവീക രോഗശാന്തിയുടെ ഒരു അടയാളമാകുന്നു. അവരിൽ പലരും അത് വിശ്വസിക്കുന്നില്ലെങ്കിലും, യാഥാർത്ഥത്തിൽ നല്ല ഡോക്ടർമാർ അത് വിശ്വസിക്കുന്നു. എന്നാൽ അവരിൽ ചിലർ അത് വിശ്വസിക്കുന്നില്ല. എന്നാൽ അവർ വിശ്വസിക്കാൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും അവർ ഉയർത്തിപ്പിടിച്ചിരിക്കുന്ന ആ അടയാളം സർവ്വശക്തനായ

ദൈവത്തിന്റെ ശക്തിയെ സാക്ഷീകരിക്കുന്നു. കാണുന്നോ? അത് ശരിയാണ്. വൈദ്യ ശാസ്ത്രത്തിന്റെ ചിഹ്നത്തിൽ, ഒരു താമ്രസർപ്പം ഒരു വടിമേൽ അടയാളമായി തൂങ്ങിക്കിടക്കുന്നു.

121 ഇപ്പോൾ ഈ യഹൂദന്മാരെ ശ്രദ്ധിക്കു. ഇപ്പോൾ, ഈ ജനങ്ങളുടെ കണ്ണുകളിൽ അന്ധതയുടെ ചെതുമ്പലുകൾ ആയിരുന്നു. അവർക്ക്, അവർ നിസ്സഹായരായിരുന്നു; അത് ദൈവം അവിടെ അവരുടെ മേൽ ഇട്ടതായിരുന്നു. അത് അവരുടെ കണ്ണിന്മേൽ, അവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ഈ പ്രവാചകന്മാർ വരുവോളം ഉണ്ടായിരിക്കും. നിങ്ങൾക്ക് മിഷ്ണറിമാരെ അയക്കാം, നിങ്ങൾ ആഗ്രഹിക്കുന്നതെന്തും ചെയ്യാം; ഈ പ്രവാചകന്മാർ രംഗത്ത് വരുവോളം യിസ്രായേൽ ഒരിക്കലും മാനസാന്തരപ്പെടുകയില്ല, അത് ജാതീയ സഭ മേഘലങ്ങളിലേയ്ക്ക് എടുത്തു കൊണ്ടതിനു ശേഷമായിരിക്കും.

122 കാളയുടെ കാലത്തിന് സിംഹത്തിന്റെ വിളി കേൾക്കാൻ കഴിയാതിരുന്നതു പോലെയാണ്, കാരണം, ദൈവം തന്റെ വചനത്തിൽ ഒരു കാളയുടെ ആത്മാവ് പുറപ്പെട്ടുപോയി എന്ന് പറഞ്ഞിരുന്നു. മതപരിഷ്കർത്താക്കളുടെ കാലത്ത് ഒരു മനുഷ്യൻ പുറപ്പെട്ടുപോയി. മനസ്സിലായോ? നിങ്ങൾ...

123 ആ ഒരു കാര്യം മാത്രമെ നിങ്ങൾക്ക്...അവർക്ക് സ്വീകരിക്കാൻ കഴിയൂ. അത്...കൂടാതെ, ഇപ്പോൾ അവിടെ അവർ അന്ധരാക്കപ്പെട്ടിരുന്നു. അവരെ സംബന്ധിച്ചിടത്തോളം കാര്യം ഇത് മാത്രമാകുന്നു. ഇപ്പോൾ ശ്രദ്ധിക്കു.

124 ജാതികളുടെ കാലം കഴിയുന്ന ഒരു കാലം വരുന്നുണ്ട്. ഒരു വൃക്ഷമുണ്ട് അതിന്റെ വേരുകൾ യഹൂദന്മാരായിരുന്നു, അതു മുറിച്ചിട്ട്; ജാതികളെ അതിൽ ഒട്ടിച്ചേർക്കുകയും, "ആ കാട്ടു, ഒലിവ് മരം," അതിന്റെ ഫലം പുറപ്പെടുവിച്ചു കൊണ്ടിരിക്കുകയും ആകുന്നു. ഇപ്പോൾ, ജാതീയ മണവാട്ടിയെ, ഞാൻ സംസാരിക്കുന്നതായ മണവാട്ടി വൃക്ഷത്തിൽനിന്ന് മുറിച്ച്, ദൈവ സന്നിധിലേക്ക് എടുത്തു കഴിയുമ്പോൾ; ദൈവം അവിശ്വാസികളായി ജാതികളിൽ (ഉറങ്ങുന്ന കന്യകമാരെ) ഒരു വശത്തേക്ക് തുടച്ച് നീക്കിയിട്ട്, വീണ്ടും അതിൽ ഒട്ടിച്ചുചേർക്കും. അവൻ അത് ചെയ്യുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നു.

125 ആ സമയം വരെയും, നിങ്ങൾ എവിടെയാണ് പോകുന്നതെന്ന് അറിയേണ്ടതിന്...നിങ്ങൾ എവിടേയ്ക്കാണ് പോയ്ക്കൊണ്ടിരിക്കുന്നതു എന്നു നിങ്ങൾക്ക് അറിയാനായാൽ, അത് നല്ലതാണ്. നിങ്ങൾക്ക് അറിയില്ലെങ്കിൽ, നിങ്ങൾ ഇരുട്ടിൽ തപ്പുകയാണ്.

126 ഇപ്പോൾ, ആ കാലഘട്ടത്തിലാണ് യഹൂദന്മാർ, മാനസാന്തരപ്പെടാൻ പോകുന്നത്. ഇപ്പോൾ സഭാകാലഘട്ടത്തെപ്പോലെ, അഭിഷേകം ചെയ്യപ്പെട്ട വാഗ്ദത്തത്തിന്റെ ശക്തിയുടെ കീഴിൽ, അവർ ക്രിസ്തുവിനെ സ്വീകരിക്കും; എന്നാൽ, ഇപ്പോൾ, ജാതികൾ ഇവിടെ ഉള്ളപ്പോഴല്ല. ഇപ്പോൾ നമുക്ക് വെളിപ്പാടിന്റെ 11-ാം അദ്ധ്യായത്തിൽ ഈ രണ്ട് പ്രവാചകന്മാരും, ഏത് തരത്തിലുള്ള സന്ദേശമാണ്, പ്രസംഗിക്കാൻ പോകുന്നതെന്ന് കാണാൻ കഴിയും. അവർ എന്താണ് ചെയ്യാൻ പോകുന്നതെന്നും നിങ്ങൾക്ക് വ്യക്തമായി ഇവിടെ കാണാൻ കഴിയും. എന്തുകൊണ്ടെന്നാൽ, ആ ശേഷിച്ച, അല്ലെങ്കിൽ മുൻനിർണ്ണയിക്കപ്പെട്ട നൂറ്റിനാല്പത്തിനാലായിരം പേരും, ദൈവത്തിന്റെ മുദ്ര സ്വീകരിക്കും.

127 നമുക്ക് അത് വായിക്കാം. ഇപ്പോൾ വളരെ ശ്രദ്ധയോടെ കേൾക്കുക. കഴിയുമെങ്കിൽ, നിങ്ങളും എന്നോടൊപ്പം വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, കാരണം കുറച്ചുനേരത്തിനുള്ളിൽ ഞാൻ ഇത് വീണ്ടും പരാമർശിക്കുന്നതാണ്. 7-ാം അദ്ധ്യായം, ഇപ്പോൾ, ഇത് ആറും ഏഴും മുദ്രകൾക്ക് ഇടയിലാകുന്നു.

*...അതിന്റെ ശേഷം—അതിന്റെ ശേഷം* (ഈ മുദ്രകൾ)...

128 ആറാം മുദ്ര തുറക്കപ്പെട്ടിട്ട്, അത് മഹാകഷ്ടകാലമാകുന്നു. എല്ലാവരും അത് ഇപ്പോൾ മനസ്സിലാക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ആറാം മുദ്ര തുറക്കപ്പെട്ടിട്ട്, മഹാകഷ്ടകാലം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇതുകഴിഞ്ഞ് എന്താണ്?

> *...അതിന്റെശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിന് നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ട് ഭൂമിയുടെ നാലു കോണിലും നില്ക്കുന്നത് ഞാൻ കണ്ടു* (നാലു ദൂതന്മാർ!)
>
> *മറ്റൊരു ദൂതൻ, ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി കിഴക്കു നിന്ന് കയറുന്നതും കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിനും കേടുവരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോട്:*
>
> *നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുതെന്നു ഉറക്കെ* വിളിച്ചു പറഞ്ഞു.

129 മണവാട്ടിയല്ല. "ദാസന്മാർ." പുത്രന്മാരല്ല. "ദാസന്മാർ." യിസ്രായേൽ എല്ലായ്പ്പോഴും അവന്റെ ദാസന്മാരായിരുന്നു. നോക്കൂ, ജനനത്താൽ, സഭ പുത്രന്മാരാകുന്നു. യിസ്രായേൽ അവന്റെ ദാസന്മാരാകുന്നു. നോക്കൂ, ഓരോ സ്ഥാനത്തും, അതു എപ്പോഴുമാകുന്നു. അബ്രഹാം അവന്റെ ദാസനായിരുന്നു. നാം ദാസന്മാരല്ല. നാം മക്കളാകുന്നു, പുത്രന്മാരും പുത്രികളും. അതെ.

*...നമ്മുടെ ദൈവം അവരുടെ* നെറ്റിയിൽ.

130 ഇപ്പോൾ ശ്രദ്ധിക്കുക.

*...നമ്മുടെ ദൈവം അവരുടെ* നെറ്റിയിൽ.

*മുദ്രയേറ്റവരുടെ എണ്ണവും ഞാൻ കേട്ടു:...*

131 ഇപ്പോൾ അവരെപ്പറ്റി വായിക്കാൻ പോകുന്ന ഭാഗം വളരെ ശ്രദ്ധയോടെ നിങ്ങൾ കേട്ടിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു

*...യിസ്രായേൽ മക്കളുടെ സകല ഗോത്രത്തിൽ നിന്നും മുദ്രയേറ്റവർ നൂറ്റിനാല്പത്തിനാലായിരം പേർ.*

132 അവൻ കൃത്യമായി അവരെ പേർ വിളിക്കുന്നു. ഇപ്പോൾ, ഇവിടെ ഇംഗ്ലീഷുകാരനായ യിസ്രായേൽ വിവേചകൻ ഇരിക്കുന്നുണ്ടെങ്കിൽ, ഇത് എങ്ങനെ അതിന്റെ വളവിനെ എടുത്ത് മാറ്റുന്നതെന്ന് നോക്കൂ.

*യഹൂദാ ഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം.* ("ഗോത്രം," എന്ന് വിളിച്ചിരുന്നു.) *രൂബേൻ ഗോത്രത്തിൽ പന്തീരായിരം. ഗാദ് ഗോത്രത്തിൽ പന്തീരായിരം.*

133 ശ്രദ്ധിക്കൂ, ഇപ്പോൾ നിങ്ങളുടെ—നിങ്ങളുടെ ഗോത്രങ്ങളെ ശ്രദ്ധിക്കുക.

*ആശേർ ഗോത്രത്തിൽ പന്തീരായിരം. നഫ്താലി ഗോത്രത്തിൽ പന്തീരായിരം. മനശ്ശെ ഗോത്രത്തിൽ പന്തീരായിരം.*

*ശിമെയോൻ ഗോത്രത്തിൽ പന്തീരായിരം. ലേവി ഗോത്രത്തിൽ പന്തീരായിരം. യിസ്സാഖാർ ഗോത്രത്തിൽ പന്തീരായിരം* (യിസ്സാച്ചാർ എന്നു നിങ്ങൾ അതിനെ ഉച്ചരിക്കുന്നു എന്ന് ഞാൻ ഊഹിക്കുന്നു.)*...പന്തീരായിരം.*

*...സെബൂലോൻ ഗോത്രത്തിൽ പന്തീരായിരം. യോസേഫ് ഗോത്രത്തിൽ പന്തീരായിരം. ബെന്യാമീൻ ഗോത്രത്തിൽ മുദ്രയേറ്റവർ പന്തീരായിരം.*

134 ഇപ്പോൾ, അവിടെ പന്ത്രണ്ട് ഗോത്രങ്ങളുണ്ട്, ഒരു ഗോത്രത്തിൽ നിന്നും പന്തീരായിരം. പന്ത്രണ്ടിനെ പന്ത്രണ്ടു കൊണ്ടു

ഗുണിച്ചാൽ എത്ര കിട്ടും? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "നൂറ്റിനാല്പത്തിനാലായിരം."—Ed.] നൂറ്റിനാല്പത്തിനാലായിരം. ഇപ്പോൾ ശ്രദ്ധിക്കു. അവർ എല്ലാവരും യിസ്രായേൽ ഗോത്രത്തിൽ പെട്ടവരാകുന്നു.

135 ഇപ്പോൾ ശ്രദ്ധിക്കു, "ഇതിനുശേഷം..." ഇപ്പോൾ ഇവിടെ ഇതാ മറ്റൊരു കൂട്ടർ വരുന്നു. ഇപ്പോൾ മണവാട്ടി പോയ്ക്കഴിഞ്ഞിരിക്കുന്നു, നമുക്ക് അതറിയാം. എന്നാൽ ഈ കൂട്ടർ കടന്നു വരുന്നതു ശ്രദ്ധിക്കുക.

> *ഇതിന്റെശേഷം, സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും* ഭാഷകളിലും *നിന്നുള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ള നിലയങ്കി ധരിച്ചു* കയ്യിൽ *കുരുത്തോലയുമായി*; *സിംഹാസനത്തിനും കുഞ്ഞാടിനും മുമ്പാകെ നിൽക്കുന്നത് ഞാൻ കണ്ടു.*
>
> *രക്ഷ എന്നുള്ളത് സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു.*
>
> *നമ്മുടെ ദൈവത്തിന് എന്നെന്നേക്കും, സ്തുതിയും... മഹത്വവും...ജ്ഞാനവും...സ്തോത്രവും...ബഹുമാനവും... ശക്തിയും...ബലവും,...* ആമേൻ *എന്ന്* പറഞ്ഞു *ദൈവത്തെ നമസ്കരിച്ചു.*
>
> *മൂപ്പന്മാരിൽ ഒരുവൻ എന്നോട്...*

136 ഇപ്പോൾ, അവൻ ഇവിടെ മൂപ്പന്മാരുടെ മുമ്പിലായിരിക്കുന്നു. നാം അവനെ എല്ലാം മുദ്രകളിൽ കൂടെയും കണ്ടിരുന്നു.

> *മൂപ്പന്മാരിൽ ഒരുവൻ, എന്നോട്...ഇവർ ആർ...*

137 ഇപ്പോൾ, യോഹന്നാൻ, ഒരു യഹൂദനായിരിക്കെ, തന്റെ സ്വന്ത ജനങ്ങളെ തിരിച്ചറിഞ്ഞിരുന്നു. അവൻ അവരെ ഗോത്ര മുറ അനുസരിച്ച് കണ്ടിരുന്നു. അത് ശരിയല്ലേ? അവൻ ഓരോ ഗോത്രത്തെയും തിരിച്ചറിയുകയും, പേർ പറയുകയും ചെയ്തിരുന്നു.

138 എന്നാൽ ഇപ്പോൾ, അവൻ അവരെ കണ്ടപ്പോൾ, അവൻ ഒരു തരത്തിൽ സംഭ്രമിച്ചു പോയി. മൂപ്പന് അതു അറിയാമായിരുന്നു, അതുകൊണ്ടു അവൻ ചോദിച്ചു:

> *വെള്ള നിലയങ്കി ധരിച്ചിരിക്കുന്ന* ഇവർ *ആർ? അവർ എവിടെ നിന്നു വന്നു?*

139 യോഹന്നാൻ, ഇപ്പോൾ ഉത്തരം പറയുകയാണ്.

*യജമാനൻ, അറിയുമല്ലോ എന്ന് ഞാൻ അവനോടു പറഞ്ഞു.*

140 യോഹന്നാന് അവരെ അറിയില്ലായിരുന്നു. നോക്കൂ; സകല ജാതികളിലും, ഭാഷകളിലും, ദേശങ്ങളിലും ഉള്ളവർ.

*അവൻ എന്നോട് പറഞ്ഞത്, ഇവർ...*

*...അവൻ എന്നോടു പറഞ്ഞു, ഇവർ മഹാകഷ്ടത്തിൽ നിന്ന് വന്നവർ* (മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അത് മഹാ കഷ്ടകാലമാകുന്നു,) *കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കികൾ അലക്കി വെളുപ്പിച്ചിരിക്കുന്നു.*

അതുകൊണ്ട് അവർ *ദൈവത്തിന്റെ സിംഹാസനത്തിൻ മുമ്പിൽ ഇരുന്നു, അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു. സിംഹാസനത്തിൽ ഇരിക്കുന്നവൻ അവർക്കു കൂടാരം ആയിരിക്കും.*

*ഇനി* അവർക്ക് *വിശക്കയില്ല* അവർക്കു *ദാഹിക്കയും ഇല്ല; വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല.*

*സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാട് അവരെ മേച്ച ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും, ദൈവം താൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയുകയും ചെയ്യും.*

141 ഇപ്പോൾ നമുക്ക് തുറക്കാം...മുദ്രയിലേയ്ക്ക് കടക്കാം.

അവരെ, നിങ്ങൾ ശ്രദ്ധിച്ചോ...ആദ്യം, ഇപ്പോൾ നാം തുടങ്ങുകയാണ്, യിസ്രായേൽ.

142 അതുകഴിയുമ്പോൾ നാം ശുദ്ധീകരിക്കപ്പെട്ട സഭയെ കാണുന്നു, മണവാട്ടിയെ അല്ല; മഹാകഷ്ടത്തിലൂടെ കടന്നു ശുദ്ധീകരിക്കപ്പെട്ട സഭയെ. നോക്കൂ, നോക്കൂ, ഹൃദയത്തിൽ യഥാർത്ഥ ആത്മാവോടുകൂടി ഒരു വലിയ പുരുഷാരം മഹാകഷ്ടത്തിലൂടെ കടന്നു വരുന്നു. ആ സഭയല്ല; മണവാട്ടി, അതു പോയ്ക്കഴിഞ്ഞിരിക്കുന്നു. അവിടെ അത് സഭയാകുന്നു.

143 ഇപ്പോൾ, കുറച്ച് സമയം കഴിഞ്ഞാലുടൻ തന്നെ, ന്യായസിംഹാസനം ഒരുക്കപ്പെടുമെന്നും, അവർ എങ്ങനെ... ഓരോരുത്തരും ന്യായവിധിക്കായി നില്ക്കുമെന്നും യേശു പറഞ്ഞിട്ടുള്ളതും നാം കാണും.

144 ഇപ്പോൾ, ഈ ജനങ്ങളെ, ഈ യഹൂദന്മാരെ, ജീവനുള്ള ദൈവത്തിന്റെ മുദ്രയാൽ മുദ്രയിട്ടിരുന്നു എന്നു നാം കാണുന്നു (അത് ശരിയല്ലേ?) ജീവനുള്ള ദൈവത്തിന്റെ മുദ്ര എന്താണ്?

145 ഇപ്പോൾ, ആരുടെയെങ്കിലും വികാരത്തെ വ്രണപ്പെടുത്തുന്നതിനു, പേരെടുത്തു പറയുന്നതല്ല. നോക്കു, ഞാൻ പറയുന്നു എന്നു മാത്രം. പണ്ഡിതന്മാരായ പല എഴുത്തുകാരും ഈ വിഷയത്തെ വായിച്ചിട്ട്; രക്തത്താൽ കഴുകപ്പെട്ട ഈ വലിയ പുരുഷാരം യഥാർത്ഥ മണവാട്ടിയെന്നു പറഞ്ഞു, അവർ അവകാശപ്പെടുന്നു എന്നു നിങ്ങൾക്ക് അറിയാമോ?

146 അനേക വേദപണ്ഡിതന്മാർ നൂറ്റിനാല്പത്തിനാലായിരം പേരാണ് മണവാട്ടി എന്നു അവകാശപ്പെടുന്നു ൺന്നു നിങ്ങൾക്ക് അറിയാമോ? എന്തോ ഒരു...അവിടെ ശരിയായി എന്തോ ഒന്ന് കൂട്ടിയോജിപ്പിക്കേണ്ടതായിട്ടുണ്ട്, ഇവിടെ...തെറ്റായിട്ട് എന്തോ ഉണ്ടായിരിക്കുന്നു, കാരണം അവിടെ ഇപ്പോൾ എന്തോ തെറ്റായിരിക്കുന്നു.

147 ശ്രദ്ധിക്കു, നമ്മുടെ അഡ്വിന്റിസ്റ്റുകാരായ സഹോദരന്മാർ പറയുന്നത്, അത്, "ദൈവത്തിന്റെ മുദ്ര ശബ്ബത്ത് ദിവസം ആചരിക്കുന്നതാകുന്നു എന്നാണ്." നിങ്ങൾക്ക് അതറിയാം. എന്നാൽ ശബ്ബത്ത്, അല്ലെങ്കിൽ ശബ്ബത്ത് ദിവസം ആചരിക്കുന്നതാണ് ദൈവത്തിന്റെ മുദ്രയെന്ന് കാണിക്കുന്ന ഒരംശം ദൈവത്തിന്റെ വചനത്തിൽ കാണിച്ചു തരാൻ ഞാൻ ആവശ്യപ്പെടുന്നു. കാണുന്നോ? ഇത് ആരോ ഉണ്ടാക്കിയ ഒരു ആശയമാകുന്നു.

148 എന്നാൽ നിങ്ങൾ എഫെസ്യർ 4:30 വായിച്ചാൽ, അതു പറയുന്നത്, "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അതിനാലല്ലോ നിങ്ങൾ...നിങ്ങളെ വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത്." അതെ, സർ, മദ്ധ്യസ്ഥയുടെ ജോലി തീർന്നിട്ട്, നിങ്ങൾ കടന്നു വരുന്നു, ക്രിസ്തു; തന്റെ സ്വന്തമാതിനെ വീണ്ടെടുക്കാനായി വരുന്നു. നിങ്ങൾ മുദ്രയിടപ്പെട്ടു കഴിഞ്ഞിരിക്കുന്നു; അടുത്ത ഉണർവ്വ് വരെയല്ല. നിങ്ങൾ ഒരിക്കൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടു കഴിയുമ്പോൾ, അതൊരു പൂർത്തിയായ പ്രവൃത്തിയാണ്, അതായത് ദൈവം നിങ്ങളെ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു, അതിൽ നിന്നും അകന്നു പോകുന്ന കാര്യമേ ഇല്ല.

149 നിങ്ങൾ പറയും, "എനിക്ക് അതുണ്ടായിരുന്നിട്ടു, ഞാൻ അകന്നു പോയി." ഇല്ല, നിങ്ങൾക്ക്—നിങ്ങൾക്ക് അതു കിട്ടിയിട്ടില്ല.

150 അത് വീണ്ടെടുപ്പ് നാൾവരെ പോകും എന്ന് ദൈവം പറഞ്ഞിരിക്കുന്നു. ഇപ്പോൾ, ഊഹ്-ഹാ, നിങ്ങൾ അവനോട് വെറുതെ തർക്കിക്കും, അത് എന്താണ് അർത്ഥമാക്കുന്നതെന്ന് കാണുക. “വീണ്ടെടുപ്പിൻ നാൾ വരെയാകുന്നു.”

151 ശ്രദ്ധിക്കു. അവിടെ ആയിരുന്നതുപോലെ...തിരഞ്ഞെടുപ്പ് പ്രകാരം അവർ ശേഷിച്ചവരായിരുന്നു, ഈ യഹൂദന്മാർ തിരഞ്ഞെടുപ്പിൻ പ്രകാരം ഇപ്പോൾ ശേഷിച്ചവരാകുന്നു. യഹൂദന്മാർക്കായുള്ള ഏലീയാവിന്റെ ആദ്യത്തെ ശുശ്രൂഷയുടെ കാലത്ത്, അവിടെ ഏഴായിരം വിശ്വാസികളെ ദൈവത്തിന്റെ കരങ്ങളാൽ സൂക്ഷിച്ചിരുന്നു, ഇപ്പോൾ ഈ ശേഷിപ്പിന്റെ കാലത്തിൽ, അവരുടെ സമയം വരുമ്പോഴും, അവിടെ തിരഞ്ഞെടുപ്പിൻ പ്രകാരം നൂറ്റിനാല്പത്തിനാലായിരം പേരെ ശേഷിപ്പിച്ചിരിക്കുന്നു. അതായത്, ആ സമയത്തിന്റെ സന്ദേശം വരുമ്പോൾ, ആ സന്ദേശം വിശ്വസിക്കാനായി, നൂറ്റിനാല്പത്തിനാലായിരം പേർ ഉണ്ടായിരിക്കും.

152 ഇപ്പോൾ നിങ്ങൾ പറയും, “ഓ, ബ്രദർ, ഒരു നിമിഷം, ഈ ‘തിരഞ്ഞെടുപ്പ്’ എന്ന കാര്യത്തെപ്പറ്റി എനിക്കറിയില്ല. അതെ, ഞാൻ ഒരിക്കലും അവിടെ അത് വായിച്ചിട്ടില്ല.”

153 ശരി. ഇപ്പോൾ ഇത് ശരിയോ തെറ്റോ എന്ന് നമുക്ക് നോക്കാം. നമുക്ക് മത്തായിയിലേക്ക് തിരിച്ചു പോയി, അവിടെ ഇതിനെ സംബന്ധിക്കുന്ന എന്തെങ്കിലും എവിടെയെങ്കിലും കിട്ടുമോ എന്ന് നമുക്ക് നോക്കാം. ഞാൻ ശരി തന്നെ എന്നാണ് വിശ്വസിക്കുന്നത്. ഞാൻ ഇവിടെ കുറിച്ചുകൊണ്ടു വന്നിരുന്നില്ല, അത് എന്റെ മനസ്സിലേയ്ക്ക് ഇപ്പോൾ കടന്ന് വന്നതാണ്. നമുക്ക് അതിന്റെ അവസാനത്തെ 30-ാം വാക്യം നോക്കാം; അവിടെ നാം കഴിഞ്ഞ രാത്രിയിൽ, ആറാം മുദ്രയുടെ അവസാനം 30-ാം വാക്യത്തിൽ പോയിരുന്നു. ഇപ്പോൾ നാം അത് വായിച്ചിട്ട് 31-ാം വാക്യം നമ്മെ എവിടെ എത്തിക്കുന്നു എന്ന് നോക്കാം. മനസ്സിലായോ? “മനുഷ്യ പുത്രൻ തേജസ്സോടെ വരുന്നത് അവർ കാണും.” ഇപ്പോൾ 31-ാം വാക്യം.

> *അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോട് കൂടെ അയയ്ക്കും അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതി വരെയും നാലു ദിക്കിൽ നിന്നും കൂട്ടിചേർക്കും.*

154 അവന്റെ “വൃതന്മാർ” കൂട്ടിച്ചേർക്കപ്പെടും. എന്താകുന്നു ഇത്? മഹാ കഷ്ടകാലത്തിന്റെ സമയം. ദൈവം തന്റെ വൃതന്മാരെ, വിളിക്കും, അത് ആ സമയത്തെ വൃതന്മാരായ യഹൂദന്മാരാകുന്നു. തിരുവെഴുത്ത്

അതിനെക്കുറിച്ച് പറയുന്നു. പൗലൊസ് അതിനെക്കുറിച്ച് പറയുന്നു. “തിരഞ്ഞെടുപ്പിൻ പ്രകാരം.” അവിടെ തിരഞ്ഞെടുപ്പിൻ പ്രകാരമായി, അപ്പോൾ നൂറ്റിനാല്പത്തിനാലായിരം പേർ, അക്ഷരാർത്ഥത്തിൽ അവിടെയുള്ള ലക്ഷക്കണക്കിന് ജനങ്ങളിൽ നിന്നും ആ സന്ദേശം വിശ്വസിക്കും.

155 ഏലീയാവിന്റെ പ്രവചന കാലത്ത് പാലസ്തീനിൽ ദശലക്ഷക്കണക്കിന് യഹൂദന്മാർ ഉണ്ടായിരിക്കയും, ദശലക്ഷങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ടവർ ഏഴായിരം മാത്രവും ആയിരുന്നു.

156 ഇപ്പോൾ, “തിരഞ്ഞെടുപ്പിൻ പ്രകാരം.” അവിടെ, ദശലക്ഷക്കണക്കിന് യഹൂദന്മാരാണ് അവരുടെ സ്വന്ത ദേശത്തു ഒരുമിച്ചുകൂടി വന്നു കൊണ്ടിരിക്കുന്നത്. അതൊരു രാജ്യമായി തീരുകയാണ്. അവിടെ ദശലക്ഷക്കണക്കിന് ജനങ്ങൾ ഉണ്ടായിരിക്കും. എന്നാൽ നൂറ്റിനാല്പത്തിനാലായിരം “വൃതന്മാർ” മാത്രം എടുക്കപ്പെടും. അവർ ആ സന്ദേശം കേൾക്കും.

157 അതേ കാര്യം തന്നെ അന്യജാതി സഭയിലും ആകുന്നു. ഒരു മണവാട്ടി ഉണ്ട്, അവൾ തിരഞ്ഞടുക്കപ്പെട്ടവളാണ്. “തിരഞ്ഞെടുപ്പിൻ പ്രകാരം അവൻ വിളിക്കുന്നതാണ്.” ശ്രദ്ധിക്കു, ഇവയെല്ലാം, സമ്പൂർണ്ണമായും, സഭയുടെ മാതൃകകളായി, തിരഞ്ഞെടുക്കപ്പെട്ട വിശ്വാസികളാകുന്നു.

158 മറ്റുള്ളവർ വിശ്വസിക്കില്ല. നിങ്ങൾക്ക് അത് പറയാനാകും. നിങ്ങൾ ഒരു മനുഷ്യനോട് ഒരു സത്യം പറഞ്ഞിട്ട്, പിന്നെ തിരുവെഴുത്താൽ അത് തെളിയിച്ച്, അത് സമർത്ഥിച്ചു കാണിച്ചാലും; അവൻ പറയും, “ഞാൻ അത് വിശ്വസിക്കുന്നില്ല.” നിങ്ങൾക്കു പിന്നെയും...

159 അതുമായിട്ട് ഇനിയും മൂഢത്തരം കാണിക്കരുത്. അങ്ങനെ ചെയ്യരുതെന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ട്. പറഞ്ഞു, “അത് നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുന്നിൽ എറിയുന്നതുപോലെയാണ്.” മനസ്സിലായോ? പറഞ്ഞു, “അവരെ ഒറ്റയ്ക്കു വിട്ടേക്ക. അവർ തിരിഞ്ഞ് നിങ്ങളെ ചീന്തിക്കളയുകയും, കാൽകൊണ്ട് ചവിട്ടുക്കളയുകയും ചെയ്യും. അവർ നിങ്ങളെ പരിഹസിക്കും. അവരെ വിട്ടകന്ന് ദൂരെമാറിക്കൊൾവിൻ. ‘കുരുടൻ കുരുടനെ വഴികാട്ടിയാൽ...’”

160 അധിക നാളുകളായില്ല, ഞാൻ ഒരു വ്യക്തിയുടെ അടുക്കൽ പോയിരുന്നു; അയാൾ എന്റെ അടുക്കൽ വന്നു എന്ന് പറയുന്നതാണ് കൂടുതൽ ശരി. ദിവ്യ രോഗശാന്തിയ്ക്ക് എതിരായി അയാൾ

പോകുന്നിടത്തെല്ലാം തർക്കിക്കുമായിരുന്നു. അയാൾ എന്റെ അടുക്കൽ വന്നിട്ട്, അയാൾ പറഞ്ഞു. “ഞാൻ നിങ്ങളുടെ ദിവ്യ രോഗശാന്തിയിൽ വിശ്വസിക്കുന്നില്ല.”

161 ഞാൻ പറഞ്ഞു “എന്റേതോ, യാതൊരു ഗുണവും ചെയ്യില്ലെന്നു, ഞാൻ ഊഹിക്കുന്നു, കാരണം എന്റേതായിട്ട് ഒന്നുമില്ല. പിന്നെ ഞാൻ പറഞ്ഞു. ദൈവം സമ്പൂർണ്ണനാണ്.”

അയാൾ പറഞ്ഞു, “അങ്ങനെ ഒരു കാര്യമില്ല.”

162 ഞാൻ പറഞ്ഞു, “അതു പറയാൻ നിങ്ങൾ വളരെ താമസിച്ചുപോയി സ്നേഹിതാ, അതെ, നിങ്ങൾ അതിനുവേണ്ടി നീണ്ട സമയം കാത്തിരുന്നു പോയി. കുറച്ച് വർഷങ്ങൾ മുമ്പ് വരെയും നിങ്ങൾ അതെപ്പറ്റി തർക്കിച്ചുണ്ടാകും, എന്നാൽ ഇതു മറ്റൊരു കാലമാണ്. നോക്കൂ, അതിനെ സാക്ഷീകരിക്കാനായി ദശലക്ഷക്കണക്കിന് ജനങ്ങളുണ്ട്.” ഞാൻ പറഞ്ഞു, “അതു പറയാനായി, മനുഷ്യാ, നിങ്ങൾ—നിങ്ങൾ ഇപ്പോൾ വളരെ താമസിച്ചു പോയിരിക്കുന്നു.”

163 അയാൾ പറഞ്ഞു, അയാൾ പറഞ്ഞു, “അതെ, ഞാൻ അത് വിശ്വസിക്കുന്നില്ല; നിങ്ങൾ ചെയ്യുന്നതൊന്നും ഞാൻ കാര്യമാക്കുന്നില്ല.”

ഞാൻ പറഞ്ഞു, “തീർച്ചയായും ചെയ്യരുത്. നിങ്ങൾക്ക് കഴിയില്ല.” മനസ്സിലായില്ലേ?

164 അയാൾ പറഞ്ഞു, “എന്നെ അന്ധനാക്കൂ!” പറഞ്ഞു, “നിങ്ങൾക്ക് പൗലൊസിനെപ്പോലെ യഥാർത്ഥത്തിൽ പരിശുദ്ധാത്മാവ് ഉണ്ടെങ്കിൽ,” പറഞ്ഞു, “എന്നെ അന്ധനാക്കൂ.”

165 ഞാൻ പറഞ്ഞു, “നീ അന്ധനാക്കിയിരിക്കുമ്പോൾ പിന്നെ എനിക്ക് എങ്ങനെ അന്ധനാക്കാൻ കഴിയും?” ഞാൻ പറഞ്ഞു, “നിന്റെ പിതാവ് നിന്നെ മുന്നേ സത്യത്തിന് അന്ധനാക്കിയിരിക്കുന്നു.” ഞാൻ പറഞ്ഞു, “നീ നേരത്തെ തന്നെ അന്ധനായിരിക്കുന്നു.”

166 അയാൾ പറഞ്ഞു. “ഞാൻ വിശ്വസിക്കില്ല; നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിഞ്ഞാലും, എത്ര തെളിവുകളാൽ അത് തെളിയിക്കാൻ കഴിഞ്ഞാലും, അതല്ല അതുപോലെ എന്തുതന്നെയായാലും. ഞാൻ അപ്പോഴും അത് വിശ്വസിക്കില്ല.”

167 ഞാൻ പറഞ്ഞു, “തീർച്ചയായും, അത് അവിശ്വാസികൾക്ക് വേണ്ടിയുള്ളതല്ല. അത് വിശ്വാസികൾക്ക് വേണ്ടി മാത്രം ഉള്ളതായിരുന്നു. അതാണ് കാര്യം.” കാണുന്നോ?

168 അതു എന്തായിരുന്നു? നോക്കൂ, അപ്പോൾ തന്നെ നിങ്ങൾക്ക് അറിയാനാകും, തിരഞ്ഞെടുക്കപ്പെട്ടതിൽ നിന്നും പുറത്താണ്. ഒരിക്കലും, അതുമായി മൂഢത്തരം കാട്ടരുത്. യേശുവും അതേ കാര്യം തന്നെ ചെയ്തിരുന്നു, അവൻ പറഞ്ഞു, "അവരെ തനിയെ വിട്ടേയ്ക്കു. കുരുടൻ കുരുടനെ വഴികാട്ടിയാൽ, ഇരുവരും കുഴിയിൽ വീഴുകയില്ലയോ?"

169 എന്നാൽ അവൻ ഒരു വേശ്യയുടെ അടുക്കൽ വന്നപ്പോൾ [ബ്രദർ ബ്രൺഹാം തന്റെ വിരൽ ഒരു പ്രാവശ്യം ഞൊടിക്കുന്നു.—Ed.] അതിനെ തീ കൊളുത്തി! എന്തായിരുന്നു അത്? നോക്കൂ, അവിടെ കിടന്നിരുന്നതു ഒരു തിരഞ്ഞെടുക്കപ്പെട്ട വിത്തായിരുന്നു, അത് അപ്പോൾ അവിടെ വെച്ചു തന്നെ കണ്ടു. അത് പത്രൊസിന്റെ അടുക്കൽ വന്നപ്പോൾ, അവിടെ തിരഞ്ഞെടുക്കപ്പെട്ട വിത്ത് കിടന്നിരുന്നു, നോക്കൂ, അവർ അത് കണ്ടു. "പിതാവ് എനിക്ക് തന്നതൊക്കെയും," (ഭൂതകാലം) "എനിക്ക് തന്നതൊക്കെയും, എന്റെ അടുക്കൽ വരും." ഓ, എന്റെ! ഞാൻ അതു ഇഷ്ടപ്പെടുന്നു. അതേ ശ്രീമാൻ. ശ്രദ്ധിക്കൂ. വിശ്വാസികൾ അത് വിശ്വസിക്കുന്നു.

170 അവിശ്വാസികൾക്ക് അത് വിശ്വസിക്കാൻ കഴിയില്ല. അതുകൊണ്ട്, ഇപ്പോൾ, നിങ്ങൾ സർപ്പ സന്തതിയെയും, അതുപോലെയുള്ള കാര്യങ്ങളെയും ആരെയെങ്കിലും കാണിക്കാൻ ശ്രമിക്കുമ്പോൾ, അവർ തർക്കിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അവർ അത് കേൾക്കുകയില്ല; ഉടൻ തന്നെ നടന്ന് അകലുക. അവരെ ഒറ്റയ്ക്ക് വിട്ടേക്കുക. നോക്കൂ, ദൈവം തർക്കിക്കുന്നില്ല, അതുപോലെ തന്നെ അവന്റെ മക്കളും.

171 ശ്രദ്ധിക്കൂ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട നൂറ്റി നാല്പത്തിനാലായിരം യഹൂദന്മാർ മൃഗത്തിന്റെ മുമ്പിലോ, അവന്റെ വിഭാഗീയ സഭ സമ്പ്രദായത്തിന്റെ മുമ്പിലോ അല്ലെങ്കിൽ പ്രതിമകളുടെയോ, അതുപോലെ എന്തുതന്നെയായാലും, അവരുടെ രാജ്യം അതുമായിട്ട് ആ സമയത്ത് ഉടമ്പടിയിൽ ആയിരിക്കുമ്പോഴും മുട്ടുകുത്തുകയില്ല. യിസ്രായേൽ ഒരു ഉടമ്പടിയിൽ ഏർപ്പെട്ടും, എന്നാൽ ഇവിടെ ഇതാ അതു ചെയ്യാൻ തുനിയാത്ത നൂറ്റിനാല്പത്തിനാലായിരം പേർ. അതാണ് വൃതന്മാർ.

172 അതേ കാര്യം തന്നെ നേരെ ഇവിടെ ഇപ്പോൾ ജാതീയ സഭയിലും ആയിട്ട്, അതൊരു തിരഞ്ഞെടുക്കപ്പെട്ട കൂട്ടരാകുന്നു. അത്തരത്തിൽപ്പെട്ട കാര്യങ്ങളിലേക്ക് നിങ്ങൾക്ക് അവരെ വലിച്ചിടാൻ കഴിയില്ല. അവർ അതിൽ വിശ്വസിക്കുകയില്ല. ഇല്ല, ശ്രീമാൻ. വെളിച്ചം ഒരു വട്ടം അവരുടെമേൽ പതിഞ്ഞാൽ, അത് അവിടെത്തന്നെ അതിനെ ഉറപ്പിക്കും. അവർ കണ്ടിട്ട്...അവർ

അത് സംഭവിക്കുന്നത് കണ്ടു, അവർ അത് ന്യായീകരിക്കപ്പെടുകയും അതുപോലെ തെളിയിക്കപ്പെടുന്നതും കണ്ടു. അവർ അതിനെ ഈ ബൈബിളിൽ പരിശോധിച്ചു നോക്കി, ആ വചനം പോകുന്നത് അവർ കാണുന്നു. നിങ്ങളും അവരോടൊപ്പം വിഢിത്തം കാണിക്കുന്നത് വിട്ടുകളയുന്നതാണ് നല്ലത്, കാരണം, അവർ അത് വിശ്വസിക്കുന്നു. അത്ര തന്നെ. അത്രമാത്രം. അവർക്ക് അത് വിശദീകരിക്കാൻ കഴിഞ്ഞില്ലെങ്കിലും, അവർക്ക് അത് കിട്ടിയിരിക്കുന്നു എന്ന് അവർ അറിയുന്നു. അതുകൊണ്ട്, ഞാൻ പറയും പോലെ, എനിക്ക് വിശദീകരിക്കാൻ കഴിയാത്ത അനേക കാര്യങ്ങളുണ്ട്. എന്നാൽ അത് എങ്ങനെയും യാഥാർത്ഥ്യമാണെന്ന് ഞാൻ—ഞാൻ അറിയുന്നു. ഊഹ്-ഹാ. ശരി.

173 ആറും ഏഴും മുദ്രകൾക്കിടയിലുള്ള, ഈ സമയത്താണ്, അവൻ ഈ ജനങ്ങളെ വിളിക്കുന്നത് അതിനെക്കുറിച്ച്, യേശു മത്തായി 24-ാം അദ്ധ്യായത്തിന്റെ 31-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു എന്നു നാം ഇപ്പോൾ വായിച്ചു. നോക്കൂ. കാഹളങ്ങൾ ഇവിടെ രണ്ട് സാക്ഷികളായിട്ട്...കാഹള ശബ്ദം മുഴക്കുമ്പോൾ, അത് ഈ രണ്ട് സാക്ഷികളുടെ കാഹളനാദം യഹൂദന്മാർക്കുള്ള കൃപയുടെ കാലഘട്ടമായിരിക്കും. ഒരു കാഹള ധ്വനി, നിങ്ങൾ ശ്രദ്ധിക്കു, ഒരു കാഹള ശബ്ദം ധ്വനിക്കുന്നു. അവൻ പറഞ്ഞു, "കാഹളം ധ്വനിപ്പിക്കുക". ഇപ്പോൾ ഇവിടെയുള്ള 31-ാം വാക്യം ശ്രദ്ധിക്കു.

> *അവൻ തന്റെ ദൂതന്മാരെ അയച്ചു* (ഒന്നല്ല, നോക്കു, അവിടെ അവർ രണ്ടു പേരാണ്) *മഹാകാഹള ധ്വനിയോടും കൂടെ...*

174 ഇതു എന്താകുന്നു? ഇത് ദൈവം സംസാരിക്കാൻ തയ്യാറാകുമ്പോൾ, അവിടെ ഒരു കാഹള ധ്വനിയുണ്ടാകുന്നു. അത് എപ്പോഴും അവന്റെ ശബ്ദമാകുന്നു. നോക്കു, അത് യുദ്ധത്തിനു വിളിക്കുന്നതാണ്. ദൈവം സംസാരിക്കുന്നു. ഈ ദൂതന്മാർ കാഹള ധ്വനിയോടുകൂടി വരുന്നു.

175 അവസാന ദൂതന്റെ സന്ദേശത്തിലും, കാഹള ധ്വനിയുണ്ടായിരുന്നു, എന്നു നിങ്ങൾ ശ്രദ്ധിച്ചിരുന്നു. ആദ്യത്തെ ദൂതന്റെ സന്ദേശത്തിൽ ഒരു കാഹള ധ്വനിയുണ്ടായിരുന്നു; രണ്ടാമത്തെ ദൂതന്റേതിൽ, അവൻ അതു അയച്ചപ്പോൾ, ഒരു കാഹള ധ്വനിയുണ്ടായിരുന്നു. ശ്രദ്ധിക്കു, എന്നാൽ മുദ്രകൾ പ്രഖ്യാപിക്കപ്പെട്ടപ്പോൾ, ഒരു കൂട്ടം ജനങ്ങളെ വിളിച്ചു പുറത്താക്കുന്നതിനായി, അവരെല്ലാം ഒരുകൂട്ടമായി, ഒരു മഹത്തായ ദൈവീക കാര്യത്തിലായി തീരുന്നു; അവിടെ ഒരു കാഹള ധ്വനിയുണ്ടായിരുന്നിട്ട്, ഏഴ് മുദ്രകൾ തുറക്കപ്പെടുന്നു.

176 ശ്രദ്ധിക്കു, "ആകാശത്തിന്റെ നാലു ദിക്കിൽ നിന്നും അവന്റെ വൃതന്മാരായ യഹൂദന്മാരെ കൂട്ടിച്ചേർക്കുവിൻ."

177 നാം കണ്ടിരിക്കുന്നതു, അവൻ ആറു മുദ്രകളെപ്പറ്റിയും പ്രതിപാദിച്ചിരിക്കുന്നതാണ്, എന്നാൽ ഏഴാമത്തതിനെപ്പറ്റിയല്ല. അവൻ ഇവിടെ എവിടെയും, ഏഴാം മുദ്രയെക്കുറിച്ച് ഒന്നും തന്നെ പറഞ്ഞിട്ടില്ല.

178 നോക്കു, നേരെ, 32-ാം വാക്യത്തിലേക്ക് പോയി, തിരഞ്ഞെടുക്കപ്പെട്ട യഹൂദന്മാരെ വിളിച്ച് വേർതിരിക്കുന്ന സമയത്തെ കുറിച്ചുള്ള ഉപമയിലേക്ക് അവൻ പോകുന്നു. നോക്കു, ഇപ്പോൾ ഇവിടെ ശ്രദ്ധിക്കു.

179 "അവൻ തന്റെ മഹാകാഹള ധ്വനിയോടുകൂടെ അയയ്ക്കും അവൻ തന്റെ വൃതന്മാരെ ആകാശത്തിന്റെ ആറുതിമുതൽ അറുതിവരെ നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും." ഇപ്പോൾ അവൻ തുടങ്ങുകയാണ്...

180 നോക്കു, അവൻ ഇവിടെ ഏഴാം മുദ്രയെക്കുറിച്ച് ഒന്നും പറയുന്നില്ല. മനസ്സിലായോ? അവൻ ആറാം മുദ്രയെക്കുറിച്ച് പറഞ്ഞു; ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, പിന്നെ ആറ്.

181 എന്നാൽ ശ്രദ്ധിക്കു:

> *അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ. അതിന്റെ* കൊമ്പ് *ഇളതായി ഇല തളിർക്കുമ്പോൾ, വേനൽ അടുത്തു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.*
>
> *അങ്ങനെ, നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ* വാതിൽക്കൽ *തന്നേ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ.*

182 അതാണ് അവസാനത്തേത്, ആ ചോദ്യമാണ് അവർ അവനോടു ചോദിച്ചത്, "ലോകവസാനത്തിന്റെ അടയാളം എന്താകുന്നു?"

183 "നിങ്ങൾ ഈ യഹൂദന്മാരെ കാണുമ്പോൾ...നിങ്ങൾ മറ്റുള്ള ഈ കാര്യങ്ങൾ ഒക്കെയും കാണുമ്പോൾ, എന്തു സംഭവിക്കുമെന്ന് നിങ്ങൾ അറിയുന്നു. ഇപ്പോൾ, നിങ്ങൾ ഈ യഹൂദന്മാരെ കാണുമ്പോൾ..." യഹൂദന്മാരോട് സംസാരിക്കുന്നു! ഇപ്പോൾ ശ്രദ്ധിക്കു. അവൻ ഏത് കൂട്ടരോടാണ് സംസാരിക്കുന്നത്, ജാതികളോടോ? യഹൂദന്മാർ! യഹൂദന്മാർ! മനസ്സിലായോ?

184 അവൻ പറഞ്ഞു "എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും," അതുപോലെയുള്ള കാര്യങ്ങളും മറ്റുമാകുന്നു.

185 ഇപ്പോൾ, "അപ്പോൾ," അവൻ പറഞ്ഞു, "ഈ യഹൂദന്മാരുടെ കൊമ്പുകൾ ഇളതായി ഇല തളിർക്കുന്നത് നിങ്ങൾ കാണുമ്പോൾ," അവളുടെ രാജ്യത്തിലേയ്ക്ക് കടക്കേണ്ടതിനു, യിസ്രായേൽ തിരികെ വരാൻ തുടങ്ങുമ്പോൾ. അവൾ അവിടെ എത്തുമ്പോൾ, (സഭ മേഘങ്ങളിലേയ്ക്ക് എടുക്കപ്പെടുന്നതിന് തയ്യാറായിരിക്കും), പിന്നെ അവിടെ വെറും മൂന്നര കൊല്ലങ്ങൾ മാത്രം ലോകാവസാനത്തിന് അവശേഷിച്ചിട്ട്, അവൾ ഒരു വലിയ ഇരുട്ടിലേക്ക് പോകുകയും, ആയിരമാണ്ട് കാലം കടന്നു, പുതിയ—പുതിയ ഭൂമി പോകുന്നതാകുന്നു. പറഞ്ഞു, "വാതിൽക്കൽ തന്നെ ആകുന്നു!" ഇപ്പോൾ, ഭൂമിയിലുള്ള ആയിരം വർഷം എന്നത് ദൈവത്തിന് ഒരു ദിവസമാകുന്നു. അപ്പോൾ മൂന്നര വർഷക്കാലം, അതു എന്തായിരിക്കും? ദൈവത്തിന്റെ സമയപ്രകാരം കുറച്ച് നിമിഷങ്ങൾ മാത്രം. ആ കാരണത്താലാണ് അവൻ "അതു വാതിൽക്കലാണ്" എന്ന് പറഞ്ഞത്.

> *ഇതൊക്കെയും* സംഭവിക്കുവോളം, *ഈ ജനങ്ങൾക്ക് ഇതെല്ലാം സംഭവിക്കുവോളം, ഈ തലമുറ ഒഴിഞ്ഞു പോകയില്ല എന്ന് ഞാൻ* സത്യമായിട്ട് *നിങ്ങളോട് പറയുന്നു.*

186 എന്താണ്, എന്തുകൊണ്ടാണ് സംഭവിക്കുവോളം ഒഴിഞ്ഞു പോകാതിരിക്കാത്തത്? അവർ യഹൂദന്മാരെ കൊല്ലുവാനും, ഭൂമിയിൽ നിന്ന് നീക്കിക്കളയുവാനും, എപ്പോഴും ശ്രമിച്ചിരുന്നു. അവർക്ക് ഒരിക്കലും അതു ചെയ്യാൻ കഴിയില്ല.

187 എന്നാൽ ശ്രദ്ധിക്കു. പാലസ്തീനിലേക്ക് മടങ്ങി വന്ന, കാഴ്ചകണ്ട യഹൂദന്മാരുടെ അതേ തലമുറ തന്നെ, ഈ കാര്യങ്ങളൊക്കെയും സംഭവിച്ചു കാണും. കഴിഞ്ഞ രണ്ട് വർഷങ്ങൾ കൊണ്ട്, അവൾ ഒരു രാജ്യമായി കഴിഞ്ഞിരിക്കുന്നു, അവളുടെ സ്വന്ത നാണയവും അങ്ങനെയെല്ലാം ആയിരിക്കുന്നു. അവൾ അവിടെയാകുന്നു.

188 സ്നേഹിതാ, ഇപ്പോൾ നാം എവിടെയാണ്? മുദ്രകളും മറ്റും തുറന്നു കൊണ്ടിരിക്കുന്നു; ഇപ്പോൾ നാം ഇവിടെ ഇടയിലെ സമയത്തായിരിക്കുന്നു. അത് അവിടെയാകുന്നു. നോക്കു, നാം ഇരിക്കുന്നത് എവിടെയാണ്?

189 നിങ്ങൾ അത് മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ ആശിക്കുന്നു. എനിക്ക് വിദ്യാഭ്യാസം ഇല്ല. ഞാൻ സംസാരിക്കുന്നതു എന്താണെന്നു എനിക്കറിയാം, ഒരുപക്ഷേ, നിങ്ങൾക്ക് അത് മനസ്സിലാകുന്ന രീതിയിൽ, എനിക്ക് വിശദീകരിക്കാൻ—വിശദീകരിക്കാൻ കഴിഞ്ഞേക്കില്ല. എന്നാൽ കൂടിക്കുഴഞ്ഞ് കിടക്കുന്ന അവന്റെ വചനത്തെ ദൈവം എടുത്ത്, ശരിയായി വിഭജിച്ച്, നോക്കു, അത്

എന്താണെന്നു അറിയാനായി അവൻ തന്നെ ഇടയാക്കട്ടെ. കാരണം, അതു, നാം വാതിൽക്കൽ ആയിരിക്കുന്നു. നാം ഇവിടെ ആ സമയത്ത് ആയിരിക്കുന്നു. ഇപ്പോൾ ശ്രദ്ധിക്കു.

190 നോക്കു, ഇപ്പോൾ ഉടൻതന്നെ, അന്ത്യസമയത്ത്, അവൻ യഹൂദന്മാരിലേക്കു തിരിയുകയാണ്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവൻ പറയുന്നു. ഇപ്പോൾ നമുക്ക് തന്നെ അതറിയാം...നമുക്ക് അറിയാം, യിസ്രായേൽ ഗോത്രങ്ങൾ ചിതറിക്കിടക്കുകയാണ് എന്നതു, നമുക്ക് വളരെ നന്നായി അറിയാം. അവർ ആയിക്കഴിഞ്ഞിട്ട് കഴിഞ്ഞ രണ്ടായിരത്തിയഞ്ഞൂറ് വർഷങ്ങളായി. ലോകത്തിന്റെ നാല് ദിക്കിലേക്കും അവർ ചിതറി പോകുമെന്നു അവരെക്കുറിച്ച് പ്രവചിക്കപ്പെട്ടിരുന്നു. നിങ്ങൾക്കറിയാമോ? നമുക്ക് അതറിയാം.

191 അതിനാൽ, നമുക്ക് പിന്നിലേക്ക് പോയി അത് എടുക്കേണ്ട ആവശ്യമില്ല, എന്തുകൊണ്ടെന്നാൽ നിങ്ങൾ കാണേണ്ട ചില യഥാർത്ഥ കാര്യങ്ങൾ നിങ്ങൾ മാത്രമല്ല ഞാനും കൂടെ ക്ഷീണിച്ചുപോകും മുമ്പേ, നിങ്ങൾ കണ്ടിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

192 ശ്രദ്ധിക്കു. നമുക്കറിയാം, ഓരോ ഗോത്രത്തിലും, അതു അവരുടെ ഗോത്ര മുറയനുസരിച്ച്, അതല്ല, നിങ്ങൾ അതിനെ എന്തുവേണമെങ്കിലും വിളിക്കാൻ ആഗ്രഹിക്കുന്നതിന് അനുസരിച്ച്, ഭൂഗർഭശാസ്ത്രമെന്നോ, അല്ലെങ്കിൽ ഗോത്രപദവിയെന്നോ വിളിക്കാം, അതിനു അനുസരിച്ച് അവർ ആയിരിക്കുന്നില്ല. അവർ എല്ലായിടത്തുമായി, ചിതറിയിരിക്കുകയാണ്.

193 യെഹൂദന്മാർ, യെരുശലേമിലേക്ക് ഒരുമിച്ച് കൂടിക്കൊണ്ടിരിക്കുന്നു അറിയില്ല...അവരുടെ ഗോത്രം പോലും അറിയില്ല. അവർക്ക് യാതൊരു വിധമായ ഗോത്രത്തിന്റെ കൊടിയടയാളമോ മറ്റ് യാതൊന്നും തന്നെ ഇല്ല. അവർക്ക് എല്ലാമായിട്ട് അറിയാവുന്നത്, അവർ യഹൂദന്മാർ ആകുന്നു എന്നാകുന്നു. അവർ ലോകമൊട്ടുക്കും ഈ രീതിയിൽ ആയിരിക്കുമെന്ന് പ്രവചിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ അവരുടെ ഗ്രന്ഥങ്ങൾ എല്ലാം നശിച്ചു കഴിഞ്ഞിരിക്കുന്നു. അവർക്ക് യാതൊന്നും അറിയില്ല.

നിങ്ങൾ ചോദിക്കും, “നിങ്ങൾ ഏതു ഗോത്രത്തിൽ നിന്നാണ്?”

“എനിക്കറിയില്ല.”

“ഏത് ഗോത്രം?”

“എനിക്കറിഞ്ഞുകൂടാ.”

194 ഒരാൾ ബെന്യാമീൻ നിന്നും, ഒരാൾ *ഇതിൽ* നിന്നും ഒരാൾ *അതിൽ* നിന്നും ആയിരുന്നിട്ട്. അവർ ഏതിൽ നിന്നും ആണെന്ന് അവർക്ക് തന്നെ അറിഞ്ഞുകൂടാ. അവരുടെ ഗ്രന്ഥങ്ങളെല്ലാം, രണ്ടായിരത്തിയഞ്ഞൂറു വർഷങ്ങളിലെ യുദ്ധങ്ങളാൽ നശിച്ചുപോയി. അവർ അറിയുന്ന ഏക കാര്യം എന്നത് അവർ യഹൂദന്മാരാകുന്നു എന്നുള്ളതാണ്. അത്രമാത്രം. അതുകൊണ്ട്, അവർ തങ്ങളുടെ സ്വന്ത നാട്ടിലേക്ക് മടങ്ങി വരികയാണെന്ന് അവർ അറിഞ്ഞിരുന്നു. അവർക്ക് അപ്പോഴും...ശ്രദ്ധിക്കു, എന്നിട്ടും അവർക്ക് അവരുടെ ഗോത്രം ഏതാണെന്ന് അറിയില്ല, എന്നാൽ അതു ദൈവം അറിയുന്നു.

195 ഞാൻ അത് ഇഷ്ടപ്പെടുന്നു! നിങ്ങൾക്ക് അറിയാം, അവൻ അവിടെ ഇങ്ങനെയും കൂടെ പറഞ്ഞിട്ട്..."നിങ്ങളുടെ തലയിലെ ഓരോ രോമവും എണ്ണപ്പെട്ടിരിക്കുന്നു." ഹം! ശ്രദ്ധിക്കു, അവൻ ഒന്നും നഷ്ടപ്പെടുത്തുന്നില്ല. "അവസാന നാളിൽ ഞാൻ അതിനെ ഉയിർത്തെഴുന്നേല്പിക്കും."

196 അവർ—അവർ—അവരുടെ ഗോത്രത്തിന്റെ കൊടിയടയാളം അവർക്കു നഷ്ടപ്പെട്ടുപോയി എന്നിരിക്കിലും, ആര് ഏതിലുള്ളതാണ്, അവർ *ഇതിൽ* നിന്നാണോ അതോ, *അതിൽ* നിന്നാണോ; അവർ ബെന്യാമീനിൽ നിന്നാണോ അതോ അവർ രൂബേനിൽ നിന്നോ അതോ യിസ്സാഖാരിൽ നിന്നോ അല്ലെങ്കിൽ എവിടെ നിന്നാണെന്ന് അവർക്ക് അറിയില്ല. എന്നാൽ, എങ്ങനെയും, ദൈവം അവരെ ഇവിടെ വിളിക്കുന്നു.

197 ഇപ്പോൾ ശ്രദ്ധിക്കു, വെളിപ്പാട് 7-ൽ, നാം അതു വായിക്കുന്നു, ഓരോ ഗോത്രത്തിൽ നിന്നും "പന്തീരായിരം," തിരഞ്ഞെടുക്കപ്പെടുന്നു. പന്തീരായിരം പേർ ഓരോ ഗോത്രത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരായി ഇവിടെ അതിന്റെ ക്രമത്തിലായി ഒരുക്കി വച്ചിരിക്കുന്നു. ഓ, എന്റെ! അവരെല്ലാം ആരാണ്? അവർ ഗോത്രപ്രകാരമാകുന്നു. ഗോത്രപ്രകാരം എന്തായിരിക്കും? സാധാരണ യഹൂദന്മാരുടെ മുറപ്രകാരമല്ല, അല്ല. എന്നാൽ അത് തിരഞ്ഞെടുക്കപ്പെട്ട നൂറ്റിനാല്പത്തിനാല്പത്തിനാലായിരം പേരെ ഗോത്രമുറപ്രകാരം ഇരുത്തിയിരിക്കുന്നതാണ്. ഓ, എന്റെ!

198 അത് നിങ്ങൾക്ക് കാണിച്ചു തരാൻ ഞാൻ എങ്ങനെ ആഗ്രഹിക്കുകയാണെന്നോ! നാം അതിലേക്ക് കടക്കുന്നില്ല. എന്നാൽ സഭയും, അത് അതേ പോലെ കൃത്യമായി അതിന്റെ മുറയനുസരിച്ച് വരേണ്ടതുണ്ട്, ഊഹ്-ഹാ

199 ഇപ്പോൾ ഒരു മിനിറ്റ് നിങ്ങൾ ഇത് ശ്രദ്ധയോടെ കേൾക്കാനും എന്നോടൊപ്പം വായിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഇവിടെയുള്ള

ചില കാര്യങ്ങൾ ഗോത്രങ്ങളെ വിളിക്കുന്ന അവസരത്തിൽ നിങ്ങൾ ഒരിക്കലും ഒരുപക്ഷേ ശ്രദ്ധിച്ചിരിക്കാനിടയില്ല. കുറച്ചുനേരം മുമ്പ്, വെളിപ്പാട് 7 വായിക്കാൻ, ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു. എന്നോടൊപ്പം വായിച്ചുകൊണ്ട് ആ ഗോത്രങ്ങളെ ശ്രദ്ധിക്കുക. വെളിപ്പാട് 7-ൽ, ദാനും എഫ്രയീമും അവരോടൊപ്പം എണ്ണപ്പെട്ടതായി കാണുന്നില്ല. നിങ്ങൾ അത് ശ്രദ്ധിച്ചിരുന്നോ? യോസേഫും ലേവിയും അവർക്ക് പകരം അവിടെ ചേർത്തിരിക്കുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചിരുന്നോ? ദാനും എഫ്രയീമും അവിടെ ഇല്ല. ഇല്ല, ശ്രീമാൻ. എന്നാൽ, യോസേഫും, ലേവിയും, ദാനിന്റെയും എഫ്രയീമിന്റെയും, ഗോത്രത്തിന് പകരമായി ചേർക്കപ്പെട്ടിരിക്കുന്നു.

200 എന്തുകൊണ്ടാണ്? അവർ...എന്നന്നേക്കും എല്ലാം ഓർക്കുന്ന ദൈവം തന്റെ വചനത്തിലെ എല്ലാ വാഗ്ദത്തങ്ങളെയും ഓർക്കുന്നു. ഓ, ഞാൻ അതിനെക്കുറിച്ച് പ്രസംഗിക്കാൻ ആഗ്രഹിക്കുന്നു. മനസ്സിലായോ? ദൈവം മറന്നു പോയി എന്ന് തോന്നിപ്പിച്ചാലും, ഒരു കാര്യവും മറക്കുകയില്ല.

201 അവൻ ഇപ്രകാരം മോശെയോട് പറഞ്ഞതുപോലെ. യിസ്രായേൽ "നാനൂറ് വർഷങ്ങൾ," അവിടെ ആയിരുന്നു. ആ സമയം വരെ അവർക്ക് അവിടെ ആകേണ്ടിയിരുന്നു. അവൻ അബ്രഹാമിനോട് പറഞ്ഞു, "നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് നാനൂറ് സംവത്സരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും. അതിനുശേഷം എന്റെ ബലമുള്ള ഭുജത്താൽ ഞാൻ അവരെ അവിടെ നിന്ന് പുറപ്പെടുവിച്ച് കൊണ്ടുവരും." എന്നാൽ അതുകഴിഞ്ഞപ്പോൾ, അവൻ മോശെയോട് പറഞ്ഞു, "ഞാൻ എന്റെ വാഗ്ദാനം ഓർക്കുന്നു. ഞാൻ പറഞ്ഞിരുന്നതിനെ നിറവേറ്റുന്നതിനായി ഞാൻ ഇറങ്ങി വന്നിരിക്കുന്നു."

202 ദൈവം മറക്കുന്നില്ല. അവന്റെ അനുഗ്രഹങ്ങളോ അതുപോലെ തന്നെ ശാപങ്ങളോ അവൻ മറക്കുന്നില്ല. എന്നാൽ അവൻ ചെയ്തിട്ടുള്ള ഓരോ വാഗ്ദത്തങ്ങളോടൊപ്പവും അവൻ നില്ക്കുന്നു.

203 ഇപ്പോൾ, നിങ്ങൾ ശ്രദ്ധിച്ചാൽ, അവർ വിട്ടുപോയത് എന്തുകൊണ്ടാണെന്ന് ഇവിടെ നിങ്ങൾക്ക് കാണാം. ഇപ്പോൾ വായിക്കൂ. ഇപ്പോൾ നിങ്ങൾ എന്നോടൊപ്പം വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആവർത്തന പുസ്തകത്തിലേക്ക് പോയി അതിന്റെ ഇരുപത്തി...അവിടെ 29-ാം വാക്യം, അതല്ല 29-ാം അദ്ധ്യായമാണ്. ആ ഗോത്രങ്ങൾ അവിടെ ഇല്ലാതിരിക്കുന്നതിന് അവിടെ ഒരു കാരണമുണ്ട്. എല്ലാ കാര്യങ്ങൾക്കും ഓരോ കാരണം ഉണ്ടായിരിക്കും. ആവർത്തനം, നാം ആവർത്തന പുസ്തകം 29-

ാം അദ്ധ്യായം വായിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ കർത്താവ് നമ്മെ അത്യധികം സഹായിച്ചിട്ട്, നമുക്ക് ഇത് മനസ്സിലാക്കാൻ ഇടയാകട്ടെ. ഇപ്പോൾ ആവർത്തന പുസ്തകം 29-ാം അദ്ധ്യായത്തിലെ 16-ാം വാക്യം തൊട്ട് വായിക്കാൻ നാം ആഗ്രഹിക്കുന്നു. ഇപ്പോൾ ശ്രദ്ധിക്കു, മോശെ പറയുന്നു.

*(നാം മിസ്രയീം ദേശത്ത് എങ്ങനെ പാർത്തു എന്നും; നിങ്ങൾ കടന്നുപോകുന്ന ജാതികളുടെ നടുവിൽകൂടി എങ്ങനെ കടന്നു എന്നും നിങ്ങൾ അറിയുന്നുവല്ലോ.*

*അവരുടെ മ്ലേച്ഛതകളും അവരുടെ ഇടയിൽ അവരുടെ മരവും കല്ലും, വെള്ളിയും, പൊന്നും കൊണ്ടുള്ള വിഗ്രഹങ്ങളും നിങ്ങൾ കണ്ടിട്ടുണ്ട്.)*

204 ഓരോരുത്തരും എന്തെങ്കിലും ഒരു ചെറിയ ഒരെണ്ണമോ, മറ്റെന്തെങ്കിലും ആയി, വിശുദ്ധ സിസിലിയുടെ ഒരു ചെറിയ പ്രതിമയോ, മറ്റോ എടുത്തു. അതുപോലെയുള്ള കാര്യങ്ങൾ നിങ്ങൾക്ക് അറിയാം. നോക്കു. "ആ കാരണത്താൽ..." ശ്രദ്ധിക്കു.

*ആ ജാതികളുടെ ദേവന്മാരെ ചെന്ന് സേവിക്കേണ്ടതിന് ഇന്ന് നമ്മുടെ ദൈവമായ യഹോവയെ വിട്ടുമാറുവാൻ മനസ്സുള്ള യാതൊരു പുരുഷനും സ്ത്രീയും യാതൊരു കുലവും ഗോത്രവും നിങ്ങളിൽ ഉണ്ടാകരുത്. നഞ്ചും, കൈപ്പുമുള്ള ഫലം കായ്ക്കുന്ന യാതൊരു വേരും അരുത്.*

*അങ്ങനെയുള്ളവൻ, ഈ ശാപ വചനങ്ങളെ കേൾക്കുമ്പോൾ വരണ്ടതും നനവുള്ളതും ഒരുപോലെ നശിക്കേണ്ടതിന് ഞാൻ എന്റെ ഹൃദയത്തിന്റെ കാഠിന്യ പ്രകാരം നടന്നാലും എനിക്ക് സുഖമുണ്ടാകുമെന്ന് പറഞ്ഞു തന്റെ ഹൃദയത്തിൽ* തന്നെത്താൻ *അനുഗ്രഹിക്കും.*

205 നോക്കു, ജനങ്ങൾ പറയും, "ഓ അവൻ തന്നെത്താൻ അനുഗ്രഹിക്കുന്നു." അത് നിങ്ങൾക്കറിയാം, ഒരു ചെറിയ കുരിശോ, അല്ലെങ്കിൽ അതുപോലെ എന്തെങ്കിലും അവർ ഇപ്പോൾ ഉണ്ടാക്കുന്നു, നിങ്ങൾ നോക്കു; അതേ കാര്യം തന്നെ, നോക്കു. അതൊരു വിഗ്രഹാരാധനയുടെ ലക്ഷണമാകുന്നു. നോക്കൂ, അതൊരു വിഗ്രഹാരാധനയാകുന്നു.

*...എന്റെ ഹൃദയത്തിന്റെ കാഠിന്യ പ്രകാരം നടന്നാലും എനിക്ക് സുഖമുണ്ടാകുമെന്ന് പറഞ്ഞ് തന്റെ ഹൃദയത്തിൽ* തന്നെത്താൻ *അനുഗ്രഹിക്കും.*

206 “അല്പം കുടിച്ചുകൊള്ളുക, അതൊരു വ്യാത്യാസവും ഉണ്ടാക്കില്ല; നിങ്ങൾ പള്ളിയിൽ പോകുന്നിടത്തോളം, നിങ്ങൾ ശരിയാണ്.”

> *അവനോട് ക്ഷമിപ്പാൻ യഹോവയ്ക്ക് മനസ്സുവരാതെ യഹോവയുടെ കോപവും തീക്ഷ്ണതയും ആ മനുഷ്യന്റെ നേരെ ജ്വലിക്കും. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ശാപം ഒക്കെയും അവന്റെ മേൽവരും.* (“ഇതിനോടു ഒരു വാക്ക് കൂട്ടുകയോ ഇതിനോട് ഒരു വാക്ക് എടുക്കുകയോ ചെയ്യരുത്.” നോക്കു) *യഹോവ ആകാശത്തിൻ കീഴിൽ നിന്ന് അവന്റെ നാമം മായിച്ചു കളയും.*

207 അത് അവൻ ഈ ഭൂമിയിൽ ആയിരിക്കുമ്പോഴാകുന്നു, നോക്കു. “ആകാശത്തിൽ കീഴിൽ നിന്ന്.”

> *ഈ ന്യായപ്രമാണ പുസ്തകത്തിൽ എഴുതിയിരിക്കുന്ന നിയമത്തിലെ സകല ശാപങ്ങൾക്കും തക്കവണ്ണം യഹോവ യിസ്രായേലിന്റെ സകല ഗോത്രങ്ങളിൽ നിന്നും അവനെ ദോഷത്തിന്നായി വേർതിരിക്കും.*

208 ആകയാൽ, “ഏതെങ്കിലും ഒരാൾ ഒരു വിഗ്രഹത്തെ സേവിക്കുകയോ, അതല്ല, ഒരു വിഗ്രഹത്തെ തന്റെ മേൽ വഹിക്കുകയോ, അതുമല്ലെങ്കിൽ തനിക്ക് സുഖമുണ്ടാകുമെന്ന് പറഞ്ഞ് തന്റെ ഹൃദയത്തിൽ തന്നെത്താൻ അനുഗ്രഹിച്ചിട്ട്, വിഗ്രഹത്തെ സേവിക്കുന്നവനോട്ടു,” ദൈവം പറയുന്നു, “പുരുഷനോ, സ്ത്രീയോ, കുടുംബമോ, ഗോത്രമോ, അവന്റെ നാമം ജനങ്ങളുടെ ഇടയിൽ നിന്ന് എന്നേക്കുമായി മായിച്ചുകളയും.” ഇപ്പോൾ ഇത് ശരിയായോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed.] എത്ര സത്യം!

209 വർഷങ്ങൾക്കു മുമ്പ്, വിഗ്രഹാരാധന അതേ കാര്യം സഭയിൽ ചെയ്തിരിക്കുകയും, ഇന്നും അത് ചെയ്യുകയും ചെയ്യുന്നു. കൂടാതെ ഞാൻ ശ്രദ്ധിച്ചത്...എപ്രകാരം എതിർക്രിസ്തു അതിനെതിരായ ഒരു നീക്കം തുടങ്ങാൻ ശ്രമിച്ചു എന്നുള്ളതാണ്. സാത്താൻ ദൈവത്തിന്റെ വിശുദ്ധന്മാരെ അനുകരിക്കുകയും, അതുപോലെ പ്രവർത്തിക്കുകയും ചെയ്യും എന്നുള്ളത് എത്രപേർക്ക് അറിയാം?

210 എന്താണ്—പാപം എന്താണ്? ശരിയായ കാര്യം വൈകൃതമാക്കുന്നതാണ്. ഒരു കള്ളം എന്താണ്? സത്യം തെറ്റായി വ്യാഖ്യാനിക്കുന്നതാകുന്നു. വ്യഭിചാരം എന്താണ്? അത് ശരിയായ പ്രവൃത്തി, നിയമപരമായ ഒരു പ്രവൃത്തി, തെറ്റായി ചെയ്തതാകുന്നു. മനസ്സിലായില്ലേ?

211 ഇപ്പോൾ, ഇതു ചെയ്യാൻ ശ്രമിക്കുന്നതിലൂടെ, "ഒരു നാമം മായിച്ചു കളഞ്ഞു" മരിച്ചുപോയ ജനങ്ങളുടെ പ്രതിമയും, അതുപോലെയുള്ളതും ഉണ്ടാക്കി, സഭാലകാലങ്ങളിൽ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തെ തുടച്ചുമാറ്റി, പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്ന തലപ്പേരുകൾ നൽകുവാൻ ശ്രമിച്ചിരുന്നത് അതേ മൃഗം തന്നെയായിരുന്നു എന്നു നിങ്ങൾ ശ്രദ്ധിച്ചോ? അതേ കാര്യം, അതിന്റെ പുറകിൽ ആ ശാപം അതുപോലെ തന്നെയായിരിക്കുന്നു.

212 ഒരു കുടിലനും കപടവേഷധാരിയുമായിരുന്ന യിസ്രായേൽ രാജാവായ യെരൊബെയാമിന്റെ കീഴിൽ, ദാനും എഫ്രയീമും അതേകാര്യം തന്നെ ചെയ്തു. ഇപ്പോൾ, ഒന്ന് രാജാക്കന്മാർ 12-ാം അദ്ധ്യായത്തിൽ ശ്രദ്ധിക്കുക. എനിക്കറിയാം നമ്മൾ...ഇതു എനിക്ക്, നാം കാണാൻ പോകുന്ന കാര്യങ്ങൾക്ക് ഇത് ഒരു പശ്ചാത്തലം നൽകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒന്ന് രാജാക്കന്മാർ ഞാൻ അതിന്റെ 12-ാം അദ്ധ്യായം 25 മുതൽ 30 വരെയുള്ള വാക്യങ്ങളിലേക്ക് പോകാൻ ആഗ്രഹിക്കുന്നു.

> അനന്തരം *യെരോബെയാം...എഫ്രയീം മലനാട്ടിൽ ശേഖേം പണിത് അവിടെ പാർത്തു; അവൻ അവിടെ നിന്ന് പുറപ്പെട്ട്...പെനൂവേലും പണിതു.*

> *എന്നാൽ യെരോബെയാം തന്റെ ഹൃദയത്തിൽ...* (അവന്റെ ഹൃദയത്തിൽ നിരൂപിച്ചു, നോക്കു), *രാജത്വം വീണ്ടും ദാവീദ് ഗൃഹത്തിനു ആയിപ്പോകും.*

213 നിങ്ങൾ നോക്കു, അവൻ ഭയപ്പെടാൻ തുടങ്ങി, കാരണം ജനങ്ങളെല്ലാം പോയ്പ്പോകും.

> *ഈ ജനം യെരുശലേമിൽ യഹോവയുടെ ആലയത്തിൽ യാഗം കഴിപ്പാൻ ചെന്നാൽ ഈ ജനത്തിന്റെ ഹൃദയം യഹൂദാ രാജാവായ രെഹബെയാം എന്ന തങ്ങളുടെ യജമാനങ്കലേക്ക് തിരിയുകയും അവർ എന്നെ കൊന്നു യഹൂദാ രാജാവായ രെഹബയാമിന്റെ പക്ഷം ചേരുകയും ചെയ്യും എന്ന് പറഞ്ഞു.*

> *ആകയാൽ രാജാവ് ആലോചിച്ച് പൊന്നുകൊണ്ട് രണ്ടു കാളകുട്ടിയെ ഉണ്ടാക്കി. നിങ്ങൾ യെരുശലേമിൽ പോയതു മതി. യിസ്രായേലെ ഇതാ നിന്നെ മിസ്രയീം ദേശത്ത് നിന്നുകൊണ്ടു വന്ന നിന്റെ ദൈവം എന്ന് അവരോടു പറഞ്ഞു.*

*അവൻ ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു.*

*ഈ കാര്യം പാപ ഹേതുവായി തീർന്നു; ജനം ഒന്നിന്റെ മുമ്പിൽ നമസ്കരിപ്പാൻ ദാൻ വരെ ചെന്നു.*

214 നോക്കൂ, എഫ്രയീമും ദാനും ബെഥേലിൽ വിഗ്രഹങ്ങളെ ആരാധിക്കാനായി, അവർ അവിടെ വിഗ്രഹങ്ങളെ സ്ഥാപിച്ചു. ഇവരെല്ലാം ഇതിനെ ആരാധിക്കുന്നതിനു പോയി.

215 ഇതാ നാം ഇവിടെ, ആയിരമാണ്ട് വാഴ്ചയിലേക്ക് പോകാൻ, ഏകദേശം തയ്യാറായിരിക്കയും, ദൈവം അപ്പോഴും ആ പാപം ഓർക്കുകയും ചെയ്യുന്നു. അവർ അതിൽ എണ്ണപ്പെട്ടിട്ട് പോലുമില്ല. ഹേയ്! മഹത്വം! [ബ്രദർ ബ്രൺഹാം തന്റെ കൈ ഒരുപ്രവാശ്യം ഒരുമിച്ചു കൊട്ടുന്നു—Ed.] അവൻ തന്റെ എല്ലാ നല്ല വാഗ്ദത്തങ്ങളെയും ഓർമ്മിക്കുന്നതുപോലെ, അവൻ ഓരോ തിന്മയേയും കൂടെ ഓർക്കുന്നു. ഇത്രയും ഓർത്തുകൊള്ളുക...

216 ആ കാരണത്താലാണ് ഞാൻ വിശ്വസിക്കുന്നത്, എന്റെ സ്നേഹിതന്മാരെ, അത് എത്ര വിചിത്രമായി കാണപ്പെട്ടാലും, ഞാൻ എല്ലായ്പ്പോഴും ആ വചനത്തോട് കൂടെ തന്നെ നിൽക്കാൻ ശ്രമിച്ചിരുന്നു.

217 നോക്കൂ, ഇപ്പോൾ, അവർ അതിനെക്കുറിച്ച് അപ്പോൾ ചിന്തിച്ചിട്ടുണ്ടായിരിക്കില്ല. അവർ ചിന്തിച്ചിരുന്നത്, "കൊള്ളാം അവർ അതുമായി കടന്നുകൂടും." ശരി.

218 എന്നാൽ ഇവിടെ അവർ ആയിരമാണ്ടു വാഴ്ചയിലേക്ക് പ്രവേശിക്കാൻ പോകുന്ന സമയത്ത്, അവരുടെ ഗോത്രവും നാമവും അതിൽനിന്നും "മായിച്ചു കളഞ്ഞിരിക്കുന്നു," കാരണം അവർ വിഗ്രഹങ്ങളെ സേവിച്ചു, അതു ദൈവത്താൽ ശപിക്കപ്പെട്ടതായിരുന്നു.

219 നിക്കോലാവ്യരെയും ഈസബെലിനെയും "വെറുക്കുന്നു" എന്ന് അവൻ തന്നെ പറഞ്ഞിട്ടില്ലേ? അതിൽ നിന്നും വിട്ടൊഴിഞ്ഞ് ദൂരമായി നിന്നുകൊള്ളുക. ഈസബെലിന്റെ പുത്രിമാരെ "മരണം" കൊണ്ട് കൊല്ലുമെന്ന് അവൻ പറഞ്ഞിട്ടില്ലേ? അത് ദൈവ സന്നിധിയിൽ നിന്നുള്ള നിത്യമായ വേർപാടാകുന്നു. ഒരിക്കലും അതിൽ ഒട്ടും വിശ്വസിക്കരുത്. അതിൽനിന്ന് ഒഴിഞ്ഞു മാറികൊള്ളുക. അങ്ങനെ ദൈവം ഓർക്കുന്നു. ശ്രദ്ധിക്കു.

220 എന്നാൽ അവിടെ "മായിച്ചുകളയേണ്ടതുണ്ട്" എന്നുള്ള കാര്യം നിങ്ങൾ ശ്രദ്ധിച്ചോ? എന്തുകൊണ്ടാണ്? അവൻ ഈ കാര്യങ്ങളെ കാണുന്നതിന് വേണ്ടി, പരിശുദ്ധാത്മാവിനെ നൽകുവാൻ

തക്കവണ്ണം ആകാശത്തിൻ കീഴിൽ, ഉടനടിയുള്ള ഒരു ബലിയും ഉണ്ടായിരുന്നില്ല. എന്നാൽ, എങ്ങനെയും, അവന്റെ സ്വന്ത സ്വാർത്ഥ മനസ്സിനനുസരിച്ച്, അവൻ അത് ചെയ്തു.

221 എന്നാൽ, യെഹെസ്കേൽ, ആയിരമാണ്ട് വാഴ്ചക്കാലത്തെ തന്റെ ദർശനത്തിൽ, അവൻ അവരെ വീണ്ടും പൂർണ്ണമായ ക്രമത്തിൽ കാണുന്നു. യെഹെസ്കേലിൽ, നിങ്ങൾ അത് ആഗ്രഹിക്കുന്നെങ്കിൽ വായിക്കാം. സമയം ലാഭിക്കുന്നതിനായി, അത് കുറിച്ചെടുക്കു, പിന്നീട് വായിക്കാം. യെഹസ്കേൽ 48: 1 മുതൽ 7 വരെയും, പിന്നെ 23-മുതൽ 29-വരെയുമാകുന്നു. യെഹെസ്കേൽ അവരുടെ ഓരോ ഗോത്രത്തെയും കൃത്യമായി ക്രമത്തിൽ കാണുന്നു. ശരി.

222 കൂടാതെ, വെളിപ്പാട് 14-ലും, യോഹന്നാൻ അവരെ വീണ്ടും ഗോത്രപ്രകാരം കാണുന്നു, അത് ശരിയാണ്, ഓരോ ഗോത്രവും അതിന്റേതായ സ്ഥാനത്തായിരിക്കുന്നു. എന്താണ് സംഭവിച്ചത്?

223 നിങ്ങൾ ഓർക്കുക, അവൻ പറഞ്ഞു, "അവന്റെ നാമം ആകാശത്തിൻ കീഴെയുള്ള ഗോത്രത്തിൽ നിന്നും മായിച്ചുകളയും". അവൻ ആകാശത്തിൽ കീഴായിരിക്കുന്നിടത്തോളം കാലം, അവിടെ ആരും തന്നെ ഉണ്ടായിരിക്കില്ല. ഇപ്പോഴും, ഈ നൂറ്റിനാല്പത്തിനാലായിരം പേർ ഗോത്രങ്ങളുടെ ഭാഗമായിട്ട് ഇവിടെ ആയിരിക്കുന്നു. ശരി. എന്നാൽ നിങ്ങൾ നോക്കു, അവർ അന്ധരാക്കപ്പെട്ടിരുന്നു. അവർക്കു, കാളകളുടെയും ആടുകളുടെയും ബലി മാത്രമായിരുന്നു ഉണ്ടായിരുന്നത്. മനസ്സിലായില്ലേ? ഇപ്പോൾ ശ്രദ്ധിക്കു, അവൻ "ആകാശത്തിൻ കീഴിൽ നിന്ന്" അവരെ മായിച്ചുകളഞ്ഞു.

224 എന്നാൽ ജാതികൾ, പരിശുദ്ധാത്മാവിന്റെ നാൾക്കളിൽ, അതിന് എതിരായിരുന്നാൽ; നിങ്ങളുടെ പേർ ജീവന്റെ പുസ്തകത്തിൽ നിന്നും പൂർണ്ണമായി എടുത്തുമാറ്റപ്പെടും, "മാത്രമല്ല, ഈ ലോകത്തിലോ വരുവാനുള്ള ലോകത്തിലോ, അത് അവരോട് ക്ഷമിക്കുകയുമില്ല." അത് ശരിയല്ലേ? അതുകൊണ്ട് അവിടെയാണ് നാം നിൽക്കുന്നത്.

225 യിസ്രായേൽ, ആടുകളുടെയും, ചെമ്മരിയാടുകളുടെയും കീഴിൽ, അവർക്കു—അവർക്കു ഒരു സ്ഥാനമുണ്ടായിരുന്നു. അവർ ഈ ഭൂമിയിൽ ആയിരുന്നിടത്തോളം, അവരുടെ ഗോത്രങ്ങൾ കാണപ്പെട്ടിരുന്നില്ല. അവരെ ഒരിക്കലും ചേർക്കുവാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ, എല്ലാവരും...അവൻ, ഇവിടെ, അവൻ അവരെ വിളിക്കുമ്പോൾ, നൂറ്റിനാല്പത്തിനാലായിരം പേരിൽ, അവർ കാണപ്പെട്ടിരുന്നില്ല. അതു ശരിയാണ്. അവർ ഇവിടെ എണ്ണപ്പെടുകപോലും ചെയ്യുന്നില്ല. ദാനിന്റെയും എഫ്രയീമിന്റെയും സ്ഥാനത്ത് യോസേഫും ലേവിയും

ചേർക്കപ്പെട്ടു. ഇപ്പോൾ നിങ്ങൾക്ക് അതിലേയ്ക്ക് നോക്കാം. നേരെ അവിടെ, അത് നിങ്ങളുടെ മുമ്പിലായിരിക്കുന്നു, നോക്കു. ഇവിടെയാണ് ദൈവത്തിന്റെ വാഗ്ദാനം, വളരെ പിന്നിലായി, അതിനു നൂറു നൂറു കണക്കിന് വർഷങ്ങൾക്ക് മുമ്പുള്ളതായിരുന്നു.

226 ഇപ്പോൾ, സംഭവിച്ചതു എന്താണ്? അവർ എല്ലാം ഭയങ്കരമായ മഹാമഹാകഷ്ടകാലത്തിൽകൂടെ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

227 ഇപ്പോൾ, ആ—ആ കന്യകയെ ദൈവം ശുദ്ധീകരിക്കാൻ പോകുന്നെങ്കിൽ, അവൾ ഒരു നല്ല സ്ത്രീയായിരുന്നു, എന്നാൽ അവൾ അവളുടെ വിളക്കിൽ എണ്ണ എടുക്കുന്നതിൽ പരാജയപ്പെട്ടിട്ട്, ദൈവം അവളെ ഇവിടെ മഹാകഷ്ടങ്ങളിൽ കൂടെ ശുദ്ധീകരിക്കാൻ പോകുകയാണ്. അവൻ ആ ഗോത്രങ്ങളെയും, അവിടെ തന്നെ അതേ കാര്യത്തിനുവേണ്ടി ഇട്ടിട്ട്, മഹാകഷ്ടകാലത്ത് കൂടി ശുദ്ധീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഇത്—ഇതൊരു ശുദ്ധീകരണമാകുന്നു. ഇത് ന്യായവിധിയാകുന്നു. എന്നാൽ നിങ്ങൾ നോക്കു, അവർ, അതിനുശേഷം...കൂടാതെ, ഇവിടെ നോക്കു, യിസ്രായേലിന്റെ ശുദ്ധീകരണത്തിന് ശേഷം, ഇവിടെ നൂറ്റിനാല്പത്തിനാലായിരം പേർ കടന്നുവരുന്നു. മാത്രമല്ല ഉറങ്ങിപ്പോയ കന്യകമാരും, ശുദ്ധീകരിക്കപ്പെട്ട്, വെള്ളനിലയങ്കി ധരിച്ചു, കടന്നുവരുന്നു. കാണുന്നോ? എത്ര പൂർണ്ണമായിരിക്കുന്നു? അത് എത്ര മനോഹരമായിരിക്കുന്നു!

228 യാക്കോബിന്റെ, കഷ്ടകാലം പോലെയാകുന്നു, നോക്കു. അവർ... യാക്കോബിന്റെ, കഷ്ടകാലത്തിന്റെ സമയമാകുന്നു. അവൻ തെറ്റ് ചെയ്തു. എന്നാൽ അവൻ ശുദ്ധീകരണ സമയത്ത് കൂടി കടന്നു, കാരണം അവൻ തന്റെ സഹോദരനായ ഏശാവിനോട് തെറ്റു ചെയ്തിരുന്നു. കാണുന്നോ? അവന്റെ ജന്മാവകാശം നേടുന്നതിന്, അവൻ അവനെ വഞ്ചിച്ചു. എന്നാൽ അവന്റെ പേര് യാക്കോബിൽ നിന്നും യിസ്രായേലായി മാറ്റപ്പെടുന്നതിന് മുമ്പ്, അവന് ശുദ്ധീകരണത്തിൽകൂടെ കടന്നു പോകേണ്ടിവന്നു, അതു ദൈവത്തിന്റെ വ്യവസ്ഥയുടെ മാതൃകയായി, ഇന്നേക്കും മാതൃകയാക്കുന്നു.

229 ഇപ്പോൾ, നമുക്ക് 8-ാം വാക്യത്തിലേക്ക്...അതല്ല 8-ാം അദ്ധ്യായത്തിന്റെ 1-ാം വാക്യത്തിലേക്ക് എന്നാണ് ഞാൻ അർത്ഥമാക്കിയത്; വെളിപ്പാട് 8:1.

230 നിങ്ങൾ ക്ഷീണിച്ചിരിക്കുന്നു എന്നു എനിക്കറിയാം. എന്നാൽ, ഇപ്പോൾ, കുറച്ചു നേരത്തേക്ക് നമുക്ക് ശ്രദ്ധിക്കാൻ ശ്രമിക്കാം. കൂടാതെ, സ്വർഗ്ഗത്തിലെ ദൈവവും നമ്മെ സഹായിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

231 ഈ ഏഴാം മുദ്ര സകലത്തിന്റെയും, സമയത്തിന്റെ അവസാനമാണെന്നു നാം തികച്ചും ഓർത്തിരിക്കണം. അത് ശരിയാണ്. ലോകസ്ഥാപനത്തിനു മുമ്പേ വീണ്ടെടുപ്പിന്റെ പദ്ധതി തയ്യാറാക്കി, ഏഴ് മുദ്രകളുടെ പുസ്തകത്തിൽ എഴുതി മുദ്രയിട്ടിരുന്ന, കാര്യങ്ങളുടെ, ഓരോ അംശവും ഇവിടെ അവസാനിക്കുന്നു. ഇത് അവസാനമാണ്; ഇത് ഞെരുങ്ങിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ അവസാനമാകുന്നു. ഇത് ഞെരുങ്ങിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ അവസാനമാകുന്നു. ഇത് എല്ലാത്തിന്റെയും അവസാനമാകുന്നു. അവിടെ, ഇത് കാഹളങ്ങളുടെ അവസാനമാകുന്നു. ഇത് കലശങ്ങളുടെ അവസാനമാകുന്നു. ഇതു ഭൂമിയുടെ അവസാനമാകുന്നു. ഇത്…സമയത്തിന്റെ പോലും അവസാനമാകുന്നു.

232 സമയം തീന്നിരിക്കുന്നു. ബൈബിൾ അപ്രകാരം പറയുന്നു. മത്തായി, 7-ാം അദ്ധ്യായം …അല്ല, വെളിപ്പാട് 7-ാം…അല്ല 10-ാം അദ്ധ്യായം, അതിന്റെ 1 മുതൽ 7 വരെ വാക്യങ്ങൾ. സമയം തീന്നിരിക്കുന്നു. ഈ മഹത്തായ കാര്യം സംഭവിക്കാൻ പോകുന്ന സമയത്ത്, ആ ദൂതൻ പറയുന്നു, "ഇനി കാലം ഉണ്ടാകയില്ല."

233 അവസാനത്തിൽ…ഈ എഴാം മുദ്രയുടെ അവസാനത്ത്, ഈ സമയം, എല്ലാ കാര്യങ്ങളും അവസാനിപ്പിക്കുന്നു, ശ്രദ്ധിക്കു, ഇത് സഭാകാലത്തിന്റെ അവസാനമാകുന്നു. ഇത് ഏഴാം മുദ്രയുടെ അവസാനമാകുന്നു. ഇത് കാഹളങ്ങളുടെ അവസാനമാകുന്നു. ഇത് കലശങ്ങളുടെയും അവസാനവും, ആയിരമാണ്ട് വാഴ്ചയിലേക്ക് കടക്കുന്നതിന്റെ മുന്നോടിയായി ജനങ്ങളെ കൂട്ടിവരുത്തുന്നതിന്റെ അവസാനവും ആകുന്നു. ഇത് ഏഴാം മുദ്രയിലാകുന്നു.

234 ഇത് ആകാശത്തേക്ക് റോക്കറ്റ് കത്തിച്ചു വിടുന്നതു പോലെയാകുന്നു. ആ റോക്കറ്റ് ആദ്യം *ഇവിടെ* പൊട്ടിത്തെറിക്കുന്നു, പിന്നെ അത് മുകളിലേക്ക് പോയി വീണ്ടും പൊട്ടിത്തെറിക്കുന്നു. അതിൽ നിന്നും അഞ്ച് നക്ഷത്രങ്ങളെ പുറത്തു വിടുന്നു. പിന്നെ ഈ നക്ഷത്രങ്ങളിൽ ഒന്ന് പൊട്ടിത്തെറിച്ച് അതിൽ നിന്നും അഞ്ച് നക്ഷത്രങ്ങളെ പുറത്തു വിടുന്നു. നോക്കു പിന്നെ അത് മാഞ്ഞു പോകുന്നു.

235 അതാണ്, ഏഴാം മുദ്ര. ഇത് ലോകത്തിന്റെ സമയത്തെ അവസാനിപ്പിക്കുന്നു. ഇത് *ഇതിനുള്ള* സമയത്തെ അവസാനിപ്പിക്കുന്നു. ഇത് *അതിനുള്ള* സമയത്തെ അവസാനിപ്പിക്കുന്നു. ഇത് *ഇതിനുള്ള* സമയത്തെ അവസാനിപ്പിക്കുന്നു. ഇതു സമയത്തെ അവസാനിപ്പിക്കുന്നു. സകലതും ആ ഏഴാം മുദ്രയിൽ അവസാനിക്കുന്നു.

236 ഇപ്പോൾ, എങ്ങനെയാണ് അവൻ ഇത് ചെയ്യാൻ പോകുന്നത്? അതാണ് നമുക്ക് അറിഞ്ഞുകൂടാത്തത്. അത് അങ്ങനെയല്ലേ? നമുക്ക് അറിയില്ല.

237 ഇത് ഈ കാര്യങ്ങളെല്ലാം സംഭവിക്കുന്നതിനുള്ള സമയവും, അതോടൊപ്പം ആയിരമാണ്ട് വാഴ്ചയുടെ മുന്നോടിയുമാകുന്നു.

238 ശ്രദ്ധിക്കു, ഈ മുദ്ര പൊട്ടിക്കുന്നത് അത്ര മഹത്തായിരുന്നിട്ട്, അതായത്, അതിനാൽ സ്വർഗ്ഗം നിശബ്ദതയിലായിട്ട്, “അരമണിക്കൂറോളം, മൗനത ഉണ്ടായി.” ഇപ്പോൾ, അത് മഹത്തായതാകുന്നു! എന്താകുന്നു ഇത്? സ്വർഗ്ഗങ്ങളെ, അതു നിശബ്ദതയിലാക്കി. അരമണിക്കൂറിലേക്ക്, അവിടെ ഒരു കാര്യം പോലും അനങ്ങിയിരുന്നില്ല.

239 ഇപ്പോൾ, നിങ്ങൾക്ക് ഒരു നല്ല സമയമാണ് കിട്ടിയിരിക്കുന്നതെങ്കിൽ ഒരു അരമണിക്കൂർ അത്ര നീണ്ട സമയമായിരിക്കില്ല. എന്നാൽ ജീവന്റെയും മരണത്തിന്റെയും ഇടയ്ക്കുള്ള ഉദ്വോഗത്തിൽ, അത് ഒരു ആയിരമാണ്ടു പോലെ കാണപ്പെടും. അത് അത്രയും മഹത്തായതായിരുന്നു!

യേശു ഒരിക്കലും അതിനെക്കുറിച്ച് പറഞ്ഞിരുന്നില്ല. ബാക്കിയുള്ളവരാരും പറഞ്ഞിരുന്നില്ല.

240 യോഹന്നാന് അതിനെപ്പറ്റി എഴുതാൻ പോലും കഴിഞ്ഞില്ല. ഇല്ല. അവനോടു അത് *ഇവിടെ* എഴുതുന്നതിന് വിലക്കിയിരുന്നു. [ബ്രദർ ബ്രൺഹാം തന്റെ ബൈബിളിന്റെ മേൽ രണ്ടു പ്രാവശ്യം അടിക്കുന്നു—Ed.] നോക്കു, അവിടെ വെറും...അവൻ അത് എഴുതിയില്ല, എന്നാൽ ഇത് മൗനതയാകുന്നു.

241 ദൈവ മുമ്പാകെ നിന്നിരുന്ന ഇരുപത്തിനാലു മൂപ്പന്മാരും, അവിടെ അവരുടെ വീണകൾ വായിച്ചു കൊണ്ടിരുന്നു; അവർ അവരുടെ വീണകൾ വായിക്കുന്നത് നിർത്തി.

സ്വർഗ്ഗത്തിൽ, ഗാനം ആലപിച്ചിരുന്ന ദൂതന്മാർ അവരുടെ ഗാനാലാപനം നിർത്തിക്കളഞ്ഞു.

242 ചിന്തിക്കു! യെശയ്യാവ് ദൈവത്തിന്റെ ആലയത്തിൽ ആറു ജോഡി...അതല്ല മൂന്ന് ജോഡി ചിറകുകളോട് കൂടി പവിത്രരായ കെരൂബുകളെയും സറാഫുകളെയും കണ്ടിരുന്നു. മൂന്ന്.... രണ്ടുകൊണ്ട് മുഖം മൂടിയും, രണ്ടു കൊണ്ട് കാൽ മൂടിയും, പറന്നിരുന്നു. രാവും പകലും, അവർ ദൈവ മുമ്പാകെ “സർവ്വശക്തനായ കർത്താവാം ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ,” എന്ന് ആർപ്പിട്ടുകൊണ്ടിരുന്നു. അവർ ആലയത്തിൽ പ്രവേശിക്കുമ്പോഴും നടക്കുമ്പോഴും അവരുടെ—

അവരുടെ സാന്നിദ്ധ്യത്താൽ ആലയത്തിന്റെ ഉമ്മരപ്പടികൾ ഇളകിയിരുന്നു.

243 ഈ സറാഫുകൾ നിശ്ശബ്ദരായി. ദൂതന്മാർ പാടുന്നത് നിർത്തി. ഊഹ്-ഹാ, വ്യൂ! "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ," എന്ന് ദൈവ സന്നിധിയിൽ പാടുകയും പറക്കുകയും ചെയ്തിരുന്നവർ, അവർ വായടച്ചു കളഞ്ഞു. ഒരു ദൂതന്മാരും പാടിയില്ല. ഒരു സ്തുതികളുമില്ല. വേദിയിൽ അർപ്പണവും ഇല്ല—ഇല്ല. ഇല്ല, ഒന്നുമില്ലായിരുന്നു. അവിടെ മൗനതയായിരുന്നു; നിശ്ശബ്ദതയായിരുന്നു, അരമണിക്കൂറോളം സ്വർഗ്ഗത്തിൽ കടുത്ത മൗനതയായിരുന്നു.

244 ഈ വീണ്ടെടുപ്പിന്റെ പുസ്തകത്തിലെ ഏഴാം മുദ്രയുടെ രഹസ്യം പൊട്ടിച്ചു തുറന്ന, ഈ അരമണിക്കൂർ നേരത്തിൽ സ്വർഗ്ഗത്തിലെ സർവ്വ സൈന്യവും മൗനതയിലായിരുന്നു. അതെപ്പറ്റി ചിന്തിച്ചു നോക്കു. എന്നാൽ, അത് തുറക്കപ്പെട്ടു. കുഞ്ഞാട് അത് തുറന്നു. എന്താണെന്നു നിങ്ങൾക്ക് അറിയാമോ? അവർ അതിനാൽ സംഭ്രമിച്ചു പോയിരുന്നു എന്ന്, ഞാൻ വിശ്വസിക്കുന്നു. അത് അവിടെ ആയിരുന്നു എന്ന്; അവർക്ക് അറിയില്ലായിരുന്നു. അവർ നിർത്തി.

245 എന്തുകൊണ്ടാണ്? അതു എന്താകുന്നു? ഇപ്പോൾ, നമുക്ക് ആർക്കും അറിയില്ല. എന്നാൽ, അതിനെ കുറിച്ചുള്ള എന്റെ—എന്റെ വെളിപ്പാട്, ഞാൻ നിങ്ങളോട് പറയാൻ പോകുകയാണ്.

246 ഇപ്പോൾ ഞാൻ ഒരു മതഭ്രാന്തനായിരിക്കാൻ ആഗ്രഹിച്ചിട്ടല്ല. നോക്കു, ഞാൻ ആണെങ്കിൽ തന്നെയും, അതിനെക്കുറിച്ച് ഞാൻ അജ്ഞനാകുന്നു. ഞാൻ...ഇതുപോലെയുള്ള കൌശലമേറിയതും സമർത്ഥിക്കാനായി പറയുന്ന സാങ്കല്പികമായ കാര്യങ്ങളെ ഞാൻ കൊടുക്കുന്നതല്ല.

247 ഞാൻ ചില കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ളത്, ഒരുപക്ഷേ കുറച്ച് ആളുകൾക്ക് അത് വിചിത്രമായി തോന്നിച്ചേക്കാനിടയുണ്ട്. എന്നാൽ ദൈവം അതിനു ചുറ്റും, പിന്നിലുമായി വന്ന്, ന്യായീകരിച്ച് അത് സത്യമാണെന്നു പറഞ്ഞാൽ, പിന്നെ അതു ദൈവത്തിന്റെ വചനമാകുന്നു. മനസ്സിലായോ? ആ രിതിയിൽ, അത് വിചിത്രമായി കണ്ടെന്നിരിക്കാം. കാണുന്നോ?

248 ഇപ്പോൾ, ഞാൻ ഇന്നു രാത്രിയിൽ ഈ വേദിയിൽ നില്ക്കുന്നത് യാഥാർത്ഥ്യമായിരിക്കും പോലെ, അത് വെളിപ്പെട്ടതിന്റെ വെളിപ്പാട് എന്റെ പക്കലുണ്ട്. അതൊരു മൂന്ന് മടങ്ങായ രീതിയാകുന്നു. ദൈവത്തിന്റെ സഹായത്താൽ, അത് ഞാൻ നിങ്ങളോട്, അതിന്റെ ഒരു മടങ്ങിനെപ്പറ്റി സംസാരിക്കാൻ പോകുന്നു.

അതിനുശേഷം നിങ്ങൾ...ആദ്യത്തേതിലേക്ക്, നമുക്ക് കടക്കാം. ഇവിടെയാണ് അതിന്റെ വെളിപ്പാട്, അത് എന്താണെന്നു, ഞാൻ നിങ്ങളോട് ആരംഭം മുതൽ പറയാൻ ആഗ്രഹിക്കുന്നു. സംഭവിച്ചതു എന്താണെന്നാൽ...ആ ഏഴു ഇടിയും നാദം മുഴക്കി അവൻ കേട്ടത്, എഴുതുന്നതിനു വിലക്കിയിരുന്നു; അതാകുന്നു അതിന്റെ മർമ്മം, ആ ഏഴ് തുടർച്ചയായ ഇടിനാദങ്ങൾ മുഴക്കപ്പെട്ടതിന്റെ പിന്നിലായി കിടക്കുകയാണ്. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ പലപ്രാവശ്യം മുട്ടുന്നു—Ed.]

249 ഇപ്പോൾ, എന്തുകൊണ്ട്? നമുക്ക് അത് തെളിയിക്കാം. എന്തുകൊണ്ട്? അതാണ് അതിന്റെ രഹസ്യം അതിനെപ്പറ്റി ആർക്കും അറിഞ്ഞുകൂടാത്തതു. അതിനെക്കുറിച്ച് എഴുതുന്നതിന് യോഹന്നാൻ വിലക്കപ്പെട്ടിരുന്നു. അതിനെക്കുറിച്ച് ഒരു പ്രതിരൂപം പോലും എഴുതാൻ കഴിഞ്ഞില്ല. എന്തുകൊണ്ടാണ്? ഇതുകൊണ്ടാണ് സ്വർഗ്ഗത്തിൽ യാതൊരു പ്രവർത്തനവും ഇല്ലാതിരുന്നതു; ഒരുപക്ഷേ അത് ആ രഹസ്യത്തെ പുറത്താക്കി കളയുന്നതിനുള്ള സാധ്യത ഉണ്ടാക്കിയേക്കാം. ഇപ്പോൾ നിങ്ങൾ അത് കാണുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.]

250 അത് അത്രമാത്രം മഹത്തായതായിരുന്നെങ്കിൽ, അത് തീർത്തും ഉൾപ്പെടുത്തിയിരിക്കണമായിരുന്നു, കാരണം അത് സംഭവിക്കേണ്ടതാകുന്നു. എന്നാൽ ഏഴ് ഇടി നാദങ്ങൾ...

251 ഇപ്പോൾ ശ്രദ്ധിക്കു. ഏഴ് ദൂതന്മാർ അവരുടെ കാഹളം ഊതുവാനായി മുമ്പോട്ട് വന്നപ്പോൾ, അവിടെ ഒരു ഇടി മുഴക്കി. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ ഒരു പ്രാവശ്യം മുട്ടുന്നു—Ed.] യിസ്രായേൽ ഒരുമിച്ചു കൂടിയപ്പോൾ, അവിടെ ഒരു കാഹളം ഉണ്ടായി. "ഇനി കാലമുണ്ടാകയില്ല," അവസാനത്തെ കാഹളത്തിലും, ഒരു ഇടി നാദമുണ്ടാകുന്നു.

252 എന്നാൽ ഇവിടെ ക്രമാനുഗതമായി, ഏഴ് ഇടിനാദങ്ങൾ നേരെ ഒരേ ശ്രേണിയിലാകുന്നു. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, അത് സമ്പൂർണ്ണമായ സംഖ്യയാകുന്നു. ഏഴ് ഇടിനാദങ്ങൾ ഒരേ ശ്രേണിയിലായി നാദം മുഴക്കിയിട്ട് അല്ല...അത്, ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് ഏഴ് എന്ന് ഒരേ ക്രമത്തിലായിരുന്നു. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ ഏഴു പ്രാവശ്യം മുട്ടുന്നു—Ed.] അപ്പോൾ, സ്വർഗ്ഗത്തിന് അത് എഴുതാൻ കഴിഞ്ഞില്ല. സ്വർഗ്ഗത്തിന് അതിനെക്കുറിച്ച് അറിയാൻ കഴിയില്ല. യാതൊന്നിനും കഴിയില്ല. കാരണം, അവിടെ ഒന്നും തന്നെ തുടർന്നു പോകാനായിട്ടില്ല. അതൊരു വിശ്രമ സമയമായിരുന്നു. അത് അത്ര മഹത്തായ

ഒന്നായിരുന്നിട്ട്, ദൂതന്മാരിൽനിന്ന് തന്നെ അത് രഹസ്യമായി കാത്തു സൂക്ഷിക്കപ്പെട്ടു.

253 ഇപ്പോൾ എന്താണ്? സാത്താന് അതിനെക്കുറിച്ച് അറിയുവാൻ ഇടയായാൽ, അവൻ അതിന് വലിയ നാശം വരുത്തിയേക്കാനിടയുണ്ട്. ആ ഒരു കാര്യം അവനു അറിയില്ല. അവൻ ആഗ്രഹിക്കുന്നതെന്തും അവന് വ്യാഖ്യാനിക്കാൻ കഴിയും, ഏതു തരത്തിൽപ്പെട്ട ദാനവും അവന് അനുകരിക്കാൻ കഴിയും, (നിങ്ങൾ പഠിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു), എന്നാൽ അവന് അത് അറിയാൻ കഴിയില്ല. ഇത് വചനത്തിൽ പോലും എഴുതിയിട്ടില്ല. ഇത് ഒരു സമ്പൂർണ്ണ രഹസ്യമാകുന്നു.

254 ദൂതന്മാരും, മറ്റെല്ലാവരും, നിശബ്ദരായി. അവർ ഒരു അനക്കം ഉണ്ടാക്കിയാൽ തന്നെ, ഒരുപക്ഷേ അത് പുറത്താകാൻ ഇടയുണ്ടായിരുന്നു, അതുകൊണ്ട് അവർ നിശ്ചലമായിരുന്നു, വീണ വായിക്കുന്നതും, മറ്റെല്ലാ കാര്യങ്ങളും നിർത്തിക്കളഞ്ഞു.

255 ഏഴ്, ദൈവത്തിന്റെ പൂർണ്ണ സംഖ്യയാണ്. ഏഴ്, [ബ്രദർ ബ്രൺഹാം പ്രസംഗ വേദിയിൽ ഏഴു പ്രാവശ്യം മുട്ടുന്നു—Ed.] അത് നേരെ ഒരേ ശ്രേണിയിലായിരുന്നു. ഏഴ് ഇടി നാദങ്ങൾ നേരെ ഒരുമിച്ച് നാദം മുഴക്കിയിട്ട്, അത് അവർ എന്തോ പറയുന്നതു പോലെയായിരുന്നു. ശ്രദ്ധിക്കു, ആ സമയത്ത്, യോഹന്നാൻ അത് എഴുതുവാൻ തുടങ്ങി. അവൻ പറഞ്ഞു "അത് എഴുതരുത്".

256 യേശു അതിനെക്കുറിച്ച് ഒരിക്കലും പറഞ്ഞിട്ടില്ല. യോഹന്നാന് അത് എഴുതാൻ കഴിഞ്ഞില്ല. ദൂതന്മാർക്ക് അതിനെക്കുറിച്ച് യാതൊന്നും അറിയില്ല. എന്താകുന്നു അത്? ഇത് ആ കാര്യമായിട്ട് യേശു പറഞ്ഞു, അതിനെപ്പറ്റി, "സ്വർഗ്ഗത്തിലെ ദൂതന്മാർപോലും അറിയുന്നില്ല." കാണുന്നോ? മനസ്സിലായോ? അവനു തന്നെ സ്വയം അത് അറിയില്ല. പറഞ്ഞു, "ദൈവം മാത്രമേ" അത് അറിയുന്നുള്ളൂ.

257 എന്നാൽ അവൻ നമ്മോട് പറഞ്ഞു, നാം "ഈ അടയാളങ്ങൾ ഒക്കെയും കടന്നു വരുന്നത് കാണുമ്പോൾ" ഇപ്പോൾ നിങ്ങൾ എവിടെയെങ്കിലും കടക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ശരി. ശ്രദ്ധിക്കു, നാം "ഈ അടയാളങ്ങൾ ഒക്കെയും വരുന്നത് കാണാൻ തുടങ്ങിയിരിക്കുന്നു." മനസ്സിലായോ?

സാത്താൻ അതിനെക്കുറിച്ച് അറിയാൻ ഇടയായാൽ...

258 ഇപ്പോൾ, എന്തെങ്കിലും സംഭവിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ...ഇപ്പോൾ ഈ കാര്യത്തിനായി നിങ്ങൾ എന്റെ വാക്കുകൾ എടുക്കേണ്ടത് ആവശ്യമാകുന്നു. ഞാൻ

എന്തെങ്കിലും ഒരു കാര്യം ചെയ്യുന്നതിനായി തീരുമാനിച്ചാൽ, അതിനെക്കുറിച്ച് മറ്റാരോടെങ്കിലും പറയരുതെന്ന് ഞാൻ നന്നായി അറിഞ്ഞിരിക്കണം. അത് ആ വ്യക്തി പറയും എന്നതിനാലല്ല, എന്നാൽ സാത്താൻ അത് കേൾക്കും എന്നതിനാലാകുന്നു. മനസ്സിലായോ? ദൈവം അത് പരിശുദ്ധാത്മാവിനാൽ എന്റെ ഹൃദയത്തിൽ മറച്ചുവച്ചിരിക്കുന്നിടത്തോളം, എന്റെ ഹൃദയത്തിൽ നിന്നും അവന് അതു അറിയാൻ കഴിയില്ല, അത് എന്റെയും ദൈവത്തിന്റെയും ഇടയ്ക്കുള്ള കാര്യമാകുന്നു. മനസ്സിലായോ? നിങ്ങൾ അത് സംസാരിക്കുന്നത് വരെയും, അവന് അതിനെക്കുറിച്ച് യാതൊന്നും അറിയില്ല, പിന്നെ അവൻ അത് കേൾക്കുന്നു. ഞാൻ ശ്രമിച്ചിട്ടുണ്ട്...ജനങ്ങളോട് ഞാൻ *ഇന്നതു-ഇന്നതു* ചെയ്യാൻ പോകുകയാണെന്ന് പറയുകയും, അതിനുശേഷം, ഞാൻ അവിടെ എത്താതിരിക്കാനും എന്നെ അതിൽ നിന്നും പരാജയപ്പെടുത്താനും സാത്താൻ അവന് കഴിയാവുന്നിടത്തോളം അത് തകിടം മറിച്ചുകളയുവാൻ ശ്രമിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ എനിക്ക് ദൈവത്തിൽ നിന്നുള്ള വെളിപ്പാട് ലഭിച്ചിട്ട്, അതിനെക്കുറിച്ച് ഞാൻ യാതൊന്നും പറയാതിരുന്നാൽ, പിന്നെ അത് വ്യത്യസ്തമായിരിക്കും.

259 ഓർക്കുക, സാത്താൻ അത് കപടമായി അനുകരിക്കാൻ ശ്രമിക്കും. സഭ ചെയ്യുന്നതെല്ലാം അവൻ അനുകരിക്കാൻ ശ്രമിക്കും. അവൻ അത് ശ്രമിച്ചു കഴിഞ്ഞിരിക്കുന്നു. അത് നാം എതിർക്രിസ്തുവിലൂടെ കണ്ടിരിക്കുന്നു.

260 എന്നാൽ ഈ കാര്യം അവന് കപടമായി അനുകരിക്കാൻ കഴിയില്ല. ഈ കാര്യത്തിൽ യാതൊരു ഗോഷ്ടി കാണിക്കലുമില്ല, നോക്കൂ, കാരണം, അവന് അതു അറിയില്ല. അവനു അത് അറിയുന്നതിനു ഒരു വഴിയുമില്ല. അതു മൂന്നാം വലിയാകുന്നു. അവനു അതിനെക്കുറിച്ചു ഒന്നും അറിയില്ല. മനസ്സിലായില്ലേ? അവൻ അത് മനസ്സിലാകുകയും ഇല്ല.

261 എന്നാൽ അതിനു അടിയിലായി ഒരു രഹസ്യം മറഞ്ഞു കിടക്കുന്നു! [ബ്രദർ ബ്രൺഹാം പ്രസംഗ വേദിയിൽ ഒരു പ്രാവശ്യം മുട്ടുന്നു—Ed.] അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം! ഞാൻ കണ്ടിരിക്കുന്നു, എന്റെ ശേഷിക്കുന്ന ജീവിതത്തിൽ, എനിക്ക് ഒരിക്കലും അതേ പോലെ ചിന്തിക്കാൻ ഇനിയും കഴിയില്ല. ഇപ്പോൾ, എന്താണെന്നു എനിക്ക് അറിഞ്ഞുകൂടാ...അതിന്റെ അടുത്ത പടി എനിക്കറിയാം, എന്നാൽ എന്താണെന്ന് എനിക്കും അറിഞ്ഞുകൂടാ, എപ്രകാരം അതു വ്യാഖാനിക്കണം, അത് ഇനി നീണ്ടു പോകില്ല. അത് സംഭവിച്ചപ്പോൾ, ഞാൻ അത് കുറിച്ചെടുത്തത് എന്റെ പക്കൽ ഇവിടെയുണ്ട്, നിങ്ങൾക്ക്

ഇവിടെ കാണാൻ കഴിയുമെങ്കിൽ, "നിർത്തുക. ഇതിനപ്പുറം ഇനിയും പോകരുത്." ഒരു മതഭ്രാന്തന്റെ പ്രവണത എനിക്കില്ല. ഞാൻ നിങ്ങളോട് സത്യം പറയുന്നു.

262 എന്നാൽ നിങ്ങൾ ആ ചെറിയ ഷൂ ഓർക്കുന്നു, ആ പ്രാണൻ *ഇന്ന-ഇന്നതിന്റെ* അടുത്തു കിടക്കുന്നു, പിന്നെ ആന്തരിക ബോധം, അതുപോലെയുള്ള ഈ കാര്യങ്ങളെക്കുറിച്ചുമെല്ലാം ഞാൻ എപ്പോഴും വിശദീകരിക്കാൻ ശ്രമിച്ചിട്ടില്ലേ? അതിനാൽ, അതുകഴിഞ്ഞതു മുതൽ അതൊരു വലിയ കൂട്ടം കപട അനുകാരികളെ മാത്രം ഉളവാക്കി. അവർ ജനങ്ങളെ പിടിച്ച്, ജനങ്ങളുടെ കയ്യിൽ പിടിച്ചുകൊണ്ട് വിറയ്ക്കുന്നുണ്ടോ എന്ന് നോക്കിയിരുന്നതു എപ്രകാരമായിരുന്നു? അവർക്ക് ഓരോരുത്തർക്കും അവരുടെ കൈകളിൽ വിറയലുണ്ടായി.

263 അവൻ എന്നെ ഉയരങ്ങളിലേക്ക് എടുത്തിട്ട്, "ഇതാണ് ആ മൂന്നാം വലി, മാത്രമല്ല ആരും ഇതു അറിയുകയുമില്ല," എന്നു പറഞ്ഞതു, നിങ്ങൾ ഓർക്കുന്നു. നിങ്ങൾ അത് ഓർക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ദർശനങ്ങൾ ഒരിക്കലും തോല്വിയടയില്ല. അവ സമ്പൂർണ്ണമായും സത്യമാകുന്നു.

264 ഇപ്പോൾ ശ്രദ്ധിക്കൂ. ദൂതന്മാരുടെ സഞ്ചയത്തെക്കുറിച്ചുള്ള ദർശനം ഓർക്കുന്നില്ലേ? ചാർലീ ഞാൻ...ഇവിടെയാണ് നീ.

265 ഈ ആഴ്ച, എന്തോ ചിലതു നടന്നു കൊണ്ടിരിക്കുന്നു, എന്ന് ഞാൻ നിന്നോടു പറഞ്ഞിരുന്നു, അതു നീ...അത് നിനക്കു ചുറ്റുമായിട്ടുണ്ടായിരുന്നു, എന്നാൽ നീ അത് ശ്രദ്ധിച്ചിരുന്നോ എന്ന് ഞാൻ ആശ്ചര്യപ്പെടുന്നു.

266 ഞാൻ ഇവിടെ വിട്ടു അരിസോണയിലേക്ക് പോകാനായി പോയപ്പോൾ, ഉണ്ടായ ആ ദൂതന്മാരുടെ സഞ്ചയത്തെക്കുറിച്ചുള്ള ദർശനം നിങ്ങൾ ഓർക്കുന്നല്ലോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed] *"യജമാനന്മാരെ, ഇതു ഏതു സമയമാണ്?"* നിങ്ങൾ ഓർക്കുന്നു. ["ആമേൻ."] നിങ്ങൾ അതു ഓർക്കുന്നോ? ശ്രദ്ധിക്കൂ, അവിടെ ഒരു വലിയ ഇടി മുഴക്കത്തിന്റെ പൊട്ടിത്തെറി ഉണ്ടായിട്ട് ഏഴ് ദൂതന്മാർ പ്രത്യക്ഷപ്പെട്ടു. അത് ശരിയല്ലേ? ["ആമേൻ."] ഒരു ഇടി മുഴക്കത്തിന്റെ പൊട്ടിത്തെറി, ഏഴ് ദൂതന്മാർ പ്രത്യക്ഷപ്പെട്ടു.

> കുഞ്ഞാട് *മുദ്രകളിൽ* ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ, *വരിക എന്ന് നാല് ജീവികളിൽ ഒന്ന് ഇടിമുഴക്കം പോലെ* പറയുന്നത് ഞാൻ കേട്ടു.

267 ശ്രദ്ധിക്കു, ഒരു ഇടി മുഴക്കം, കാലത്തിന്റെ അവസാനമായ, ഈ കാലം വരുവോളം വെളിപ്പെടുത്താൻ കഴിയാതെ മുദ്രയിട്ടിരുന്ന ഏഴ് സന്ദേശങ്ങൾ, ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ കാണുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed]

268 ഇപ്പോൾ, ഈ ആഴ്ചയിലെ ആ നിഗൂഢമായ ഭാഗത്തെ നിങ്ങൾ ശ്രദ്ധിച്ചോ? അതാണ് അത്. അതായിരുന്നു അത്. അതൊരു മനുഷ്യൻ, ഒരു—ഒരു മനുഷ്യൻ ആയിരുന്നില്ല. അത് കർത്താവിന്റെ ദൂതന്മാർ ആയിരുന്നു. ശ്രദ്ധിക്കു.

269 അതിന് സാക്ഷികളായിട്ട് മൂന്നുപേർ ഇവിടെ ഇരിക്കുന്നു, ഒരാഴ്ചക്കു മുമ്പ്, ഒരാഴ്ച്ചയും ഒരു അല്പം മുമ്പാണ്, ഞാൻ മെക്സിക്കോയ്ക്ക് അടുത്ത്, വളരെ പിന്നിലുള്ള മല മുകളിൽ, ഇവിടെ ഇരിക്കുന്ന രണ്ട് സഹോദരന്മാരോടൊപ്പം ആയിരുന്നു. ഞാൻ എന്റെ ട്രൗസറിന്റെ കാൽച്ചട്ടയിൽ നിന്നും, ഞെരിഞ്ഞിൽ പുല്ല് അല്ലെങ്കിൽ വസ്തുങ്ങളിൽ പറ്റിപ്പിടിക്കുന്ന മുള്ളുകൾ പെറുക്കി മാറ്റിക്കൊണ്ടിരുന്നു; ഒരു ഭയങ്കര സ്ഫോടനമുണ്ടായിട്ട്, അത് ആ പർവ്വതത്തെ മിക്കവാറും മുഴുവനായി കുലുക്കിയതു പോലെ കാണപ്പെട്ടു. ഇപ്പോൾ അത് സത്യമാണ്. ഞാൻ എന്റെ സഹോദരന്മാരോട് ഒരിക്കലും ഒന്നും പറഞ്ഞിരുന്നില്ല, എന്നാൽ അവർ ആ വ്യത്യാസം ശ്രദ്ധിച്ചു.

270 പിന്നെ അവൻ എന്നോട് പറഞ്ഞു. “ഇപ്പോൾ തയാറായി കൊള്ളുക. കിഴക്കോട്ട് പോകുക. ആ ദർശനത്തിന്റെ വ്യാഖ്യാനം ഇവിടെയാണ്.” കാണുന്നോ? ഇപ്പോൾ, സഹോദരൻ സോത്മാൻ വേട്ടയാടിക്കൊണ്ടിരുന്ന ആ നായാട്ട് അവനു കിട്ടിയിരുന്നില്ല, എന്നു നിങ്ങൾ അറിയണം. അത് അവന് കിട്ടുന്നതിനായി ഞങ്ങൾ ശ്രമിക്കുകയായിരുന്നു. പിന്നെ അവൻ പറഞ്ഞു, “ഇപ്പോൾ, ഇന്നു രാത്രിയിൽ, നിനക്കു ഒരു അടയാളമായി, അവൻ അത് ചെയ്യാൻ പോകുന്നില്ല. ആ ദൂതന്മാരുടെ പരിദർശനത്തിനായി ഈ സമയത്തു നീ സ്വയം സമർപ്പിച്ചിരിക്കേണം.” അപ്പോൾ എനിക്കുള്ളിൽ അനുഭവപ്പെട്ടത് നിങ്ങൾ ഓർക്കുന്നു.

271 ഞാൻ പടിഞ്ഞാറ് ആയിരുന്നു. ദൂതന്മാർ കിഴക്ക് നിന്നും വന്നിരുന്നു, അവർ നേരെ എന്റെ അടുക്കലേയ്ക്കു വന്നിട്ട്, എന്നെ അവരോടൊപ്പം മുകളിലേക്ക് എടുത്തുകൊണ്ട് പോയി. (നിങ്ങൾ അതു ഓർക്കുന്നോ?) [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, “ആമേൻ.”—Ed]

272 ഒരു സാക്ഷിയായി ഇന്ന് രാത്രിയിൽ ഇവിടെ സഹോദരൻ ഫ്രെഡുണ്ട്, സഹോദരൻ നോർമാനും ഉണ്ട്. ഞങ്ങൾ താഴേക്ക്

ഇറങ്ങുമ്പോൾ, ഞാൻ ആ മനുഷ്യനോട് അവന്റെ നായാട്ട് കിട്ടുന്നതിനായി അവിടെ തങ്ങാൻ നന്നേ അനുനയിപ്പിച്ചു. അത് ശരിയല്ലേ, സഹോദരൻ സോത്ത്മാൻ? [സഹോദരൻ സോത്ത്മാൻ പറയുന്നു, "ആമേൻ."—Ed] അതെ, അതാ അവിടെ തന്നെ നില്പുണ്ട്. ഞാൻ പ്രോത്സാഹിപ്പിച്ചിരുന്നു; എന്നാൽ, അപ്പോഴും, അവൻ പറഞ്ഞു, "അവന് അതു കിട്ടില്ല." ഞാൻ ഒന്നും പറയാതെ; മുന്നോട്ട് പോയി.

273 ആ ദിവസം അത്...എന്തോ ഒന്ന്, കൂടാരത്തിന്റെ വശത്തായിട്ട് ഇരിക്കുമ്പോൾ, സഹോദരൻ സോത്മാൻ, നിങ്ങൾ ഓർക്കുന്നല്ലോ? പിന്നെ ഞാൻ, ഉടൻ തന്നെ എന്തോ ചിലതെല്ലാം പറയപ്പെട്ടിട്ട്, ഞാൻ നിങ്ങളെയും സഹോദരൻ നോർമാനെയും...സഹോദരൻ നോർമാൻ എവിടെ? അവിടെ പിന്നിലുണ്ട്. അവിടെ സംഭവിച്ചുകൊണ്ടിരുന്നതു എന്താണെന്ന് ആരോടും പറയരുതെന്ന് അവരെ രണ്ടു പേരെയും കൊണ്ടു പ്രതിജ്ഞ എടുപ്പിച്ചു. അത് ശരിയല്ലേ? [സഹോദരന്മാർ പറയുന്നു, "ആമേൻ. അതു സത്യമാണ്."—Ed] കൂടാരത്തിന്റെ അടുത്തു നിന്നും ഞാൻ *ഇപ്രകാരം*, തിരിഞ്ഞ് പോയില്ലേ? അതു ശരിയല്ലേ? ["അതു ശരിയാണ്."]

274 എന്തുകൊണ്ടെന്നാൽ, ഇതായിരുന്നു അത്, കൃത്യമായും അത് ഇതു തന്നെയായിരുന്നിട്ട്, നോക്കു, ജനങ്ങൾ അത് മനസ്സിലാക്കുമെങ്കിലും, അത് സംഭവിക്കുവോളം, എനിക്കത് പറയാൻ കഴിയില്ലായിരുന്നു.

275 നിങ്ങൾ ശ്രദ്ധിച്ചോ? "ആ ഒരു ദൂതൻ" ഞാൻ പറഞ്ഞു, "അവിടെ, ഒരു വിചിത്ര ദൂതനുണ്ടായിരുന്നു." ബാക്കിയുള്ളവരിൽ നിന്നും അവൻ എനിക്ക് കൂടുതൽ മുഖ്യനായി തോന്നിച്ചിരുന്നു. നിങ്ങൾ അത് ഓർക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed] അവർ ഒരു സമൂഹമായിട്ടായിരുന്നു; മൂന്നെണ്ണം ഓരോ വശത്തും, ഒന്നു മുകളിം ആയിരുന്നു. ഇടത്തുനിന്ന് വലത്തോട്ട് എണ്ണുമ്പോൾ, എന്റെ തൊട്ടടുത്തായി ഇവിടെ നിന്നിരുന്നത്, ഏഴാമത്തെ ദൂതൻ ആകേണ്ടിയിരുന്നു. അവൻ തേജസുള്ളവനായി, ബാക്കിയുള്ളവരിൽ കൂടുതൽ എനിക്ക് മുഖ്യനായി കണ്ടിരുന്നു. നിങ്ങൾ ഓർക്കുന്നില്ലേ? ഞാൻ പറഞ്ഞു, "അവന്റെ നെഞ്ചു *ഇപ്രകാരം* മുമ്പോട്ട് തള്ളിയിട്ട്, കിഴക്ക് ദിശയിലേക്ക് പറക്കുകയായിരുന്നു." (നിങ്ങൾ ഓർക്കുന്നു) "അപ്രകാരമായിരുന്നു." ഞാൻ പറഞ്ഞു, "അത് എന്നെ പൊക്കി; മുകളിലേയ്ക്ക് പൊക്കിയെടുത്തു." നിങ്ങൾ അത് ഓർക്കുന്നില്ലേ? ["ആമേൻ."]

276 അതു ഇവിടെയായി, ഏഴാം മുദ്രയുമായിട്ട്, ആ കാര്യമാണ് എന്റെ ജീവിതത്തിലുടനീളം എന്നെ അത്ഭുതപ്പെടുത്തിയിരുന്നത്.

ആമേൻ! ബാക്കിയുള്ള മുദ്രകൾ എനിക്ക് വളരെയധികം അർത്ഥമേറിയവയാകുന്നു, എന്നാൽ തീർച്ചയായും, ഓ, ഒരു വട്ടം എന്റെ ജീവിതത്തിൽ എന്താണിത് അർത്ഥമാക്കിയിരുന്നതെന്ന് നിങ്ങൾക്കറിയില്ല.

277 ഞാൻ പ്രാർത്ഥിച്ചു, ഞാൻ ദൈവത്തോട് നിലവിളിച്ചു ഞാൻ—ഞാൻ—ഞാൻ...അത് ഫിനിക്സിലെ യോഗത്തിന് ശേഷം...എന്നോട് കൂടെയുണ്ടായിരുന്ന ഏതൊരു വ്യക്തിക്കും അതറിയാം. ഞാൻ ആ മലയിൽതന്നെ കിടന്നിരുന്നു.

278 ഒരു രാവിലെ, ഞാൻ എഴുന്നേറ്റ് സബിനോ കാനിയോനിലെ, ആ വലിയ, പരുക്കൻ, പർവ്വത നിരകളിലേയ്ക്ക് കയറി. ഞാൻ അതിന്റെ മുകളിൽ ചെന്നു. ആ മാർഗ്ഗത്തിൽ നിന്ന് തെറ്റിപ്പോയാൽ, ലെമ്മോൻ പർവ്വത നിരകളിലേക്ക് പോകുന്നതിനുള്ള, ഒരു ചെറിയ നടപ്പാത അവിടെയുണ്ട്, അതൊരു മുപ്പത് മൈൽ നടത്തവും, മുപ്പതടി ഉയരത്തിൽ മഞ്ഞുള്ള സ്ഥലവുമാകുന്നു. അങ്ങനെ, ആ മലയുടെ മുകളിൽ, നന്നേ നേരം പുലരും മുമ്പു തന്നെ, ഉരുളൻ പാറകളുള്ള, ഈ നടപ്പാതയിൽ കൂടെ ഞാൻ നടന്നു കയറി. എനിക്ക് *ഈ* വഴിയിലേക്ക് നടക്കാനായി നയിക്കപ്പെട്ടതുപോലെ അനുഭവപ്പെട്ടു. പിന്നെ ഞാൻ തിരിഞ്ഞിട്ട്, ഏതോ ഒരു വലിയ പരുപരുത്ത പാറകളുടെ, ഓ, എന്റെ നൂറുകണക്കിനു അടി ഉയരമുള്ള പാറകളുടെ ഇടയിലേയ്ക്ക് പോയി.

279 ആ പാറകളുടെ ഇടയിൽ ഞാൻ മുട്ടുകുത്തി. ഞാൻ ഈ ബൈബിളും, ഈ ചെറിയ നോട്ടുബുക്കും...ഈ ചെറിയ കുറിപ്പു പുസ്തകവും അവിടെ താഴെ വച്ചു. [ബ്രദർ ബ്രൺഹാം തന്റെ ബൈബിളും കുറിപ്പു പുസ്തകവും കാണിക്കുന്നു.—Ed.] ഞാൻ പറഞ്ഞു, "ദൈവമായ കർത്താവെ, ഈ ദർശനത്തിന്റെ അർത്ഥം എന്താണ്? ഞാൻ—ഞാൻ—ഞാൻ..." ഞാൻ ചോദിച്ചു, "കർത്താവേ, അത്...ഞാൻ മരിക്കുന്നതിനെയാണോ അർത്ഥമാക്കുന്നത്?"

280 നിങ്ങൾ ഓർക്കുന്നുണ്ടാകും, ഞാൻ "നിങ്ങളോട് പറഞ്ഞിരുന്നു, അത് എന്റെ മരണത്തെ അർത്ഥമാക്കുന്നതിനിടയുണ്ട്, എന്നു ഞാൻ വിചാരിച്ചു, കാരണം, ഒരു സ്ഫോടനമുണ്ടായിട്ട്, അത് എന്നെ തുണ്ടം തുണ്ടമാക്കും വിധം കുലുക്കിയിരുന്നു." നിങ്ങൾ അത് ഓർക്കുന്നു. എത്ര പേർ അതു കേൾക്കുകയും, അറിയുകയും ചെയ്യുന്നു? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed] എന്താ, തീർച്ചയായും, നോക്കു, നിങ്ങൾക്ക് എല്ലാവർക്കും അറിയാം. അതു എന്റെ മരണത്തെ അർത്ഥമാക്കിയിരുന്നു എന്ന് ഞാൻ വിചാരിച്ചിരുന്നു.

281 പിന്നെ, മുറിയിൽ വെച്ചും, ഞാൻ ചോദിച്ചു, "ആയിരുന്നോ... എന്താ—എന്താ—എന്തായിരുന്നു കർത്താവെ അതു? എന്താണ്

അത് അർത്ഥമാക്കിയിരുന്നത്? ഞാൻ അത് മരിക്കാൻ പോകുന്നു എന്നാണോ അർത്ഥമാക്കുന്നത്? അത് അങ്ങനെയാണെങ്കിൽ, നല്ലതു തന്നെ, ഞാൻ എന്റെ കുടുംബത്തോട് പറയുകയില്ല. നോക്കൂ, എന്റെ ജോലി തീർന്നിരിക്കുന്നെങ്കിൽ, എന്നെ പോകാൻ അനുവദിക്കൂ." പിന്നെ ഞാൻ...

282 ഇപ്പോൾ അത് എന്തായിരുന്നു? എന്നാൽ അവൻ ഒരു സാക്ഷിയെ അയച്ചു, ഞാൻ നിങ്ങളോട് അത് പറഞ്ഞിരുന്നത് ഓർക്കുന്നുണ്ടാകും, ഇത് അർത്ഥമാക്കിയിരുന്നത് അതല്ല. ഓ, ഓഹ്, നിങ്ങൾക്കിത് കിട്ടിയോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed] മനസ്സിലായോ? അങ്ങനെ സബിനാ കാബിയോനിൽ ഇരിക്കുമ്പോൾ...

283 സ്വർഗ്ഗസ്ഥനായ പിതാവ് ഇതു അറിയുന്നു. അത് സംഭവിക്കുന്നത് നിങ്ങൾ കണ്ടതു സത്യമായിരുന്നതുപോലെ, ആ ദൂതന്മാർ നേരെ ഇറങ്ങിവന്ന് ഓരോ സന്ദേശവും സത്യമാണെന്ന് ന്യായീകരിച്ചു കാണിച്ചു. എങ്കിൽ മാത്രമേ, ഇത് ദൈവത്തിൽ നിന്നും വന്നതാണോ അല്ലയോ എന്ന് നിങ്ങൾക്ക് അറിയാനാകൂ. നിങ്ങളോടു, ഒരു ദർശനത്താൽ അത് മുൻകൂട്ടി പറഞ്ഞിരുന്നു. യോഗം തീരുന്നതുവരെ എനിക്കത് നിങ്ങളോട് പറയാൻ കഴിയില്ലായിരുന്നു, കാരണം എന്നെ വിലക്കിയിരുന്നു.

284 ആ രാവിലെ നേരെ സബീനോ കാനിയോനിൽ ഇരിക്കുമ്പോൾ, ഞാൻ എന്റെ കൈകൾ ഉയർത്തിപ്പിടിച്ചിരുന്നു. പിന്നെ എന്റെ...കാറ്റ് അടിച്ചിട്ട് എന്റെ പഴയ കറുത്ത തൊപ്പി താഴെ പറന്നു വീണിരുന്നു. ഞാൻ എന്റെ കൈകൾ ഉയർത്തിപ്പിടിച്ച് അവിടെ എഴുന്നേറ്റ് നിന്ന് പ്രാർത്ഥിക്കുകയായിരുന്നു. ഞാൻ പറഞ്ഞു, "ദൈവമായ കർത്താവേ, ഇത് അർത്ഥമാക്കുന്നത് എന്താണ്? എനിക്ക് അതു മനസ്സിലാക്കാൻ കഴിയുന്നില്ല, കർത്താവെ. ഞാൻ എന്താണ് ചെയ്യേണ്ടത്? ഇത് എന്റെ വീട്ടിലേയ്ക്ക് പോകാനുള്ള സമയമാണെങ്കിൽ, അവർ എന്നെ ഒരിക്കലും കണ്ടെത്താത്ത വിധം, എന്നെ ഇവിടെ കടന്നുവരാൻ അനുവദിക്കൂ. ഞാൻ പോകുമ്പോൾ, ആരും എന്റെ ചുറ്റിനും നടന്നു കരയാനായി ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ—ഞാൻ ഒരു നടത്തത്തിനു പോയി എന്ന് മാത്രം എന്റെ കുടുംബം ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ എന്നെ കണ്ടെത്തുകയില്ല. എവിടെയെങ്കിലും എന്നെ ഒളിപ്പിക്കൂ. ഞാൻ പോകാനായി പോകുകയാണെങ്കിൽ, എന്താ, എന്നെ പോകാൻ അനുവദിക്കൂ. ഒരുപക്ഷേ ജോസഫ് ഏതെങ്കിലും ഒരു ദിവസം എന്റെ ബൈബിൾ ഇവിടെ കിടക്കുന്നത് കാണാൻ ഇടയായിട്ട്, അവൻ അത് ഉപയോഗിച്ചുകൊള്ളട്ടെ. നോക്കൂ, ഞാൻ

പോകുകയാണെങ്കിൽ, കർത്താവെ എന്നെ പോകാൻ അനുവദിക്കു." പിന്നെ ഞാൻ എന്റെ കൈകൾ ഉയർത്തിപ്പിടിച്ചിരുന്നു. അപ്പോൾ, എന്തോ ഒന്ന്, നൊടിനേരത്തിൽ, എന്റെ കൈയ്യിൽ തടഞ്ഞു.

285 എനിക്കറില്ല. എനിക്കു പറയാൻ കഴിയില്ല. ഞാൻ ഉറങ്ങാൻ പോയിരുന്നതാണോ? എനിക്കറില്ല. ഞാൻ ഒരു വിവശതയിൽ ആയതാണോ? എനിക്കറില്ല. അതൊരു മോഹാലസ്യത്തിൽ ആയതാണോ? എനിക്ക് അതറിയില്ല. അതു ഒരു ദർശനമായിരുന്നോ? എനിക്കു നിങ്ങളോട് പറയാൻ കഴിയില്ല. എനിക്ക് പറയാൻ കഴിയുന്ന ഒരോ ഒരു കാര്യം...അതു ആ ദൂതന്മാരെപ്പോലെ തന്നെയായിരുന്നു!

286 അതു എന്റെ കൈയ്യിൽ തടഞ്ഞു. ഞാൻ അതിലേയ്ക്ക് നോക്കി, അതൊരു വാൾ ആയിരുന്നു. അതിനു മുത്തു പതിപ്പിച്ച പിടിയുണ്ടായിരുന്നു, വളരെ മനോഹരം; അതിനു സ്വർണ്ണം കൊണ്ടുള്ള ഒരു കവചവും അതിന്മേൽ ഉണ്ടായിരുന്നു. അതിന്റെ വായ്ത്തല ഒരിനം വെള്ളി പോലെയുള്ള, എന്തോ ഒരു തിളങ്ങുന്ന ലോഹമായിട്ട്, അത് ശരിക്കും തിളങ്ങിയിരുന്നു. അത് അത്രയും നന്നേ മൂർച്ചയേറിയതായിരുന്നു, ഓ, എന്റെ! ഞാൻ ഓർത്തു, "അത് അത്രയും മനോഹരമായ ഒരു കാര്യമല്ലേ?" എന്റെ കൈയ്ക്കു അതു യോജിച്ചിരുന്നു! ഞാൻ ഓർത്തു, "അതു ഭയങ്കരവും സുന്ദരവുമായ ഒന്നായിരിക്കുന്നു. എന്നാൽ," ഞാൻ പറഞ്ഞു, "ഹേയ്, ഞാൻ എപ്പോഴും അത്തരം കാര്യങ്ങളെ, ഒരു വാളിനെ ഭയപ്പെട്ടിരുന്നു." ഞാൻ ചിന്തിച്ചു, "ഞാൻ ഇതുമായിട്ട് എന്തുചെയ്യും?"

287 ഉടനെ ഒരു ശബ്ദം അവിടെയെല്ലാം നടുക്കി, ആ പാറകളെയെല്ലാം ഇളക്കി മറിച്ചുകൊണ്ട് അതുവഴി കടന്നുപോയി. പിന്നെ പറഞ്ഞു, "ഇതു ആ രാജാവിന്റെ വാളാകുന്നു." പിന്നെ ഞാൻ അതിൽ നിന്ന് പുറത്തു വന്നു.

288 "ആ രാജാവിന്റെ വാൾ ആകുന്നു." ഇപ്പോൾ, അതു, "ഒരു രാജാവിന്റെ ഒരു വാൾ..." എന്നാണ് പറഞ്ഞിരുന്നതെങ്കിലോ. എന്നാൽ അതു പറഞ്ഞത്, "ആ രാജാവിന്റെ വാൾ," എന്നാണ്. "ആ രാജാവായി," ഒരുവനെ ഉള്ളൂ, അതു ദൈവമാണ്. മാത്രമല്ല അവനു ഒരു വാളുമുണ്ട്, അതു അവന്റെ വചനമാകുന്നു, അതു മൂലമാണ് ഞാൻ ജീവിച്ചുപോന്നത്. അതിനാൽ, ദൈവമെ എന്നെ സഹായിക്കണമെ; ഇവിടെ അവന്റെ വിശുദ്ധ പ്രസംഗ പീഠത്തിന്മേൽ ഞാൻ നില്ക്കുകയും, അവന്റെ വിശുദ്ധ വചനം ഇതാ ഇവിടെ കിടക്കുകയും ചെയ്യുന്നു! അതു വചനമാകുന്നു! ആമേൻ! ഓ, ഏതൊരു ദിവസത്തിലാണ്

നാം ജീവിക്കുന്നത്? എന്തൊരു മഹത്തായ കാര്യമാണ്! മർമ്മവും രഹസ്യവും കാണുന്നോ? മൂന്നാം...

289 അതെന്നെ വിട്ടുപോയിട്ട് ഞാൻ അവിടെ നില്ക്കുമ്പോൾ, എന്തോ ഒന്നു എന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു, "ഭയപ്പെടേണ്ടാ." ഇപ്പോൾ, ഞാൻ ശബ്ദം കേട്ടില്ല. അതെന്റെ ഉള്ളിൽ നിന്നും സംസാരിക്കും പോലെ ആയിരുന്നു. കൃത്യമായും എന്താണ് സംഭവിച്ചതെന്നു, എനിക്ക് നിങ്ങളോട് സത്യം പറയേണ്ടതുണ്ട്. എന്തോ എന്നിൽ വന്നുമുട്ടിയിട്ടു, പറഞ്ഞു "ഭയപ്പെടേണ്ടാ, ഇതാണ് ആ മൂന്നാം വലി."

290 മൂന്നാം വലി! നിങ്ങൾ അത് ഓർക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അവൻ പറഞ്ഞു, "നീ എന്താണോ വിശദീകരിക്കാൻ ശ്രമിച്ചിരുന്നതു അതിൽ നിനക്ക് വളരെ കപട അനുകാരികൾ ഉണ്ടായിരുന്നു. എന്നാൽ," ഇനിയും "ഇതിനു ശ്രമിക്കുക പോലും അരുത്." നിങ്ങൾ ഇത് ഓർക്കുന്നോ? എത്ര പേർ ആ ദർശനം ഓർക്കുന്നു? ["ആമേൻ."] കാരണം, അതെല്ലാം കഴിഞ്ഞിരിക്കുന്നു. ഇതു ടേപ്പിലായിരിക്കയും, എല്ലായിടത്തുമായിരിക്കയും ആകുന്നു. അത് ഏകദേശം ആറു വർഷമോ ഏഴ് വർഷമോ മുമ്പായിരുന്നു. ഏഴ് വർഷം മുമ്പായിരിക്കണം. പറഞ്ഞു, "അത് വിശദീകരിക്കാൻ ശ്രമിക്കരുത്." "ഇത് മൂന്നാം വലിയാകുന്നു, എന്നാൽ ഞാൻ നിന്നെ അവിടെ വെച്ചു സന്ധിക്കും." ["ആമേൻ."] അത് ശരിയല്ലേ? അവൻ പറഞ്ഞു, "ശ്രമിക്കരുത്".

291 അവൻ എന്നോട് പറഞ്ഞപ്പോൾ, ഞാൻ ഒരു—ഒരു ചെറിയ കുട്ടിയുടെ ഷൂ കൈയ്യിൽ പിടിച്ചുകൊണ്ട് നില്ക്കുകയായിരുന്നു. പറഞ്ഞു, "ഇപ്പോൾ നിന്റെ ഒന്നാമത്തെ വലി വലിക്കുക. അങ്ങനെ നീ ചെയ്യുമ്പോൾ, മീൻ ചൂണ്ടയിലെ ഇരയ്ക്ക് പിന്നാലെ ഓടി എത്തും." പറഞ്ഞു, "പിന്നെ നിന്റെ രണ്ടാം വലി ശ്രദ്ധിക്കുക." പറഞ്ഞു, "കാരണം അതു ചെറിയ മീൻ മാത്രമായിരിക്കും." അവൻ പറഞ്ഞു, "പിന്നെ മൂന്നാം വലിയിൽ അതു കിട്ടും."

292 അപ്പോൾ എല്ലാ ദൈവ വേലക്കാരും എന്റെ ചുറ്റും കൂടി, പറഞ്ഞു, "ബ്രദർ ബ്രൺഹാം, നിങ്ങൾക്ക് അത് ചെയ്യാൻ കഴിയുമെന്ന് ഞങ്ങൾക്ക് അറിയാം! ഹല്ലേലൂയാ! ബ്രദർ ബ്രൺഹാം!" അവിടെയാണ് ഞാൻ എല്ലായ്പ്പോഴും, ഒരു കൂട്ടം പ്രാസംഗികരുടെ ഇടയിൽ ബന്ധനത്തിലാകുന്നത്. മനസ്സിലായോ? ഞാൻ ജനങ്ങളെ ഇഷ്ടപ്പെടുന്നു. നിങ്ങൾ *ഇതും* *അതും* മറ്റുമെല്ലാം അവർക്ക് വിശദീകരിക്കാൻ ആഗ്രഹിക്കുന്നു.

293 ഞാൻ പറഞ്ഞു, "കൊള്ളാം, ഊഹ്, ഊഹ്, ഊഹ്," ഞാൻ പറഞ്ഞു, "എനിക്കറിയില്ല." ഞാൻ പറഞ്ഞു, "മീൻ പിടിക്കുന്നത്

എനിക്കു മനസ്സിലായി. ഇപ്പോൾ," ഞാൻ പറഞ്ഞു, "ഇപ്പോൾ, നിങ്ങൾ ചെയ്യുന്ന ആദ്യത്തെ കാര്യം...ഇപ്രകാരമാണ് അത് ചെയ്യുന്നത്. മീൻ ചുറ്റിനും നിങ്ങൾ കാണുമ്പോൾ; ഇരയെ ഒന്നു ഇളക്കി കൊടുക്കേണ്ട ആവശ്യമുണ്ട്." ശരി, അതാണ് യഥാർത്ഥത്തിൽ മീൻ പിടിക്കുന്നതിനുള്ള സൂത്രം. അതുകൊണ്ട് ഞാൻ പറഞ്ഞു, "ഇരയെ ഇളക്കികൊടുക്കുക. ഇപ്പോൾ നിങ്ങൾ നോക്കു, ഞാൻ ആദ്യമായി, ഇരയെ ഇളക്കിയപ്പോൾ, മീൻ അതിന്റെ പിന്നാലെ ഒരുമിച്ചുകൂടി." എന്നാൽ അവയെല്ലാം ചെറുതായിരുന്നു. അങ്ങനെയാണ് അവർ പിടിച്ചിരുന്നതു.

294 അതിനു ശേഷം ഞാൻ—ഞാൻ പറഞ്ഞു, "പിന്നെ നിങ്ങൾ— നിങ്ങൾ ഇരുന്നിട്ട്..." ഞാൻ അതിനെ കരയ്ക്ക് വലിച്ചിട്ടു. എനിക്കു ഒരു മീൻ കിട്ടി, എന്നാൽ അത് ഇരയുടെ മേലെയുള്ള തൊലി പോലെ ഒന്നായി കാണപ്പെട്ടു...അത് അത്രയ്ക്കും ചെറുതായിരുന്നു.

295 പിന്നെ ഞാൻ അവിടെ നില്ക്കുമ്പോൾ, എന്തോ എന്നോട് പറഞ്ഞു, "അതു ചെയ്യരുതെന്ന് ഞാൻ നിന്നോട് പറഞ്ഞിരുന്നു!"

296 ഞാൻ കരയാൻ തുടങ്ങി. ചൂണ്ട *ഇതുപോലെ,* എന്റെ ചുറ്റുമായി കുരുങ്ങി കിടന്നിരുന്നു. പിന്നെ ഞാൻ...അവിടെ നിന്നുകൊണ്ടു, *ഇങ്ങനെ* എന്റെ തല കുമ്പിട്ടു, കരയുകയായിരുന്നു. ഞാൻ പറഞ്ഞു, "ദൈവമെ! ഓ, ഞാൻ...എന്നോട് ക്ഷമിക്കേണമെ! ഞാൻ ഒരു മൂഢയനായ മനുഷ്യനാണ്. കർത്താവെ, അരുതെ, എന്നോട് ക്ഷമിക്കേണമെ." ഈ ചൂണ്ട എന്റെ—എന്റെ കയ്യിലുണ്ടായിരുന്നു.

297 അതാണ്, എന്റെ കൈയ്യിൽ എനിക്കും ഉണ്ടായിരുന്നതു എന്നാൽ, ഏകദേശം *ഇത്രയും* നീളമുള്ള ഒരു ആ കൊച്ചുകുട്ടിയുടെ ഷൂ ആയിരുന്നു. അതിന്റെ ചരടോ, എന്റെ കൈവിരലിന്റെ അത്രയും വണ്ണമുള്ളതായിട്ട്, ഏകദേശം അര ഇഞ്ചോളം വലുതായിരുന്നു. എന്നാൽ ഈ ഷൂസിലെ ചരട് കയറ്റുന്ന ദ്വാരത്തിന് ഒരിഞ്ചിന്റെ പതിനാറിലൊരു ഭാഗമേ വലിപ്പമുണ്ടായിരുന്നുള്ളു. ആ ചെറിയ ഷൂവിന്റെ ദ്വാരങ്ങളിൽ കൂടെ ഇത്രയും വലുപ്പമുള്ള ചരട് കടത്തി കെട്ടുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. ഹം!

298 ഒരു ശബ്ദമുണ്ടായി, പറഞ്ഞു, "പെന്തക്കോസ്തു കുഞ്ഞുങ്ങളെ അലൗകികമായ കാര്യങ്ങൾ പഠിപ്പിക്കാൻ നിനക്ക് കഴിയില്ല." പറഞ്ഞു, "ഇപ്പോൾ, അവരെ തനിയെ വിട്ടേക്കുക!"

299 അതുകഴിഞ്ഞയുടൻ തന്നെ അവൻ എന്നെ പൊക്കിയെടുത്തു. അവൻ എന്നെ മുകളിലേയ്ക്ക് എടുത്തിട്ട്, എന്നെ ഒരു ഉയർന്ന സ്ഥലത്ത് ഇരുത്തി, അവിടെ ഒരു യോഗം നടക്കുന്നുണ്ടായിരുന്നു.

അത് ഒരു കൂടാരം പോലെയോ, ഒരു കത്തീഡ്രൽ പോലെയോ ഉള്ള ഒന്നായി കാണപ്പെട്ടിരുന്നു. ഞാൻ നോക്കിയപ്പോൾ, അവിടെ ഒരു ചെറിയ പെട്ടിപോലെയുള്ള ഒന്നും, അതിന്റെ വശത്തു ഒരു ചെറിയ സ്ഥലവും കണ്ടു. ആ വെളിച്ചം എന്റെ മുകളിലായി ആരോടോ സംസാരിക്കുന്നത് ഞാൻ കണ്ടു, ആ വെളിച്ചമാണ് നിങ്ങൾ ചിത്രത്തിൽ കാണുന്നത്. അത് എന്റെ അടുക്കൽ നിന്നും, ചുഴലി പോലെ *ഇപ്രകാരം* കറങ്ങിയിട്ട്, കൂടാരത്തിന്റെ മുകളിലൂടെ പോയി. പറഞ്ഞു, "ഞാൻ നിന്നെ അവിടെ സന്ധിക്കും". പറഞ്ഞു, "ഇത് ആ മൂന്നാം വലിയായിരിക്കും, നീ അതു ആരോടും പറയരുത്."

സബീനോ കാനിയോനിൽ വച്ച്, അവൻ പറഞ്ഞു, "മൂന്നാം വലി ഇതാകുന്നു."

300 അവിടെ ആയിട്ട് മൂന്ന് വലിയ കാര്യങ്ങൾ അതോടൊപ്പം പോയി. ഒന്ന് ഇന്നോ...അതല്ല ഇന്നലയോ വെളിപ്പെട്ടു; മറ്റൊന്ന് ഇന്ന് വെളിപ്പെട്ടു; പിന്നെ അവിടെ ഒന്നുണ്ട് അതു എനിക്ക് വ്യഖ്യാനിക്കാൻ കഴിയില്ല, കാരണം, അത് അറിയപ്പെടാത്ത ഭാഷയിലായിരുന്നു. എന്നാൽ ഞാൻ അവിടെ നിന്നുകൊണ്ട് നേരെ അതിലേക്ക് തന്നെ നോക്കിയിരുന്നു. ഈ കടന്നു വരുന്നതു മൂന്നാം വലിയാകുന്നു. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ മൂന്നു പ്രാവശ്യം മുട്ടുന്നു—Ed.] ദൈവത്തിന്റെ പരിശുദ്ധാത്മാവ്...ഓ, എന്റെ!

ആ കാരണത്താലാണ് സ്വർഗ്ഗം മുഴുവനും മൗനമായിരുന്നത്.

301 ഇപ്പോൾ, ഞാൻ—ഞാൻ ഇവിടെ തന്നെ നിർത്തുന്നതാണ് നല്ലത്. നോക്കു, ഇതിനെക്കുറിച്ച് ഇനിയും കൂടുതലായി ഒന്നും പറയരുത് എന്ന് വിലക്ക് കിട്ടുന്നതായി എനിക്ക് അനുഭവപ്പെടുന്നു. മനസ്സിലായോ?

302 അതുകൊണ്ട്, അതാണ് ഏഴാം മുദ്ര തുറക്കപ്പെടാത്തതിന്റെ കാരണം എന്നു, ഓർത്തുകൊള്ളുക. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ ആറു പ്രാവശ്യം മുട്ടുന്നു—Ed.] നോക്കു, അത് അതിനെ വെളിപ്പെടുത്താതിരുന്നതിന്റെ കാരണം ആരും അതിനെപ്പറ്റി അറിയരുത് എന്നതിനാലാണ്.

303 അതിനെപ്പറ്റി ഒരു വചനം പോലും ഞാൻ അറിയുന്നതിനും, വർഷങ്ങൾക്കു മുമ്പുതന്നെ ആ ദർശനം എനിക്കുണ്ടായിരുന്നു എന്ന്, നിങ്ങൾ അറിഞ്ഞിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അത് ഓർക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അങ്ങനെ ഇവിടെ ഇതാ, അത് മറ്റുള്ള ഏതൊന്നിനെയും പോലെ, വചനവുമായി നേരെ കൃത്യമായി

ഒത്തുപോകുന്നു. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ രണ്ടു പ്രാവശ്യം മുട്ടുന്നു—Ed.] ദൈവം എന്റെ ഹൃദയം അറിയുന്നു, ഞാൻ ഒരിക്കലും ഒരു വട്ടംപോലും, അങ്ങനെ ഒരു കാര്യം ചിന്തിച്ചിട്ടില്ല. എന്നാൽ അതു ഇപ്പോൾ ഇതാ ഇവിടെ ആയിരിക്കുന്നു. ഇത് നാം വിചാരിച്ചിരുന്നതിലും താമസിച്ചിരിക്കുന്നു. ഊഹ്-ഹം. ഓ, എന്റെ!

304 എന്തുകൊണ്ടെന്നാൽ, നോക്കു, ദൈവത്തിൽ നിന്നുള്ളതാണ് അതെന്നു കാണിക്കുന്നു. അത് അന്ത്യകാല സന്ദേശത്തിൽ നിന്നുള്ള, ദൈവത്തിന്റെ വാഗ്ദത്തങ്ങളുമായി കൃത്യമായി യോജിച്ചു പോകുന്നു. നിങ്ങൾ ശ്രദ്ധിക്കു. ഇപ്പോൾ ശ്രദ്ധിക്കു, ഈ മുദ്ര, അന്ത്യകാലത്തേക്ക് വേണ്ടിയുള്ള സന്ദേശമാകുന്നു. അവൻ ആറു മുദ്രകൾ വരെ എല്ലാകാര്യങ്ങളും വെളിപ്പെടുത്തിയിട്ട്, ഏഴാമത്തേതിനെപ്പറ്റി ഒന്നും പറയുന്നില്ല. എന്നാൽ അവസാന മുദ്ര, അത് സംഭവിക്കാൻ തുടങ്ങുമ്പോൾ, ബൈബിൾ പ്രകാരം, അത് തികച്ചും പൂർണ്ണമായ ഒരു രഹസ്യമായിരിക്കും, അത് അറിയുന്നതിന് മുമ്പാകുന്നു. കൂടാതെ ഓർക്കു, വെളിപ്പാട് 10:17 വരെ, 1 തൊട്ട് 7 വരെ, 10-ാം അദ്ധ്യായം 1 തൊട്ട് 7 വരെ, "ഏഴാം ദൂതന്റെ സന്ദേശത്തിന്റെ അവസാനത്ത്, ദൈവത്തിന്റെ സകല മർമ്മങ്ങളും വെളിപ്പെടുകയും വേണം." നാം അന്ത്യ സമയത്ത്, ഏഴാം മുദ്ര തുറക്കുന്ന സമയത്താകുന്നു.

305 ഇപ്പോൾ, ഞാൻ അറിഞ്ഞത് എങ്ങനെ? കഴിഞ്ഞ ദിവസം, കഴിഞ്ഞ ഞായറാഴ്ച, ഇന്നേയ്ക്ക് ഒരാഴ്ച മുമ്പ്, ഞാൻ "എളിമയുള്ളവനായിരിക്ക! എളിമയുള്ളവനായിരിക്ക! എന്നതിന്മേൽ പ്രസംഗിച്ചിരുന്നു. ഓർക്കു, ദൈവം ചെറിയ കാര്യങ്ങളിൽകൂടെ പ്രവർത്തിക്കുന്നു." അത് എന്തിനെപ്പറ്റിയാണ് പറയുന്നതെന്ന് വാസ്തവമായും എനിക്ക് തിരിച്ചറിയാനായിരുന്നില്ല. ഇപ്പോൾ ഞാൻ അതു കാണുന്നു. ഇത് അത്രയും എളിമയായ ഒരു രീതിയിലാകുന്നു! നിങ്ങൾ അതിനെപ്പറ്റി അത് എന്തെങ്കിലും അതുപോലെയുള്ള കാര്യമായിട്ട് അത് വത്തിക്കാനിലോ...അതല്ല മറ്റാർക്കെങ്കിലും വെളിപ്പെടും എന്ന് വാചാരിച്ചിരുന്നു എന്നുവരാം, എന്നാൽ, അത് യോഹന്നാൻ സ്നാപകന്റെ അടുക്കൽ എത്തിയതു പോലെയാകുന്നു. അത് നമ്മുടെ കർത്താവിന്റെ ജനനം ഒരു കന്നുകാലി തൊഴുത്തിൽ ആയിരുന്നതുപോലെയാകുന്നു. ദൈവത്തിന് സ്തുതിയായിരിക്കട്ടെ! അതിനാൽ എന്നെ സഹായിക്കുക, നാഴിക അടുത്തിരിക്കുന്നു! ആമേൻ! നാം ഇവിടെ ആയിരിക്കുന്നു. ഓ, എന്റെ!

306 ഏഴ് ദൂതന്മാർ പടിഞ്ഞാറ് നിന്നും കൊണ്ടുവന്ന, ദൈവീക ദർശനത്തിലെ സത്യത്തെ, ഇപ്പോൾ നിങ്ങൾ കാണുന്നോ? അവർ പടിഞ്ഞാറ് നിന്നും വരികയായിരുന്നു, തിരികെ കിഴക്കു

ദിശയിലേക്ക്, ഇന്ന് രാത്രിയിലെ ഈ സന്ദേശത്തിനായി ഇവിടേക്ക് കൊണ്ടുവരികയായിരുന്നു. [ബ്രദർ ബ്രൺഹാം പ്രസംഗവേദിയിൽ രണ്ടു പ്രാവശ്യം മുട്ടുന്നു—Ed.] ഓ, എന്റെ!

307 ഇപ്പോൾ, ആ വലിയ ഇടിനാദത്തിന്റെ ശബ്ദവും, ഇവിടെ കൊണ്ടുവന്ന് തന്ന ആ ദൗത്യവും, വെളിപ്പെട്ടിരിക്കുകയും, അതിനാൽ അതു...ദൈവത്തിൽ നിന്നായിരുന്നു എന്ന് തെളിയിച്ചിരിക്കുകയും ചെയ്യുന്നു. ഇപ്പോൾ അതൊന്ന് ചിന്തിച്ചുനോക്കുക. എനിക്ക് ഈ മുദ്രകൾ അറിയില്ലായിരുന്നു, അവ ഈ ആഴ്ചയിൽ വെളിപ്പെട്ടിരിക്കുന്നു. ആരെങ്കിലും ഇതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ, അതായത് ആ ഏഴ് ദൂതന്മാർ തന്നെ ഇത് ആയിരിക്കെ, വരുവാനിരുന്ന ആ സന്ദേശം ആയിരിക്കെ, ആ ദൂതന്മാർ അതിന് വേണ്ടി എന്നെ ഇവിടെ കൊണ്ടുവന്നിരിക്കുന്നതല്ലേ? കാണുന്നോ?

308 ഓർക്കുക, ഏഴാമത്തെ ദൂതൻ...ഏഴ് ദൂതന്മാരിൽ...എനിക്ക് ശ്രദ്ധേയമായ ഏഴാമത്തെ ദൂതൻ, മറ്റുള്ളവരെക്കാളെല്ലാം പ്രാധാന്യം അർഹിക്കുന്നവനായി എനിക്ക് കാണപ്പെട്ടിരുന്നു. ഇപ്പോൾ, നോക്കു, അവർ *ഇങ്ങനെ* നില്ക്കുകയായിരുന്നു. ഇപ്പോൾ, നിങ്ങൾ ഇത് ശ്രദ്ധിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞാൻ *ഇവിടെ* നിന്നുകൊണ്ട്, മറ്റുള്ളവരെയെല്ലാം ശ്രദ്ധിക്കുകയായിരുന്നു...

309 നോക്കു, ആദ്യം, ഒന്നാമത്തേതു ഒരു ചെറിയ പക്ഷികളുടെ കൂട്ടം, ഇുവലുകൾ എല്ലാം താഴേക്കായിരുന്നു. നിങ്ങൾ അവയെ ഓർക്കുന്നുണ്ടോ? അവയെല്ലാം കിഴക്കോട്ട് പറന്നുപോയി. രണ്ടാമത്തെ കൂട്ടം, കൂടുതൽ തേജസ്സുള്ള, വലിയ പക്ഷികളുടെ കൂട്ടമായിട്ട്, അവയ്ക്ക് അറ്റം കൂർത്ത ചിറകുകളോടെ കൂടി, പ്രാവുകളെപ്പോലെ കാണപ്പെട്ടിരുന്നു. അവ കിഴക്കോട്ട് പറന്നു പോയി. ഒന്നാം വലി, രണ്ടാം വലി, അടുത്തു വന്നത് ദൂതന്മാർ ആയിരുന്നു.

310 ഞാൻ അവിടെ വലതു വശത്തു നില്ക്കുകയായിരുന്നു, അവിടെ ഈ ഇടത്തു വശത്തു സ്ഫോടനമുണ്ടായി. ഞാൻ *ഈ* രീതിയിൽ, പടിഞ്ഞാറോട്ട് നോക്കി നില്ക്കുമ്പോൾ, അവർ വന്ന് എന്നെ പൊക്കിയെടുത്തുകൊണ്ടു അവിടേയ്ക്കു പോയി. എന്റെ അറിവിൽ നിന്ന് ഞാൻ പൊടുന്നനെ പുറത്തായി കഴിഞ്ഞിരുന്നു. അവരിൽ ഒരാൾ, വന്നിരുന്നത്, എനിക്ക് അത്രമാത്രം പ്രത്യേകതയുള്ളവനായി കാണപ്പെട്ടിരുന്ന ഒരുവൻ, എന്റെ...ഇടത്തു വശത്തായിരുന്നിട്ട്, അതു വഴിയാണ് ഞാൻ ആ സഞ്ചയത്തുനുള്ളിലേയ്ക്ക് കടന്നത്. എന്റെ ഇടത്തുനിന്ന് വലത്തേക്ക് എണ്ണിയാൽ, നോക്കു, അപ്പുറത്തായി നിന്നിരുന്നത് ഏഴാമത്തെ ദൂതൻ ആകേണ്ടിയിരുന്നു. ഇപ്പോൾ, ഏഴു ദൂതന്മാർ ഉണ്ടായിരുന്നു എന്നു ഓർക്കുക.

311 ജൂനിയർ ജാക്സനു ഉണ്ടായ സ്വപ്നത്തിലെ, വെള്ള പാറയുടെ പിരമിഡിനെ, ഞാൻ നിങ്ങൾക്ക് വ്യാഖ്യാനിച്ച് തന്നതു നിങ്ങൾ ഓർക്കുന്നില്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] കാണുന്നോ? ശ്രദ്ധിക്കു, ഞാൻ പുറപ്പെട്ടുപോയ ആ രാത്രിയിൽ, പിന്നെ ഞാൻ...അവിടെ ആറ് സ്വപ്നങ്ങൾ കാണുകയും, അവയെല്ലാം നേരെ ഒരേ കാര്യത്തിലേക്ക് പോകയും ചെയ്തു. പിന്നെ ദർശനം തുടങ്ങിയിട്ട്, പടിഞ്ഞാറേക്ക് അയച്ചു. മാത്രമല്ല, ജൂനിയർ, അവൻ അതിലേക്കു നോക്കിക്കൊണ്ടിരിക്കുമ്പോൾ...ശ്രദ്ധിക്കു. എത്ര പൂർണ്ണമായിരിക്കുന്നു!

312 ഇപ്പോൾ, ഇതിന്റെ എല്ലാം രചയിതാവായ യേശുക്രിസ്തുവിന്റെ മേൽതന്നെ ഞാൻ—ഞാൻ ഈ കൃപയെല്ലാം ഇടാൻ ശ്രമിക്കുന്നു എന്നു ജനങ്ങളായ നിങ്ങൾ തിരിച്ചറിയും എന്നു പ്രതീക്ഷിക്കുകയും ആശിക്കുകയും ചെയ്യുന്നു. ആ കാരണത്താലാണ്, ഞാൻ ഇതുപോലെ സംസാരിച്ച് ഇതിന് മുമ്പൊരിക്കലും നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ കേട്ടില്ലാത്തത്, എന്നാൽ ആ നാഴിക അടുത്തു കൊണ്ടിരിക്കുന്നു. കാണുന്നോ? മനസ്സിലായോ? ശ്രദ്ധിക്കു.

313 ഇപ്പോൾ നിങ്ങൾക്ക് ഇത്, ഉറപ്പ് വരുത്താനായി, അതിനാൽ ആഴത്തിൽ ഇത് ഉറപ്പിക്കാൻ കഴിയും. ഞാൻ നിങ്ങളെ വിട്ട് വീണ്ടും പോകാൻ പോകുന്നു. ഞാൻ എവിടേയ്ക്ക് പോകുന്നു എന്ന് എനിക്കറിയില്ല. എനിക്കു സുവിശേഷം മറ്റു സ്ഥലങ്ങളിലും പ്രസംഗിക്കേണ്ടതുണ്ട്. എന്നാൽ ഇപ്പോൾ, അത്...

314 നിങ്ങൾ പറഞ്ഞേക്കാം, "ഞാൻ ആ രീതിയിലുള്ള മതഭ്രാന്തുകൾ എല്ലാം കേട്ടിട്ടുണ്ട്." എന്താണെന്ന് എനിക്കറിയില്ല; എനിക്ക് മറ്റൊരാളെ ന്യായം വിധിക്കാൻ കഴിയില്ല.

315 എനിക്ക് ദൈവത്തോട് എന്നെ സംബന്ധിച്ച് മാത്രമേ ഉത്തരം പറയേണ്ടതുള്ളു. എന്നാൽ കർത്താവിന്റെ നാമത്തിൽ ഇത്രയും കാലം ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യങ്ങളിൽ ഒന്ന് ശരിയല്ലാത്തതായിരുന്നിട്ടുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ഇല്ല."—Ed.] മറ്റാർക്കും അത് പറയാൻ കഴിയില്ല, കാരണം അവൻ എന്നോട് പറഞ്ഞ പ്രകാരം തന്നെ എപ്പോഴും ഞാൻ അത് നിങ്ങളോട് പറഞ്ഞിരുന്നു.

316 ഇപ്പോൾ, ഇത് ശരിക്കും സത്യമാണെന്ന് നിങ്ങളെ കാണിച്ചുകൊണ്ട്, ഇത് ഉറപ്പിക്കട്ടെ.

317 ഇപ്പോൾ ഓർക്കു, "നിങ്ങളുടെ ഇടയിൽ ഒരു ആത്മീയനോ, പ്രവാചകനോ ഉണ്ടെങ്കിൽ, കർത്താവായ ഞാൻ അവനോട്

ദർശനങ്ങളിൽ സംസാരിക്കും, സ്വപ്നങ്ങളിൽ കൂടി അവനെ അറിയിക്കുകയും ചെയ്യും." അത് സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നതാണ്. യോസേഫിന് സ്വപ്നം വ്യാഖ്യാനിക്കാനും, സംസാരിക്കാനും, ദർശനങ്ങൾ കാണാനും കഴിഞ്ഞിരുന്നു. അത് ശരിയല്ലേ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.]

318 ഇപ്പോൾ ഇതു ശ്രദ്ധിക്കൂ. അതായത്, ഇപ്പോൾ, ഇതു സംഭവിക്കുമ്പോൾ, ജൂനിയർ ഒരു വെളിമ്പ്രദേശത്തു നില്ക്കുകയും, അവിടെ അതു ഒരു വലിയ പിരമിഡുപോലെ ഒന്നു—ഒന്നു ഉണ്ടായിരിക്കുകയും ചെയ്തിരുന്നു. അവിടെ ആ പാറയുടെ മേൽവശത്തായി എന്തോ എഴുതിയിട്ടുണ്ടായിരുന്നു, ഞാൻ അതിനെ ജനങ്ങൾക്കു വെളിപ്പെടുത്തിക്കൊടുക്കയായിരുന്നു. ജൂനിയറേ, അതു ശരിയല്ലേ? [സഹോദരൻ ജൂനിയർ ജാക്സൻ പറയുന്നു, "അതു ശരിയാണ്."—Ed.] ഇത് സംഭവിച്ചതു ഏകദേശം ഒരുവർഷം മുമ്പായിരുന്നു.

319 ഇപ്പോൾ അടുത്ത കാര്യം ശ്രദ്ധിക്കൂ. ഞാൻ ഏതോ തരത്തിൽപ്പെട്ട ഒരു ലോഹ കമ്പി എടുത്ത്, അത് മുറിച്ചു തുറന്നപ്പോൾ, അതിനുള്ളിൽ യാതൊന്നും എഴുതിയിട്ടില്ലാത്ത ഒരു വെള്ള കല്ല് ഉണ്ടായിരുന്നു. ആ സമയത്ത് തന്നെ, ഞാൻ പടിഞ്ഞാറേക്ക് യാത്ര തുടങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ അവരോട് എല്ലാവരോടും പറഞ്ഞു, ഞാൻ പറഞ്ഞു, "നിങ്ങൾ പടിഞ്ഞാറേക്ക് പോകരുത്, ഇവിടെ തന്നെ നിന്നുകൊണ്ട് ഞാൻ തിരികെ വരുവോളം ഇതിന്മേൽ നോക്കിക്കൊണ്ടു നിൽക്കേണം." സ്ഫോടനത്തിനായി, ഞാൻ പടിഞ്ഞാറേക്ക് പോയിട്ട്; തിരികെ ഈ എഴുതപ്പെടാത്ത വചനത്തിന്റെ പരിശുദ്ധാത്മാവിനാലുള്ള വ്യാഖ്യാനത്തോടുകൂടി കിഴക്കു വന്നു. ഇപ്പോൾ, അത് സമ്പൂർണ്ണമായും സർവ്വശക്തനായ ദൈവം അല്ലെങ്കിൽ, പിന്നെ അതു എന്താണെന്ന് നിങ്ങൾ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

320 ഇതെപ്പറ്റി ഞാൻ പറയാൻ ശ്രമിക്കുന്നത് എന്താണെന്നറിയാമോ സ്നേഹിതരേ? നാം അന്ത്യ കാലത്താണ് എന്നു കാണിക്കുന്നതിനാകുന്നു. ഇപ്പോൾ, മറ്റു കാര്യങ്ങളെല്ലാം പൂർണ്ണമായും പുള്ളിപോലും മാറ്റമില്ലാതെ വചനവുമായി ഒത്തുചേർന്നു പോയിരിക്കുന്നെങ്കിൽ, ഇതും സമ്പൂർണ്ണമായി വചനത്തോട് പുള്ളി പോലും മാറ്റമില്ലാതെ പോകുന്നു! നാം ഇവിടെ ആകുന്നു. സ്നേഹിതരെ, നാം അന്ത്യ കാലത്താകുന്നു.

321 "ഇനി കാലം ഉണ്ടാകയില്ല," എന്നതു അതി വേഗത്തിൽ ഉണ്ടാകും. ദശ ലക്ഷങ്ങൾ അവരുടെ ജീവിതം നഷ്ടമാക്കും. ദശ

ലക്ഷണങ്ങൾ ഉണ്ടാകും, അവർ ഇപ്പോൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു വിശ്വസിക്കുന്നു, അവരെ അണു ശക്തിയുടെ ഇരയ്ക്കായി എണ്ണിയിരിക്കുന്നു. നാം അന്ത്യ നാഴികയിലാണ് ജീവിക്കുന്നത്. സർവ്വശക്തനായ ദൈവത്തിന്റെ കൃപയാൽ, അവന്റെ ജനങ്ങൾക്ക് അവൻ നൽകുന്ന സഹായത്താൽ, അവർ ക്രിസ്തുവിന്റെ ഉടനുള്ള പ്രത്യക്ഷതക്കായി നോക്കി കാത്തിരിക്കേണ്ടതാകുന്നു! "എത്ര കാലം, ബ്രദർ ബ്രൺഹാം?" ചിലപ്പോൾ ഇരുപതു വർഷങ്ങൾ; ചിലപ്പോൾ അമ്പതു വർഷത്തിനുള്ളിൽ, ഒരുപക്ഷേ നൂറു വർഷത്തിനുള്ളിലും ആകാം. എനിക്ക് അറിയില്ല. ചിലപ്പോൾ പ്രഭാതത്തിലായിരിക്കാം; ഒരുപക്ഷേ ഇന്നു രാത്രിയിലും ആകാം. എനിക്ക് അറിയില്ല. ആരെങ്കിലും തനിക്ക് അറിയാമെന്ന് അവർ പറഞ്ഞാൽ, അവർ തെറ്റാണ്. മനസ്സിലായോ? അവർക്കും അറിയില്ല. ദൈവത്തിനു മാത്രമേ അറിയൂ.

322 ഇപ്പോൾ ശ്രദ്ധിക്കു. അതുകൊണ്ട് എന്നെ സഹായിക്കു, ദൈവത്താൽ, ഞാൻ സത്യം പറയുന്നു, അതായത് ഈ കാര്യങ്ങൾ എനിക്ക് ആത്മീയമായി വിവേചിച്ചു തന്നിരിക്കുന്നു, പരിശുദ്ധാത്മാവിനാൽ വിവേചിച്ചു കിട്ടിയതാകുന്നു. അവ ഓരോന്നും, ബൈബിളിലുള്ള അതിന്റെ സ്ഥാനത്തെ തിരിച്ചറിയിക്കുന്നു.

323 ഇപ്പോൾ, ഈ മുദ്രയുടെ അടിയിലായി കിടക്കുന്ന ആ മഹത്തായ രഹസ്യം എന്താണെന്ന്, എനിക്ക് അറിഞ്ഞുകൂടാ. എനിക്ക് അത് അറിയില്ല. എനിക്ക് അതിനെ പുറത്തെടുക്കാൻ കഴിഞ്ഞില്ല. അത് എന്താണ് പറഞ്ഞതെന്ന്, എനിക്കു പറയാൻ കഴിയില്ല, എന്നാൽ അത് ഏഴ് ഇടിയും അടുത്തടുത്തു ഏഴ് വ്യത്യസ്ത സമയങ്ങളിൽ, പല തവണകളായി സ്വയം നാദം മുഴക്കിയതാണെന്ന് എനിക്കറിയാം. അത് ഞാൻ കണ്ടിരുന്ന മറ്റ് ചില കാര്യങ്ങളിലേക്ക് തുറക്കപ്പെടുകയുണ്ടായി. പിന്നെ, ഞാൻ അതു കണ്ടപ്പോൾ, അതിന്റെ വ്യാഖ്യാനത്തിനായി നോക്കി. അതു നേരെ കുറകെ പറന്നു പോയതിനാൽ, എനിക്കു അതു ഉണ്ടാക്കാൻ കഴിഞ്ഞില്ല. അതു ശരിക്കും സത്യമാകുന്നു. മനസ്സിലായോ? അതിന്റെ നാഴിക അതുവരെയും വന്നിരുന്നില്ല.

324 എന്നാൽ, നോക്കു, അതു ആ ചക്രഗതിയിലേയ്ക്ക് നീങ്ങികൊണ്ടിരിക്കുന്നു. അതു അടുത്തു വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, നിങ്ങൾ ചെയ്യേണ്ട കാര്യം കർത്താവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് പറഞ്ഞിരിക്കുന്നു എന്ന് ഓർത്തുകൊള്ളുക. ഒരുങ്ങിയിരിക്കുക, കാരണം ചിലതെല്ലാം സംഭവിക്കാൻ പോകുന്ന സമയം ഏതാണെന്ന് നിങ്ങൾക്ക് അറിയില്ലല്ലോ.

325 ഇപ്പോൾ, അതു ടേപ്പിലായി കഴിയുമ്പോൾ, അതു അതിലാകുന്നു, അതു ചിലപ്പോൾ എന്റെ പതിനായിരക്കണക്കിന് സ്നേഹിതരെ എന്നിൽ നിന്നും അകറ്റാനിടയുണ്ട്. കാരണം, അവർ പറഞ്ഞേക്കാം, "ബ്രദർ ബ്രൺഹാം തന്നെത്താൻ, ദൈവ മുമ്പാകെ, ഒരു ദാസനായിട്ടോ അതോ ഒരു പ്രവാചകനായിട്ടോ അല്ലെങ്കിൽ മറ്റെന്തോ ആക്കിതീർക്കാൻ ശ്രമിക്കുന്നു." ഞാൻ നിങ്ങളോട് പറയട്ടെ, എന്റെ സഹോദരന്മാരെ, അതൊരു പിശകാണ്.

326 ഞാൻ കണ്ടതും, എന്നോട് പറയപ്പെട്ടതും മാത്രം, ഞാൻ നിങ്ങളോടു പറയുന്നു. ഇപ്പോൾ നിങ്ങൾ—നിങ്ങൾ ആഗ്രഹിക്കുന്നത് എന്തും ചെയ്തു കൊള്ളുക. എനിക്കറിയില്ല ആരാണ്...എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് എനിക്ക് അറിയില്ല. എനിക്ക് അറിയില്ല. ആ ഏഴു ഇടി നാദങ്ങൾ മർമ്മത്തെ കൈവശം വെച്ചിരിക്കുന്നു എന്ന് മാത്രം എനിക്കറിയാം. സ്വർഗ്ഗം മൗനമായിരുന്നു. എല്ലാവരും മനസ്സിലാക്കുന്നോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] കാഴ്ചയിൽ വരാനായി നാം പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന ഈ മഹാൻ വ്യക്തി കാഴ്ചയിൽ വരാൻ, ഒരുപക്ഷേ ഇനിയും സമയമുണ്ടായിരിക്കാം, ഒരുപക്ഷേ ഇനി ഒരു മണിക്കൂറേ ശേഷിക്കുന്നുള്ളൂ എന്നും വരാം.

327 ഒരുപക്ഷെ ഈ ശുശ്രൂഷ, ജനങ്ങളെ തിരികെ ദൈവത്തിന്റെ വചനത്തിലേയ്ക്ക് കൊണ്ടു വരുന്നതിനായി ഞാൻ ശ്രമിച്ചിരുന്നത്, അതിനൊരു അടിസ്ഥാനം ഇട്ടിട്ട്; അതു അങ്ങനെയാണെങ്കിൽ, ഞാൻ നിങ്ങളെ വിട്ട് പോകുന്നത് നല്ലതിനായിരിക്കും. ഒരേ സമയം ഞങ്ങൾ രണ്ടു പേരും ഇവിടെ ഉണ്ടായിരിക്കില്ല. മനസ്സിലായോ? അത് അങ്ങനെയെങ്കിൽ, അവൻ വളരേണം, ഞാനോ കുറയേണം, എനിക്കറിയില്ല.

328 എന്നാൽ അതു എന്തായിരുന്നു എന്ന് നോക്കി കാണുന്നതിന്, എനിക്കു ദൈവത്താൽ, എനിക്കു വിശേഷാവകാശം പ്രാപിക്കുകയും, നോക്കു, അത്രമാത്രം വെളിവാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ, അതു സത്യമാകുന്നു.

329 ഈ ആഴ്ചയിൽ സംഭവിച്ചു കൊണ്ടിരുന്ന കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് എനിക്കു ഉറപ്പാകുന്നു. കഴിഞ്ഞ രാത്രിയിൽ, സഹോദരൻ കോളിൻസിന്റെ കൊച്ചു മകൻ മരിക്കാനായി അവിടെ കിടന്നിരുന്നതും; ആ രക്താർബുദം പിടിപ്പെട്ട കൊച്ചുപെൺകുട്ടിയെയും നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് എനിക്കും ഉറപ്പാണ്.

330 ദൈവരാജ്യം വരുന്നു. അത് നേരത്തെ ആയിരുന്നതുപോലെ നിഷേധാത്മകത്തിൽ നിന്നും കൂടുതൽ യാഥാർത്ഥ്യം

ആയിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ, അത് ജനങ്ങളെ സ്തംഭിപ്പിക്കാനിടയാക്കരുത്. നീതീകരണത്തിൽ നിന്നും, വിശുദ്ധീകരണത്തിലേക്കും, പിന്നെ പരിശുദ്ധാത്മാഭിഷേത്തിലൂടെ വന്നു, ഇതാ *ഇവിടെ, ഇവിടെ* എത്തിയിരിക്കുന്നു. മനസ്സിലായോ? നാം എല്ലാ സമയവും കൂടുതൽ ദൈവത്തോട് അടുത്തു വരികയാണ്.

331 മെഥോഡിസ്റ്റ ദൈവ വേലക്കാരായ നിങ്ങൾക്ക് നിങ്ങളുടെ വിശുദ്ധീകരണത്തിന്റെ സന്ദേശം ലൂഥർ പ്രസംഗിച്ചിരുന്നതിനേക്കാൾ ഉയർന്നതായി കാണാൻ കഴിയുന്നില്ലേ?

332 പെന്തെക്കോസ്തുകാരായ നിങ്ങൾക്ക്, പരിശുദ്ധാത്മാഭിഷേകത്തിന്റെ നിങ്ങളുടെ സന്ദേശം, മെഥഡിസ്റ്റുകാർ പ്രസംഗിച്ചിരുന്നതിനും ഉയർന്നതായിരുന്നു എന്ന് നിങ്ങൾ കാണുന്നില്ലേ? ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നോ?

333 ഓ, നമുക്ക് ഇപ്പോൾ വളരെയധികം കാര്യങ്ങൾ ഇതുപോലെ പോയ്ക്കഴിഞ്ഞിരിക്കുന്നു! അത് ശരിയാണ്. ആരെങ്കിലും തെറ്റിനെ നിന്ദിക്കാതെയും, ജനങ്ങൾ സത്യമല്ലാത്ത എന്തിനെയെങ്കിലും കളവായി പറയുമ്പോൾ, ഞാൻ അതിനെ വെറുക്കുകയും ചെയ്യുന്നു.

334 എന്നാൽ, ഞാൻ ദൃഢമായ സത്യം ഇഷ്ടപ്പെടുന്നു, അത് എത്രമാത്രം *ഈ രീതിയിലോ* അതല്ല *ആ രീതിയിലോ* അതിനെ തടസ്സപ്പെടുത്തിയാലും ഞാൻ കാര്യമാക്കുന്നില്ല. അതു സത്യമാണെങ്കിൽ, ദൈവം തന്നെ അവസാനം അത് സത്യമാണെന്ന് കാണിച്ചുതരും. ഈ വരും ദിവസങ്ങളിൽ ഒന്നിൽ, അവൻ അതു കാണിക്കുന്നില്ല എങ്കിൽ, പിന്നെ എന്റെ ദർശനങ്ങൾ ശരിയായിരുന്നില്ല. ഇപ്പോൾ ഞാൻ എന്നെ തന്നെ എവിടെ ഇട്ടിരിക്കുന്നു എന്നു നിങ്ങൾ തന്നെ കാണുക.

335 "ബ്രദർ ബ്രൺഹാം, അത് എപ്പോഴായിരിക്കും?" എനിക്ക് നിങ്ങളോട് പറയാൻ കഴിയില്ല. എനിക്കറിയില്ല.

336 എന്നാൽ, ഈ വരും ദിവസങ്ങളിൽ ഒന്നിൽ, ഈ ഭൂമിയിൽ നാം വീണ്ടും ഒരിക്കലും കണ്ടുമുട്ടുന്നില്ല എങ്കിൽ, നാം അവിടെ ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ കണ്ടുമുട്ടാൻ പോകുകയാണ്. അത്, ആ മുറിയിൽ, മറ്റുള്ള എല്ലാം ആയിരുന്നതുപോലെ തന്നെ, ദൈവത്തിൽ നിന്നുള്ള വെളിപ്പാട് തന്നെയായിരുന്നു എന്ന് കണ്ടുപിടിക്കും. ആ മുദ്രയിലെ രഹസ്യത്തിൽ ഒരെണ്ണം, അത് വെളിപ്പെടാതിരുന്നത്, അത് ഏഴു ഇടി നാദങ്ങൾ അവരുടെ ശബ്ദം മുഴക്കിയതിനാലാണ്. അത് പൂർണ്ണമായും അവിടെയുണ്ട്. കാരണം അതിനെക്കുറിച്ച്

ആർക്കും ഒന്നും അറിയില്ല. അത് എഴുതിയിട്ട് പോലുമില്ലായിരുന്നു. അങ്ങനെ നാം അന്ത്യ കാലത്തായിരിക്കുന്നു. നാം ഇവിടെയാകുന്നു. അവന്റെ വചനത്തിനായി ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

337 ഞാൻ യേശുക്രിസ്തുവിന് വേണ്ടി അവന് നന്ദിയർപ്പിക്കുന്നു. കാരണം, നമ്മുടെ പാപപരിഹാരത്തിനായി അവനെ അയച്ചില്ലായിരുന്നു എങ്കിൽ, യാതൊരു പ്രതീക്ഷയുമില്ലാതെ, നാം എല്ലാവരും പാപത്തിന്റെ ചെളിക്കുണ്ടിൽ കഴിയുമായിരുന്നു. എന്നാൽ, അവന്റെ കൃപയാൽ, അവന്റെ—അവന്റെ രക്തം സകല പാപവും കഴുകിക്കളയുന്നു. അത് ഒരു തുള്ളി മഷി, ക്ലോറോക്സ് ബ്ലീച്ചുള്ള ഒരു ബക്കറ്റിലേയ്ക്ക് വീഴുന്നതു പോലെയാണ്, നിങ്ങൾക്ക് പിന്നെ ആ മഷി കണ്ടുപിടിക്കാൻ കഴിയില്ല. നമ്മുടെ പാപങ്ങൾ ഏറ്റ് പറയപ്പെട്ടു കഴിയുമ്പോൾ, അത് യേശുക്രിസ്തുവിന്റെ രക്തത്തിലേയ്ക്ക് വീഴുന്നു; അത് പിന്നെ ഒരിക്കലും അറിയാനാകുന്നില്ല. ദൈവം അവയെ മറന്നു കളയുന്നു; അത് ഒരിക്കലും ചെയ്തിട്ടുപോലും ഇല്ല. നമ്മുടെ പ്രായശ്ചിത്തത്തിന് വേണ്ടിയുള്ള ആ ബലി അവിടെ കിടക്കുന്നിടത്തോളം, പിന്നെ അത് ധാരാളമാകുന്നു. അതാകുന്നു ഇത് നോക്കു. നാം ഇനിയും പാപികളല്ല. ദൈവ കൃപയാൽ, നാം ക്രിസ്ത്യാനികളാകുന്നു. ഓർക്കു, നാം നമുക്ക് തന്നെ, നാം എപ്പോഴും ആയിരുന്നതു പോലെ മോശപ്പെട്ടവരായിരുന്നേക്കാം. എന്നാൽ, നോക്കു, ദൈവത്തിന്റെ കൃപ നമുക്ക് പ്രത്യക്ഷമായിട്ട്, അതാണ് നാം ഇന്ന് ആയിരിക്കുന്നതാക്കി നമ്മെ മാറ്റിയിരിക്കുന്നത്, അത് ക്രിസ്തീയ സഹോദരന്മാരും സഹോദരികളുമാകുന്നു.

338 ഇത് എനിക്കൊരു ഭയങ്കരമായ ആഴ്ചയായിരുന്നു. ഞാൻ ക്ഷീണിച്ചിരിക്കുന്നു. എന്റെ മനസ്സ് ക്ഷീണിച്ചിരിക്കുന്നു. കാരണം, ഞാൻ—ഞാൻ ചെയ്തിട്ട്...എനിക്ക് ചെയ്യാൻ കഴിയുന്നതിലും വച്ചേറ്റവും നന്നായി ഞാൻ ചെയ്തിരിക്കുന്നു. ഓരോ ദിവസവും, വിചിത്രമായ എന്തോ ഒന്ന് നടന്നു കൊണ്ടിരുന്നു. അത് എന്നെ അതിശയപ്പെടുത്തിയിരുന്നു; ആ മുറിയിൽ നടന്നു കൊണ്ട്; കുറച്ച് നേരം അവിടെ ആയിരിക്കുകയും, എന്തോ ഒന്ന് എന്നെ പൂർണ്ണമായും മാറ്റിക്കളഞ്ഞിരുന്നതായി കണ്ടു.

339 എന്നിട്ട്, ഇവിടെ, ഞാൻ അവിടേയ്ക്ക് ചെന്ന് കുറിപ്പുകളെല്ലാം എടുത്തു നോക്കും. ഞാൻ ഡോക്ടർ. സ്മിത്തിന്റെയും, ഊറിയാ സ്മിത്തിന്റെയും, അങ്ങനെ, ഓ, സകല എഴുത്തുകാരുടെയും പുസ്തകങ്ങളും മറ്റും എടുക്കും, അവരുടെ പുസ്തകത്തിൽ നിന്നും വായിക്കുകയും മറ്റും ചെയ്തിട്ട് പറയും, "ഇപ്പോൾ, *ഇവിടെ* ഇതാ ആറാം മുദ്ര. *ഇവിടെ* ഇതാ നാലാം മുദ്ര. ഇപ്പോൾ ഈ വ്യക്തി എന്താണ്

പറയുന്നത്? അവൻ ഇങ്ങനെ പറയുന്നു, 'അതെ, അതു *ഇതായിരുന്നു*, *അതായിരുന്നു* അല്ലെങ്കിൽ *മറ്റേതായിരുന്നു*.'" പിന്നെ ഞാൻ മറ്റൊരു എഴുത്തുകാരന്റെ പുസ്തകം എടുത്തു വായിക്കും. അദ്ദേഹം അത് *ഇന്നഇന്ന പ്രകാരം* ആകുന്നു എന്ന് പറയും. അങ്ങനെ അതെല്ലാം കണ്ടാൽ...അതൊന്നും ശരിയായി യോജിച്ച് വന്നിരുന്നതുമില്ല. മനസ്സിലായോ?

340 പിന്നെ ഞാൻ ചിന്തിച്ചു, "അതെ, കർത്താവെ, ഇത് എന്താണ്?" പിന്നെ ഞാൻ കുറച്ച് നേരം ആ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കും. ഞാൻ മുട്ടു മടക്കി പ്രാർത്ഥിക്കും. തിരികെപോയി ബൈബിൾ എടുക്കും; ഇരുന്നു വായിക്കും. അങ്ങോട്ടും ഇങ്ങോട്ടും നടക്കും.

341 പിന്നെ, ഞാൻ ശാന്തമായിക്കഴിയുമ്പോൾ, വളരെ തിടുക്കത്തിൽ, ഇവിടെ ഇതാ അതു അങ്ങനെ ചുരുളഴിഞ്ഞു വരുന്നു. അപ്പോൾ ഞാൻ ഒരു പേന എടുത്ത്, ചെയ്യുന്നതും കാണുന്നതുമായ കാര്യങ്ങളെ, അങ്ങനെ തന്നെ ഞാൻ എഴുതി എടുക്കാൻ തുടങ്ങും. ഞാൻ അതു എഴുതി എടുത്തു തീരുവോളം, ഞാൻ അതിനെ ശ്രദ്ധിച്ചു കൊണ്ടിരിക്കും.

342 പിന്നെ ഞാൻ എഴുതി എടുത്തശേഷം, ബാക്കിയുള്ള ദിവസം, അത് തിരുവെഴുത്തുമായി ഒത്തുപോകുന്നോ എന്ന് അവിടെ ചെന്നിരുന്ന് പരിശോധിക്കും. പിന്നെ, "സകലത്തെയും ശോധന ചെയ്യുവിൻ." കാണുന്നോ? എനിക്ക് അത് ഇവിടെ കിട്ടിയിരിക്കുന്നു.

343 ഞാൻ ചിന്തിക്കും, "ഇപ്പോൾ വളരെയധികം ജനങ്ങൾക്ക് ദർശനങ്ങൾ ഉണ്ടായിരിക്കുന്നു. വളരെപ്പേർക്ക് വെളിപ്പാടുകളും ഉണ്ടായിരിക്കുന്നു." അത് വചനത്തിന് വിപരീതമാണെങ്കിൽ, അതിനെ ഒറ്റക്ക വിട്ടുകളയുക; അത് ശരിയാണ്, അതിനെ ഒറ്റക്ക് വിട്ടുകളയുക.

344 ഇപ്പോൾ, ഇപ്പോൾ, അതിന്ശേഷം, ഞാൻ അത് *ഈ* രീതിയിലും *ആ* രീതിയിലും അങ്ങോട്ടും ഇങ്ങോട്ടും വായിച്ചു നോക്കും. ചെറിയ ചെറിയ കാര്യങ്ങളെല്ലാം അടയാളപ്പെടുത്തും. എന്നിട്ട് ചിന്തിക്കും, "ഇത് നന്നായിരിക്കുന്നു, ശ്രോതാക്കൾ ഇത് കേൾക്കുമ്പോൾ എല്ലാവരും സന്തോഷിക്കും, കാരണം, ഇത് *ഇവിടെയും അവിടെയുമായി* ഒത്തുചേർന്നു പോകുന്നു. ഇപ്പോൾ, അത് *ഇവിടെ* എന്താണ് പറയുന്നതെന്ന് നമുക്ക് നോക്കാം? അതെ. പിന്നെ, അത് അവിടെ ആയിരിക്കുന്നു. നേരെ *ഇവിടെത്തന്നെ* ആയിരിക്കുന്നു." കാണുന്നോ?

345 പിന്നീട് അതിനെ ബൈബിളിലൂടെ കൊണ്ട് വന്ന്, കാര്യങ്ങളെ ഒരുമിച്ചു കെട്ടി, ആഴ്ച മുഴുവൻ അതിനെ കൊണ്ടുവരുമായിരുന്നു. ഇവിടെ ഇതാ അത് ടേപ്പുകളിലായിരിക്കുന്നു. നിങ്ങളെ അവയിലേക്ക് സ്വാഗതം ചെയ്യുന്നു. ക്രിസ്തീയ കൂട്ടായ്മയുടെ കീഴിൽ, ദൈവ കൃപയാൽ,

എല്ലാവർക്കും വേണ്ടി യേശുക്രിസ്തുവിനാൽ എന്റെ ഏറ്റവും നല്ല അറിവിൽ ഞാൻ അത് ചെയ്തിരിക്കുന്നു. എനിക്ക് അറിയാവുന്ന എന്റെ ഏറ്റവും നല്ല കഴിവിനാൽ ഞാൻ അത് ചെയ്തിരിക്കുന്നു.

346 നിങ്ങൾ എന്റെ ഏറ്റവും നല്ല ഒരുകൂട്ടം ജനങ്ങളായിരുന്നു. ഇതിനെക്കാൾ നന്നായി ആർക്കും ഇത്രയും നേരം ഇരിക്കാൻ കഴിയില്ല. നിങ്ങൾ എല്ലാവരും പകൽ ഒരു മണിക്ക് ഇവിടെ എത്തിയിട്ട്, അഞ്ചുമണിവരെയോ, അവർ പള്ളിതുറന്ന് ജനങ്ങളെ അകത്തു കടക്കാൻ അനുവദിക്കുന്നതുവരെ കാത്തു നിന്നിരുന്നു. നിങ്ങൾ തണുപ്പത്ത് നില്ക്കുകയും; മഞ്ഞിൽ ഇരിക്കുകയും; അങ്ങനെയെല്ലാം ചെയ്തിരിക്കുന്നു; നിങ്ങളുടെ കാൽ വേദനിക്കുവോളം ഭിത്തിയിൽ ചാരി നിൽക്കുകയും അങ്ങനെ എല്ലാം ചെയ്തിരിക്കുന്നു. പുരുഷന്മാർ ഇരുന്നിടത്തു നിന്ന്; എഴുന്നേറ്റ് സ്ത്രീകൾക്ക് ഇരിപ്പിടം കൊടുക്കുന്നത് ഞാൻ കണ്ടു. അങ്ങനെ ഓരോരുത്തർ എഴുന്നൽക്കുകയും മറ്റുള്ളവർ ഇരിക്കുകയും ചെയ്തതു ഞാൻ കണ്ടു. ഞാൻ ചിന്തിച്ചു, "കർത്താവെ, മുഴവൻ..."

347 ഇതൊരു നിഗൂഢമായ ആഴ്ചയായിരുന്നു. എല്ലാകാര്യങ്ങളും ഒരു വിധം വിചിത്രമായി കാണപ്പെട്ടിരുന്നു, എപ്രകാരം, ജനങ്ങൾ വന്ന് അകത്തും, പുറത്തും വാതിലിലും, ജനലുകൾക്കരികിലും, പിന്നിലും ചുറ്റമായി എല്ലായിടത്തും നിന്ന് കേൾക്കുകയായിരുന്നു. ഒരു പ്രാസംഗികനെ സംബന്ധിച്ചിടത്തോളം, ഞാൻ ഒരു പ്രാസംഗികനിൽ നിന്നും വളരെ ദൂരെയാകുന്നു. ഞാൻ—ഞാൻ അല്ല, ഞാൻ ഒരു പ്രാസംഗികനല്ല എന്ന് അറിയാനുള്ള അത്രയും വിവേകം എനിക്കുണ്ട്. പിന്നെ ജനങ്ങൾ എന്തുകൊണ്ട് ഇപ്രകാരം ഇരുന്ന് കേൾക്കുന്നു? എന്തുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു? എന്നെ പോലെയുള്ള ഒരു വ്യക്തിയെ കേൾക്കാൻ അവർ വരുകയില്ല. എന്നാൽ അവർ വരുന്നത് എന്തോ അതിൽ ഉണ്ടായിട്ട് അത് ജനങ്ങളെ ആകർഷിക്കുന്നതിനാലാണ്. കാണുന്നോ? അവിടെ എന്തോ ഉണ്ടായിട്ട്, അത് അവരെ ആകർഷിക്കുന്നു.

348 ഞാൻ തുടങ്ങിയപ്പോൾ, എന്റെ ഭാര്യ ഈ വേദിയിൽ നിന്നുകൊണ്ടു പാടിയതുപോലെ:

> അവർ കിഴക്കുനിന്നും പടിഞ്ഞാറ് നിന്നും വരുന്നു,
> ദൂരെയുള്ള ദേശത്തുനിന്നും അവർ വരുന്നു,
> രാജാവിനോടൊപ്പം വിരുന്നുണ്ണാൻ, അവന്റെ അതിഥിയായി ഭക്ഷിപ്പാൻ,
> ഈ തീർത്ഥാടകർ എത്ര അനുഗ്രഹിക്കപ്പെട്ടവർ!

അവന്റെ പരിശുദ്ധ മുഖം വീക്ഷിച്ചുകൊണ്ട്
ദിവ്യ പ്രകാശത്താൽ തിളങ്ങീടുന്നു;
അവന്റെ കൃപയുടെ വാഴ്ത്തപ്പെട്ട പങ്കാളികൾ,
അവന്റെ കിരീടത്തിൽ രത്നം പോലെ ശോഭിക്കുന്നു.

349 അത് എപ്പോഴും നിങ്ങളുടെ മനസ്സിൽ കാത്തുകൊള്ളാടനിടയാകട്ടെ. "യേശു ക്രിസ്തുവിന്റെ കിരീടത്തിലെ ഒരു രത്നം പോലെ." പൗലോസ് സഭയോട് പറഞ്ഞു, "നിങ്ങൾ—നിങ്ങൾ രത്നങ്ങളാകുന്നു, അവന്റെ കിരീടത്തിലെ രത്ന കല്ലുകളാകുന്നു." നാം യേശു ക്രിസ്തുവിന്റെ കിരീടത്തിലെ രത്നങ്ങളാകാൻ ആഗ്രഹിക്കുന്നു.

350 നാം ഒരിക്കലും ഒരു മനുഷ്യനെ, അതിൽ ഇടാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ എന്നെക്കുറിച്ച് എന്തെങ്കിലും ഉണ്ടെങ്കിൽ മറന്നേക്കുക. ഞാൻ നിങ്ങളുടെ സഹോദരനും, കൃപയാൽ രക്ഷിക്കപ്പെട്ട ഒരു പാപിയും, ജീവിക്കാൻ യോഗ്യത ഇല്ലാത്തവനുമാകുന്നു. അതു കൃത്യമായും ശരിയാണ്. ഇത് ഞാൻ എളിമയുള്ളവനായി കാണിക്കുന്നതിന് പറയുകയല്ല; അത് സത്യമാകുന്നു. എന്നിൽ യാതൊന്നുമില്ല, മേന്മയുള്ളതെന്ന് പറയാൻ, ഒരു കാര്യം പോലുമില്ല.

351 എന്നാൽ ദൈവത്തിന്റെ കൃപ, എന്റെ എളിയ മങ്ങിയ കണ്ണുകളാൽ കാലത്തിന്റെ തിരശ്ശീലക്ക് അപ്പുറത്തായി, അങ്ങകലെയുള്ള കാര്യങ്ങളെ കണ്ടിട്ട് തിരികെ വരാൻ എന്നെ അനുവദിച്ചു.

352 ഞാൻ ഒരു കൊച്ചു കുട്ടിയായിരുന്നപ്പോൾ, ഞാൻ ജനങ്ങളെ സ്നേഹിച്ചിരുന്നു. ആരെങ്കിലും എന്നെ സ്നേഹിക്കേണം എന്നും എന്നോട് സംസാരിക്കേണം എന്നും ഞാൻ എപ്പോഴും ആഗ്രഹിച്ചിരുന്നു. എന്റെ കുടുംബത്തിന്റെ ചീത്തപ്പേരിന്റെ കാരണത്താൽ, ആരും അത് ചെയ്തിരുന്നില്ല. ആരും എന്നോട് സംസാരിച്ചിരുന്നില്ല.

353 എന്നാൽ ഞാൻ എന്നെ ദൈവത്തിന് സമർപ്പിച്ചപ്പോൾ, പിന്നെ...ഞങ്ങളുടെ ജനങ്ങൾ, കുടുംബ പഞ്ചാത്തലം, ഐറീഷ് വംശമായിരിക്കെ, ഞാൻ ചിന്തിച്ചു, "ഒരുപക്ഷേ...അവരെല്ലാം കത്തോലിക്കർ ആയിരുന്നതിനാൽ, ഒരുപക്ഷേ അതായിരിക്കും ശരിയെന്ന് ഞാൻ കരുതി." ഞാൻ *അവിടെ* പോയി, അവൻ മറ്റേതോ വഴിയിലായിരുന്നു. ഞാൻ ഒന്നാമത്തെ ബാപ്റ്റസ്റ്റ് സഭയിൽ ചെന്നു, അവൻ മറ്റൊരു വഴിയിലായിരുന്നു.

ഞാൻ പറഞ്ഞു, "കർത്താവെ, ശരിയായ ഏതെങ്കിലും ഒരു വഴി ഉണ്ടായിരിക്കണം."

എന്തോ ഒന്നു പറഞ്ഞു, "അത് വചനമാകുന്നു."

ഞാൻ വചനത്തിൽ പിടിത്തമിട്ടു. എല്ലായിടത്തുമുള്ള, ഓരോ വീക്ഷണത്തിലേയ്ക്കും നോക്കി.

354 അന്ന് ഞാൻ മൂലക്കല്ലിടുന്ന ദിവസം, അത് അവിടെ സ്ഥാപിക്കുമ്പോൾ, അന്ന് രാവിലെ സമയം ഒരു ദർശനത്തിൽ കൂടെ അവൻ എനിക്ക് കാണിച്ചു തന്നത് ഞാൻ അതിന്മേൽ എഴുതി. "വചനം പ്രസംഗിക്ക. സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക. ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക. തർജ്ജനം ചെയ്യുക. പ്രബോധിപ്പിക്കുക. അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും, സത്യത്തിന് ചെവികൊടുക്കാതെ, കെട്ടുകഥകൾ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും". അങ്ങനെ ഞാൻ ചാരി നിന്നിരുന്ന ആ രണ്ടു വൃക്ഷങ്ങളും അതേ കാര്യം തന്നെ ചെയ്തു ഞാൻ കണ്ടിരിക്കുന്നു. അത് ശരിയാണ്. അവിടെ നാം എത്തിയിരിക്കുന്നു. അത് സത്യമാകുന്നു. ഇപ്പോൾ, നിങ്ങൾ ചെയ്യരുത്...

355 ഓർത്തിരിക്കേണം. ഞാൻ നിങ്ങളെ വീണ്ടും ഗുണദോഷിക്കട്ടെ. ആരോടും "നന്ദിയുണ്ട്," എന്നു പറയരുത്. പറയരുത്, അതിനെക്കുറിച്ച് ചിന്തിക്കു, ഏതെങ്കിലും ഒരു ദൈവ വേലക്കാരനോ അല്ലെങ്കിൽ മറ്റൊരു മർത്യനായിരുന്നാലും ശരി; അവനിൽ നല്ലതെന്നു പറയാനായി ഒന്നുമില്ല, കാരണം, അവിടെ ഒന്നുമില്ല. അത് ആരെന്നു ഞാൻ കാര്യമാക്കുന്നില്ല. യാതൊരു മനുഷ്യനിലും ഒരു നന്മയുമില്ല. അത് ശരിയാണ്.

356 ഇവിടെ ഒരു കൂട്ടം കൊമ്പു വാദ്യങ്ങൾ കിടക്കുന്നെന്ന് കരുതുക, അവയിൽ ഒന്നിന് ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിക്കാൻ കഴിയുമെങ്കിൽ, അത് ആ മനുഷ്യൻ...ഈ കൊമ്പു വാദ്യങ്ങൾക്കു സ്വയം ശബ്ദിക്കുവാൻ കഴിയില്ല. അതു ഊതുവാൻ പോകുന്ന വ്യക്തിക്ക് താൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് അറിയാമായിരിക്കുകയും, കൊമ്പു വാദ്യം കയ്യിലെടുക്കുകയും ചെയ്യുന്നു. അതിനു കൊമ്പു വാദ്യവുമായി യാതൊന്നും ചെയ്യാനില്ല. ശബ്ദം വരുന്നത് അതിന്റെ പിന്നിലുള്ള ഒരു ബുദ്ധി വൈഭവത്താലാണ്. അത് ശരിയാണ്. അതുകൊണ്ട് എ ല്ലാ കൊമ്പു വാദ്യങ്ങളും ഒരുപോലെ തന്നെയാണ്.

357 എല്ലാ മനുഷ്യരും ഒരുപോലെയാണ്. എല്ലാ ക്രിസ്ത്യാനികളും ഒരുപോലെയാണ്. നമ്മിൽ മഹാന്മാരായിട്ട് ആരുമില്ല. നാം മഹാന്മാരായ പുരുഷന്മാരോ മഹാന്മാരായ സ്ത്രീകളോ അല്ല. നാം എല്ലാവരും സഹോദരന്മാരും സഹോദരികളും ആയി എല്ലാവരും ഒരുപോലെ തുല്യസ്ഥാനത്താകുന്നു. നാം "മഹാന്മാരല്ല." ഒന്നു

ഒരുവനെ മറ്റെവനെക്കാൾ വലിയവനാക്കുന്നില്ല, അങ്ങനെ ചെയ്യുന്നതിനു, യാതൊന്നും ഇല്ല. ഇല്ല, ശ്രീമാൻ. എന്നാൽ നാം എല്ലാവരും മനുഷ്യ ജീവികളാകുന്നു.

358 കാര്യങ്ങളെ വ്യാഖ്യാനിക്കാൻ ശ്രമിക്കരുത്. യേശുക്രിസ്തുവിന് സ്തോത്രവും ബഹുമാനവും അർപ്പിച്ചുകൊണ്ട്, കൂടുതൽ അടുത്ത ഒരു ജീവിതം നയിക്കുന്നതിനല്ലാതെ, മറ്റൊന്നും ചെയ്യാൻ ശ്രമിക്കരുത്. എല്ലാവരും അതു ഇപ്പോൾ മനസ്സിലാക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] ആമേൻ. പൂർണ്ണ ഹൃദയത്തോടെ അവനെ സ്നേഹിക്കുക. നിങ്ങൾ അത് ചെയ്യുമോ? ["ആമേൻ."]

ഞാൻ അവനെ സ്നേഹിക്കുന്നു. (ഞാൻ സ്നേഹിക്കും),
ഞാൻ അവനെ സ്നേഹിക്കുന്നു.
അവൻ എന്നെ മുൻ സ്നേഹിച്ചതാൽ
എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാൽവരി മരത്തിന്മേൽ.

359 ദൈവത്തിന് സ്തുതിയായിരിക്കട്ടെ! എല്ലാവരും നന്നായി മനസ്സിലാക്കുന്നുണ്ടോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] എല്ലാവരും വിശ്വസിക്കുന്നുണ്ടോ? ["ആമേൻ."] ഓർക്കു, ഞാൻ ആദ്യം തുടങ്ങിയപ്പോൾ "ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു? കർത്താവിന്റെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു?" അവന്റെ നന്മയും, അവന്റെ കരുണയും, നിങ്ങൾക്കു വെളിപ്പെട്ടോ? ["ആമേൻ."] ആമേൻ. അവനെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കാൻ മാത്രം ഓർക്കുക.

360 ഞാൻ ഇപ്പോൾ വീട്ടിലേക്ക് തിരികെ പോകുകയാണ്. കർത്താവ് അനുവദിക്കുന്ന പക്ഷം, ജൂൺ ആരംഭത്തിനോട് അടുത്ത് ഞാൻ വീണ്ടും തിരികെ എത്തുന്നതാണ്.

361 ഒരുപക്ഷേ, കർത്താവ് എന്റെ ഹൃദയത്തിൽ അത് ഇടുകയാണെങ്കിൽ, വേനൽക്കാലത്തിന്റെ ആരംഭത്തിൽ, ജൂണിലോ അല്ലെങ്കിൽ എപ്പോഴായാലും, വസന്ത കാലത്തിന്റെ ആരംഭത്തിലോ, കർത്താവിന്റെ വരവ് താമസിക്കുമെങ്കിൽ, ഞാൻ തിരികെവന്ന് അവസാനത്തെ ഏഴ് കാഹള നാദങ്ങൾക്കായി ഏഴ് രാത്രികൾ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അതിഷ്ടപ്പെടുന്നോ? നിങ്ങൾ അതു ഇഷ്ടപ്പെടുമോ? [പള്ളിയിൽ കൂടിയിരിക്കുന്നവർ പറയുന്നു, "ആമേൻ."—Ed.] അതിനായി ദൈവം എന്നെ സഹായിക്കാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുമോ? ശരി. ["ആമേൻ."]

362 ഞാൻ നിങ്ങളെ വീണ്ടും കണ്ടുമുട്ടുവോളം ഈ നല്ല പഴയ പാട്ട് ഓർമ്മയിൽ വയ്ക്കുക.

ഞാൻ അവനെ സ്നേഹിക്കുന്നു, ഞാൻ അവനെ
സ്നേഹിക്കുന്നു.
അവൻ എന്നെ മുൻ സ്നേഹിച്ചതാൽ
എൻ രക്ഷയെ വിലയ്ക്കു വാങ്ങി
കാൽവരി മരത്തിന്മേൽ.

363 ഇപ്പോൾ നിങ്ങൾ നിങ്ങളുടെ തല കുംബിടാനായി ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പാസ്റ്റർ പിരിച്ചു വിടും മുമ്പ്, ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നു.

364 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, കർത്താവെ, ജനങ്ങൾ ഇത് മനസ്സിലാക്കാൻ ഇടയാക്കേണമെ. അതു, കുറച്ച് പേർക്ക് അതു ചെയ്യില്ലെന്നു എനിക്കു തീർച്ചയാണ്. എന്നാൽ, പിതാവെ, അവർ—അവർ ഇതിന്റെ ഉദ്ദേശം അറിഞ്ഞിരിക്കാൻ ഇടയാകട്ടെ. പിതാവെ, അവർ ഇതു മനസ്സിലാക്കാൻ ഇടയാകട്ടെ, അതു—അതായതു, ഈ കാര്യങ്ങൾ എല്ലം വെളിപ്പെട്ടിരിക്കുന്നത് അവരോടുള്ള നിന്റെ കൃപയാകുന്നു. കർത്താവേ, അവിടുന്ന് ഞങ്ങൾക്ക് വെളിപ്പെടുത്തിയിരിക്കുന്ന ഈ കാര്യങ്ങളെ അറിയുന്നതിനുള്ള പരിജ്ഞാനത്തിനായി ഞാൻ നിനക്ക് നന്ദി പറയാൻ ആഗ്രഹിക്കുന്നു.

365 ഇവിടെ സന്നിഹിതരായിട്ടുള്ള ഓരോരുത്തർക്കു വേണ്ടിയും, ഈ യോഗങ്ങളിൽ സംബന്ധിച്ച എല്ലാവർക്കു വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. വിശ്വസിക്കാത്തവരായിട്ടു ആരെങ്കിലും ഉണ്ടെങ്കിൽ, കർത്താവെ, അവരെ വിശ്വാസികളാക്കി തീർക്കേണമെ.

366 ടേപ്പിലൂടെ സന്ദേശം കേൾക്കാനിരിക്കുന്ന എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ഇതുമായി വ്യത്യസ്ഥരായിരിക്കുന്ന വളരെയധികം അവിശ്വാസികളുടെ വീടുകളിലും, സ്ഥലങ്ങളിലും ഇത് ചെന്നുപെടും എന്നുള്ളതിൽ യാതൊരു സംശയവുമില്ല; എന്നാലും, പിതാവേ, അവർ ദൈവത്തിനു വിരോധമായ ഏതെങ്കിലും ഒരു വാക്ക് പറയും മുമ്പ്, ആദ്യം അവർ ഇരുന്ന് തിരുവെഴുത്തു ശോധന ചെയ്ത് എന്താണ് അവിടെ പറയപ്പെട്ടിരിക്കുന്നതെന്ന് നോക്കാനിടയാക്കി, ഇത് സത്യമാണോ അല്ലയോ എന്ന് അറിയുന്നതിനായി അവർ യാഥാർത്ഥ്യമായും സത്യസന്ധരാണെന്ന് നിന്നോട് പറയാൻ ഇടയാകട്ടെ എന്നു ഓരോരുത്തർക്കായും പ്രാർത്ഥിക്കുന്നു. പിതാവെ ഞാൻ അവർക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നു.

367 ഈ ഭിത്തിക്കരികിൽ നിന്നവർക്കും, പുറത്ത് നിന്നിരുന്നവർക്കും, തങ്ങളുടെ കാറുകളിൽ ഇരുന്നവർക്കും, കൊച്ചു കുട്ടികൾക്കും, അങ്ങനെ അകത്തിരുന്ന എല്ലാവർക്കു വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവെ, അവർക്കെല്ലാവർക്കും വേണ്ടി, ഞാൻ പ്രാർത്ഥിക്കുന്നു.

368 എന്റെ പ്രാർത്ഥനക്കുത്തരമായി, നീ അവരെല്ലാം അനുഗ്രഹിക്കണമെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആദ്യമായി, കർത്താവെ, ഓരോരുത്തർക്കും നിത്യജീവനെ നൽകേണമെ. അവരിൽ ഒരാൾപോലും, ഒന്നു പോലും നഷ്ടപ്പെട്ടു പോകരുതെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

369 ഇപ്പോൾ, പിതാവെ, ഈ മഹത്തായ സംഭവം എപ്പോഴായിരിക്കുമെന്ന് ഞങ്ങൾക്കും അറിഞ്ഞുകൂടാ. എന്നാൽ ഈ അടയാളങ്ങൾ പ്രത്യക്ഷപ്പെടുന്നതു ഞങ്ങൾ കാണുമ്പോൾ, തിരുവെഴുത്ത് പ്രകാരമുള്ള സംഭവങ്ങൾ കാണുമ്പോൾ, അത് ഞങ്ങളുടെ ഹൃദയങ്ങളെ അളവിനു ഉപരിയായി ഊഷ്മളമാക്കുന്നു. പിതാവാം ദൈവമെ, നീ ഞങ്ങളെ സഹായിക്കേണമെ, എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

370 ഞങ്ങളുടെ പ്രിയ പാസ്റ്റർ, സഹോദരൻ നേവിലയെ സഹായിക്കേണമെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവെ അദ്ദേഹത്തെ നിന്റെ കൃപയാലും ശക്തിയാലും നിറച്ചിട്ട്, ഈ സംഭരിച്ച് വച്ചിരിക്കുന്ന ആഹാരത്തെ എടുത്തു ദൈവത്തിന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കാനുള്ള, വിവേകം അദ്ദേഹത്തിനു കൊടുക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

371 കർത്താവെ, രോഗങ്ങളെ ഞങ്ങളിൽ നിന്ന് ദൂരമാക്കേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ജനങ്ങൾ രോഗികളാകുമ്പോൾ, എല്ലാത്തിലും മതിയായ യേശുക്രിസ്തുവിന്റെ രക്തം ഇപ്പോഴും, ബലപീഠത്തിൽ പാപ പരിഹാരത്തിനുണ്ട് എന്ന് അവർ ഓർക്കാൻ ഇടയാക്കേണമെ. ഉടൻ തന്നെ അവർ സൗഖ്യം പ്രാപിക്കാൻ ഇടയാക്കേണമെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

372 അവരെ അധൈര്യപ്പെടുത്തുന്നതും, അവരെകൊണ്ട് മതപ്രമാണം ഉണ്ടാക്കാൻ ശ്രമിക്കുന്ന, പിശാചിനെ അവരിൽ നിന്നും അകറ്റി നിർത്തേണമെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അല്ലെങ്കിൽ, ശത്രുവിന്റെ എല്ലാ ശക്തികളെയും കർത്താവെ, അവരിൽ നിന്നും അകറ്റി നിർത്തേണമെ. അങ്ങയുടെ വചനത്താൽ ഞങ്ങളെ ശുദ്ധീകരിക്കേണമെ. കർത്താവെ, ഇത് അനുവദിച്ചു തരേണമെ.

373 അതൊടൊപ്പം, കർത്താവെ, നീ എന്നെ സഹായിക്കേണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവേ, ഞാൻ—ഞാൻ—ഞാൻ മാഞ്ഞുപോകാൻ തുടങ്ങിയിരിക്കുന്നു. എനിക്ക് കൂടുതൽ ദിവസങ്ങൾ ഇനിയും ഉണ്ടായിരിക്കില്ല എന്നു ഞാൻ അറിയുന്നു. കർത്താവെ, നീ എന്നെ സഹായിച്ചിട്ട്, സത്യ സന്ധനായിരിക്കാനും, ആത്മാർത്ഥതയും വിശ്വസ്തതയും ഉള്ളവനായിരുന്നിട്ട്, ഈ സന്ദേശത്തെ എത്രയും ദൂരം വഹിക്കുന്നതിന് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നോ അത്രയും ദൂരം അത് വഹിച്ചുകൊണ്ട് പോകാൻ ഇടയാക്കേണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അതിനുശേഷം അത് ഇറക്കിവച്ചിട്ട് നദിക്കരയിലേക്ക് പോകേണ്ട സമയമായിട്ട്, തിരമാലകൾ അടിക്കാൻ തുടങ്ങുമ്പോൾ, ഓ, ദൈവമെ, ഈ പഴയ വാൾ, അതിനോട് സത്യസന്ധനായിട്ടുള്ള ആർക്കെങ്കിലും, കൈമാറാൻ ഇടയാക്കി, ഈ സത്യത്തെ വഹിച്ചുകൊണ്ടു പോകാൻ ഇടയാക്കണമെ. കർത്താവെ ഇത് അനുവദിച്ചു തരേണമെ. അതുവരെയും, എന്നെ ബലത്തോടും ആരോഗ്യത്തോടും, ധൈര്യത്തോടും ആയിരിക്കാൻ സഹായിക്കേണമെ.

374 എന്റെ സഭയെ സഹായിക്കേണമെ. കർത്താവേ, ഞങ്ങളെ ഒത്തൊരുമിച്ചു അനുഗ്രഹിക്കേണമെ. ഞങ്ങൾ നിന്റേതാകുന്നു. നിന്റെ ആത്മാവ് ഞങ്ങളുടെ ഇടയിലുണ്ടെന്നു ഞങ്ങൾക്ക് അനുഭവപ്പെടുന്നു. നീ ഞങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നല്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആകയാൽ, അങ്ങയുടെ വചനത്തോടൊപ്പം, ഈ ഭൂമിയിൽ ഞങ്ങൾക്ക് ശേഷിച്ച ജീവിതകാലം മുഴുവൻ സേവക്കായി, ഞങ്ങളുടെ പ്രിയ രക്ഷകനായ, യേശുക്രിസ്തു, എന്ന ദൈവ പുത്രന്റെ നാമത്തിൽ, അവന്റെ മഹത്വത്തിനായി, ഞങ്ങൾ ഞങ്ങളെതന്നെ അങ്ങേക്ക് സമർപ്പിക്കുന്നു. ആമേൻ.

ഞാൻ...(ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!) ഞാൻ
അവനെ സ്നേഹിക്കുന്നു. (എന്റെ മുഴു ഹൃദയത്തോടും),
അവൻ എന്നെ മുൻസ്നേഹിച്ചതാൽ.

375 [കൂട്ടായ്മ തുടർന്നും ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു പാടിക്കൊണ്ടിരിക്കുന്നു സഹോദരൻ നേവിൽ പ്രാർത്ഥനയാൽ പിരിച്ചു വിടുന്നു—Ed.]

## ഏഴാം മുദ്ര തുടരുന്നു

376 [1963, മാർച്ചു മാസം 24-ാം തീയതി ഞായറാഴ്ച വൈകിട്ട് ഇൻഡ്യാനെ, ജെഫെർസൺവില്ലെയിലെ ബ്രൺഹാം കൂടാരത്തിൽ

വെച്ച പ്രസംഗിച്ച ഏഴാം മുദ്ര മുഴുവനായി നിങ്ങൾ അല്പം മുമ്പ് കേട്ടു. ആ സമയത്തു റിക്കോർഡിംഗ് ചെയ്തിരുന്ന ഈ ഭാഗങ്ങളെ ബ്രദർ ബ്രൺഹാം പുറത്തു വിടാൻ ആഗ്രഹിച്ചിരുന്നില്ല. അടുത്ത ദിവസം, 1963, മാർച്ച മാസം 25-ാം തീയതി, തിങ്കളാഴ്ച, ബ്രദർ ബ്രൺഹാം ആ സമയത്തു ടേപ്പുകൾ ഉണ്ടാക്കുന്നതിന്റെ ചുമതലയുണ്ടായിരുന്ന സഹോദരൻ ഫ്രെഡ് സോത്മാനും, സഹോദരൻ ജെയിംസ് മാഗ്വറുമായി മോട്ടൽ മുറിയിലേയ്ക്ക് പോയി. ബ്രദർ ബ്രൺഹാം ഈ സഹോദരന്മാരോടു പറഞ്ഞു, “ഈ സന്ദേശം അതു ആയിരിക്കുന്ന വിധത്തിൽ തന്നെ പുറത്തു വിടാൻ ഞാൻ ആഗ്രഹിക്കുന്നില്ല.” അദ്ദേഹം സ്വയം ടേപ്പ കേട്ടതിനു ശേഷം, ഒരു പ്രത്യേക സ്ഥലത്ത് എത്തിയപ്പോൾ ടേപ്പ നിർത്താനായി ആവശ്യപ്പെട്ടു, ആ പ്രത്യേക ഇടം (261-ാം ഖണ്ഡികയിലാണ് തുടങ്ങിരുന്നത്) ഒരു പുതിയ ഭാഗം ഏകദേശം ഇരുപതു നിമിഷം പുതുതായി റിക്കോർഡ് ചെയ്തു (377415 വരെയുള്ള ഖണ്ഡികകൾ) പിന്നീട് (261 മുതൽ 373 വരെ) ആദ്യം റിക്കോർഡ് ചെയ്തിരുന്ന ഭാഗത്തു ഉപയോഗിച്ചിരിക്കുന്നു. 1966 വരെയും ഈ റെക്കോർഡിംഗ് മാത്രമായിരുന്നു “ഏഴാം മുദ്രയായി,” പുറത്തു വിട്ടിരുന്നത്. ബ്രദർ ബ്രൺഹാം കാഴ്ചയിൽ നിന്നും മറഞ്ഞതിനുശേഷം, വില്ല്യം ബ്രൺഹാം ഇവാഞ്ചലിക്കൽ അസ്സോസ്സിയേഷൻ കൂടാരത്തിൽ ആദ്യം റിക്കോർഡു ചെയ്ത ടേപ്പിനെ പുറത്തു വിടാനായി ഐകകണ്ഠമായി തീരുമാനിച്ചു. ആ സമയം മുതൽ, രണ്ടു പതിപ്പുകളും ലഭ്യമാണ്. ഇപ്പോൾ ഞങ്ങൾ ഈ കൂട്ടിച്ചേർത്തു സന്ദേശത്തെയും കൂടെ ബ്രദർ ബ്രൺഹാം ആദ്യം പ്രസംഗിച്ച “ഏഴു മുദ്രയുടെ,” സന്ദേശത്തോടൊപ്പം കൂട്ടിച്ചേർക്കുന്നു. അടുത്തു കേൾക്കുന്ന ശബ്ദം 1963, മാർച്ച മാസം 25-ാം തീയതി, ബ്രദർ ബ്രൺഹാം മോട്ടൽ മുറിയിൽ വെച്ച സംസാരിച്ചിരിക്കുന്നതാണ്—Ed.]

377 ഇതിനെക്കുറിച്ച് അവനു യാതൊന്നു അറിയാൻ കഴിയാതിരുന്നാൽ അതൊരു നല്ല കാര്യമായിരിക്കും. കാരണം, അവൻ അത് അറിയാൻ ഇടയായാൽ, പിന്നെ അവൻ അത് കപടമായി അനുകരിക്കും. അതാണ് ഈ കാര്യങ്ങൾ ചെയ്യുന്നതിനുള്ള അവന്റെ സൂത്രങ്ങൾ.

378 അതുകൊണ്ട്, ആ കാരണത്താൽ, ദൈവം അത് മുഴുവൻ ലോകത്തിനും, സ്വർഗ്ഗത്തിന് പോലും മറച്ചുവച്ചിട്ട്, ദൈവം സ്വയം അത് വെളിപ്പെടുത്തുന്നതു അല്ലാതെ, അത് മനസ്സിലാക്കുന്നതിന് യാതൊരു മാർഗ്ഗവും ഇല്ലാതിരിക്കുന്നത്.

379 ഇപ്പോൾ, ഇന്ന് രാത്രിയിൽ, ആറാം മുദ്രയിൽ, ഒരു മൂന്ന് മടങ്ങായുള്ള ഉദ്ദേശം ഉണ്ടായിരുന്നതായി, നിങ്ങൾ ശ്രദ്ധിക്കാൻ

ഞാൻ ആഗ്രഹിക്കുന്നു.

കുതിര സവാരിക്കാർക്കും ഒരു മൂന്ന് മടങ്ങായ ഉദ്ദേശമുണ്ടായിരുന്നു.

380 എല്ലാ കാര്യങ്ങളിലും ഒരു മൂന്ന് മടങ്ങായ ഉദ്ദേശം ഉണ്ടായിരിക്കുന്നു. അത് നമ്മെ തിരികെ ഒരു മൂന്നിലേക്ക് കൊണ്ടുവരുന്നു. പിന്നീട് വീണ്ടും ഒരു ഏഴ്, വീണ്ടും, നോക്കൂ, ഏഴ് മുദ്രകൾ, ഏഴ് കലശങ്ങൾ ഇത്യാദിയാകുന്നു. ഇപ്പോൾ, മൂന്നുകളും ഏഴുകളും, ദൈവത്തിന്റെ വചനം വെളിപ്പെടുത്തുന്നതിനുള്ള അവന്റെ ഗണിതങ്ങളാകുന്നു.

381 ഇപ്പോൾ നിങ്ങൾ ശ്രദ്ധിക്കൂ, കുതിര സവാരിക്കാരെപ്പോലെ, ഇപ്പോൾ, മൂന്ന് കുതിരകൾ പുറപ്പെട്ടുപോയിരുന്നു. അവയിൽ ഒന്ന് വെള്ളയും, ഒന്ന് ചുവപ്പും, ഒന്ന് കറുത്തതുമായിരുന്നു. അതിനുശേഷം നാലാമത്തെ കുതിര പുറപ്പെട്ടുപോയി, അതിൽ അവയെല്ലാം കൂടികലർന്നതായിരുന്നു. നോക്കൂ, അതൊരു മൂന്ന് മടങ്ങായ ഉദ്ദേശമാകുന്നു.

382 ഇപ്പോൾ, ദൈവവും അതേ കാര്യം തന്നെ ചെയ്തു. ദൈവം തന്റെ സിംഹത്തെ അയച്ചപ്പോൾ അവൻ അതേ കാര്യം തന്നെ ചെയ്തു, അത് എതിർക്രിസ്തുവിനെ നേരിടുന്നതിനുള്ള അവന്റെ വചനമായിരുന്നു.

383 അതിനുശേഷം നാം കാണുന്നത്, പീഢന കാലത്ത് ബലിമൃഗമായ കാളയെ അയയ്ക്കുന്നതാണ്, ബലി മൃഗം. ഈ പീഢനകാലത്ത് ജനങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിരുന്നത്, അദ്ധ്വാനിക്കുകയും, അടിമകളായിരിക്കുകയും അവരെതന്നെ ഒരു ബലിയായി അർപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു.

384 അതിനു ശേഷമുള്ള, കാലഘട്ടത്തിൽ, നാം കാണുന്നത്, അത് മത പരിഷ്കർത്താക്കളുടെ കാലഘട്ടമായിരുന്നു, ദൈവം മനുഷ്യ ബുദ്ധിയെ അയയ്ക്കുകയും, അത് ഒരു മനുഷ്യന്റെ തലയുള്ള ഒരു മൃഗമായിട്ട്, അത് മത പരിഷ്കർത്താക്കളിലേക്ക് പോയ ശക്തിയായിരുന്നു.

385 ഇപ്പോൾ നിങ്ങൾ ഇത് ശ്രദ്ധിച്ചോ? ഓരോരുത്തരും...ഈ കാലത്തെ ജനങ്ങൾ ഇപ്പോഴും, മത പരിഷ്കർത്താക്കന്മാരുടെ കാലത്തെ പോലെ, മന്ദതയിൽ തന്നെ ജീവിച്ചിരിക്കുന്നതിൽ ഒരു ആശ്ചര്യവുമില്ല, കാരണം അവർ അത് പുരോഹിത നടപടിക്രമം അനുസരിച്ചുള്ള രീതിയിലാണ് നോക്കി കാണുന്നത്. സെമിനാരികളിൽ പഠിപ്പിച്ചിരുന്ന അതേ രീതിയിലാണ് അവർ അത് കാണുന്നത്. സെമിനാരികളിൽ പഠിപ്പിക്കുന്ന അതേ രീതിയിലാണ് അവർ അത് കാണുന്നത്. അത് ഒരിക്കൽ ദൈവത്തിന്റെ

വഴിയായിരുന്നു. എന്നാൽ നാം അത് ജീവിച്ച് പിന്നിട്ട് കടന്ന് കഴിഞ്ഞിരിക്കുന്നു.

386 ഇപ്പോൾ നാം കഴുകൻ കാലത്തിലേയ്ക്ക് കടന്നിട്ട്, മുഴുവൻ കാര്യത്തിന്റെയും, വെളിപ്പാട് വെളിപ്പെട്ടു കൊണ്ടിരിക്കേണ്ടതാകുന്നു. ഇപ്പോൾ ഇത് വെളിപ്പാട് 10-ാം അദ്ധ്യായം 1 മുതൽ 7വരെ താരതമ്യപ്പെടുത്തി നോക്കുക. ഇവിടെ ഈ വെളിപ്പാടിൽ, ഇവിടെയുള്ള വെളിപ്പാടിൽ, വെളിപ്പാട് 10:1 തൊട്ട് 7 വരെ, അത്, "ഏഴാമത്തെ ദൂതൻ കാഹളം ഊതുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ സകല മർമ്മങ്ങളും അവസാനിക്കുന്നു," എന്നാകുന്നു.

387 മാത്രമല്ല, ഈ, ആറാം മുദ്ര ഇപ്പോൾ തുറക്കപ്പെട്ടിരിക്കെ, അതും ഒരു മൂന്ന് മടങ്ങായ ഉദ്ദേശത്തിനു വേണ്ടിയാകുന്നു എന്നും നാം കണ്ടുപിടിച്ചു. ഇപ്പോൾ ആ ഉദ്ദേശങ്ങൾ ഇവിടെയാണ്.

388 ഒന്നാമത്തെ കാര്യം, ഉറങ്ങിപ്പോയ കന്യകമാരെ ശുദ്ധീകരിക്കാനായി മഹാ കഷ്ടകാലത്തിൽകൂടെ കൊണ്ടുപേകണ്ടേതുണ്ട് എന്നതാണ്. സന്ദേശം തള്ളിക്കളയുകയും അവിശ്വസിക്കുകയും ചെയ്തതിനാൽ പാപത്തിനും അവിശ്വാസത്തിനുമായി അവളെ ശുദ്ധീകരിക്കേണ്ടതുണ്ട്. ഇത്, അവൾ മഹാ കഷ്ടകാലത്തിൽ കൂടെ സംഭവിക്കും. അവർ വെളിപ്പാടിന്റെ 7-ൽ, 6-ഉം 7-ഉം അദ്ധ്യായങ്ങൾക്ക് ഇടയിൽ, അവൾ ശുദ്ധീകരിക്കപ്പെട്ട്, അവൾക്ക് അവളുടെ വെള്ള നിലയങ്കി നൽകുന്നതായി നാം കാണുന്നു. ഇപ്പോൾ, അവൾ മണവാട്ടിയല്ല. എന്നാൽ ഇത് സഭയാണ്, ഇതു—ഇതു—ഇതു അവസരം ലഭിക്കാതെ പോയ ശുദ്ധ മനുഷ്യരോ, ഒരുപക്ഷേ സന്ദേശം സ്വീകരിച്ചിട്ട്, ഈ കള്ളപ്രവാചകന്മാരാൽ ഏതെങ്കിലും രീതിയിൽ കുരുടരാക്കപ്പെട്ടവരോ ആകുന്നു. അവർക്ക്—അവർക്കു അവസരം കിട്ടിയില്ല, എന്നിട്ടും അവർ വാസ്തവമായും ആത്മാർത്ഥ ഹൃദയത്തോട്ടു കൂടിയവരായിരുന്നു. ദൈവം അവരുടെ ഹൃദയം അറിയുന്നു. അങ്ങനെ ഇവിടെ ഈ സമയത്തു, അവർ ശുദ്ധീകരിക്കപ്പെടുന്നു.

389 നിങ്ങൾ ഇത് ശ്രദ്ധിക്കു, മറ്റൊരു ശുദ്ധീകരണ സമയം, അത് യിസ്രായേലിന് വേണ്ടി, അവളെ ഒരുമിച്ചുകൂട്ടുമ്പോഴാകുന്നു. അതു രണ്ടാമത്തെ മടങ്ങാകുന്നു. ദൈവം യിസ്രായേലിനെ മഹാ കഷ്ടകാലത്തിൽ ശുദ്ധീകരിക്കുന്നു. അവിടെ ഒരുമിച്ചുകൂട്ടാൻ പോകുന്ന ദശലക്ഷകണക്കിന് ജനങ്ങളുടെ ഇടയിൽ, നിന്നു നൂറ്റിനാല്പത്തിനാലായിരം പേരെ തെരഞ്ഞെടുക്കും, അവരെയും കൂടെ ശുദ്ധീകരിക്കേണ്ടതുണ്ട്. ദൈവം യിസ്രായേലിനെ ശുദ്ധീകരിക്കുന്നു.

390 ശ്രദ്ധിക്കു, ഭൂമി മുഴുവനും ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു കാര്യമുണ്ടായിട്ട് ചന്ദ്രനും, നക്ഷത്രങ്ങളും പ്രകൃതി മുഴുവനും ശുദ്ധീകരിക്കപ്പെടും. അത് എന്താണെന്ന് നിങ്ങൾ കാണുന്നോ? ഭൂമി സ്വയം പുതുതാക്കപ്പെട്ട്, ഒരു പുതിയ ഭൂമിയായി തീർന്ന് ആയിരമാണ്ട് വാഴ്ചയ്ക്കു തയ്യാറാകുന്നതാകുന്നു. ആയിരമാണ്ടു വാഴ്ച കടന്നു വരുന്നു. കൂടാതെ, നോക്കു, മാലിന്യപ്പെട്ടിരിക്കുന്ന ഏതൊരു കാര്യവും സകലതും ആറാം മുദ്രയുടെ സമയത്തു ശുദ്ധീകരിക്കപ്പെടുന്നതാണ്.

391 ഇപ്പോൾ, ഇപ്പോൾ, നിങ്ങൾ ശ്രദ്ധിക്കുന്നോ? ഈ ഏഴാം മുദ്ര തുറക്കപ്പെടുമ്പോൾ, അതും ഒരു മൂന്ന് മടങ്ങായ രഹസ്യത്തിലാകുന്നു. എനിക്കു കിട്ടിയ...ഈ ഒന്നു, സംസാരിക്കാൻ പോകുന്നതും, സംസാരിച്ചു കഴിഞ്ഞതും, അത് ഏഴ് ഇടിനാദങ്ങളുടെ രഹസ്യവുമാകുന്നു. ഏഴ് ഇടിനാദങ്ങൾ, ഈ രഹസ്യത്തെ സ്വർഗ്ഗത്തിൽ വെളിവാക്കും, അത് ക്രിസ്തു വരുന്ന സമയത്തായിരിക്കും, കാരണം അവൻ തിരിച്ചുവരുന്നതു എപ്പോഴാണെന്ന് ആർക്കും അറിഞ്ഞുകൂടാ എന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു.

392 യഹൂദന്മാർ അതു അവനോടു ചോദിച്ചിരുന്നതു, നിങ്ങൾ ശ്രദ്ധിച്ചോ? അറിയൂ...ഇവിടെ നാം തിരുവെഴുത്ത് മത്തായിയുടെ 24ഉം, ആറാം മുദ്രയുമായി താരതമ്യപ്പെടുത്തിയപ്പോൾ, ഏഴാം മുദ്ര വിട്ടുകളഞ്ഞിരുന്നു. കാരണം, നിങ്ങൾ നോക്കു, ക്രിസ്തു പറഞ്ഞു, "ദൈവം മാത്രം അറിയുന്നു; ദൂതന്മാർ പോലും അറിയുന്നില്ല." അത് എഴുതിയിട്ടില്ലാത്തതിലും ഒരു ആശ്ചര്യവുമില്ല. നിങ്ങൾ നോക്കു, അവർ നിശബ്ദരായി; പിന്നെ മറ്റൊന്നും സംഭവിച്ചില്ല. ദൂതന്മാർക്ക് അതറിയില്ല. അവൻ എപ്പോൾ വരുമെന്ന് ആർക്കും അറിയില്ല.

393 എന്നാൽ, അവിടെ ഈ എഴു ഇടനാദങ്ങളുടെ ഒന്ന് അവിടെ—ഒന്നുണ്ടാകും—ഒരു ഏഴു ശബ്ദങ്ങൾ, അവിടെ ഉണ്ടായിട്ട്, ആ മഹത്തായ വെളിപ്പാടിനെ ആ സമയം വെളിപ്പെടുത്തും. അതുകൊണ്ട്, ഞാൻ വിശ്വസിക്കുന്നത്, അത് ആരായാലും നമുക്ക്...നമുക്ക് അറിഞ്ഞുകൂടെങ്കിൽ, പിന്നെ നാം...ആ സമയം വരെയും അത് അറിയപ്പെടുകയില്ല. എന്നാൽ ആ ദിവസം അത് വെളിപ്പെടുത്താനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ആ ദിവസത്തിൽ അത് വെളിപ്പെടുത്തുന്നതായിരിക്കും. അതിനാൽ, നമുക്ക് ചെയ്യേണ്ടതു, ദൈവ മുമ്പാകെ ആദരവുള്ളവരായിരുന്നു, അവനെ സേവിക്കുകയും, നമുക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തുകൊണ്ട്, ഒരു നല്ല ക്രിസ്തീയ ജീവിതം നയിക്കുക എന്നതാണ്. ഇവിടെ, ഇപ്പോൾ, ആറാം മുദ്ര നമുക്കായി തുറക്കപ്പെട്ടിരിക്കുന്നതു നാം കാണുന്നു; നാം അത് കാണുന്നു. ഈ

ഏഴാം മുദ്ര ആ നാഴിക സമിപിക്കുവോളം പൊതുജനങ്ങൾക്കായി തുറക്കപ്പെടില്ലെന്ന് നാം അറിയുന്നു.

394 ഇപ്പോൾ, ഈ ഏഴ് ഇടനാദങ്ങൾ, മുഴക്കുന്നതിനുവേണ്ടി ദൈവം അനുവദിച്ചതിന് ചില കാരണങ്ങളുണ്ട്. കാരണം, നോക്കു, അത് വരേണ്ടത് ആവശ്യമാകുന്നു. കാരണം...ക്രിസ്തുവാകുന്ന കുഞ്ഞാട് ആ പുസ്തകം—പുസ്തകം തന്റെ കൈയ്യിൽ എടുക്കുകയും, അവൻ ആ ഏഴാം മുദ്ര തുറക്കുന്നതു നാം കാണുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ നോക്കു, അതൊരു മറച്ചു വെയ്ക്കപ്പെട്ട രഹസ്യമാണ്. ആർക്കും അതു അറിഞ്ഞുകൂടാ. എന്നാൽ അതു—അതു, അതിനോടൊപ്പം അവൻ എന്തു പറയുന്നു, "അവന്റെ വരവ് ആർക്കും അറിയാനാകില്ല." ഈ ഇടിനാദത്തിന്റെ രഹസ്യത്തെക്കുറിച്ചും അവർ അറിയുകയില്ല. അതുകൊണ്ട്, നിങ്ങൾ നോക്കു, ഇത് അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു.

395 അത്രയുമാണ്, അതിനെക്കുറിച്ചുള്ള അറിവ്, ഇന്നു, നമുക്കുള്ളതു, കാരണം, അതിൽ ശേഷിക്കുന്നതെല്ലാം വെളിവാക്കപ്പെട്ടിരിക്കുന്നു; എന്നാൽ ഇത് വെളിവാക്കപ്പെട്ടിട്ടില്ല. എന്നാൽ എന്റെ മുറിയിൽ ഇരിക്കുമ്പോൾ, ഞാൻ അത് കേട്ടു...അഥവാ യഥാർത്ഥത്തിൽ അത് കേട്ടതല്ല, എന്നാൽ ഈ ഇടിനാദങ്ങളിലേക്ക് അത് തുറക്കപ്പെടുന്നത് ഞാൻ കണ്ടു. ഇപ്പോൾ അത്രയും മാത്രമെ, നമുക്ക് അതിനെക്കുറിച്ച് പോകാൻ കഴിയൂ.

396 ഇപ്പോൾ നിങ്ങൾ ഓരോരുത്തരും ദൈവത്തെ സേവിച്ചുകൊണ്ടു ശരിയായ കാര്യങ്ങൾ മാത്രം ചെയ്യുകയുള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ ജീവിതകാലം മുഴുവൻ, അവനെ സ്നേഹിക്കുകയും, അവനെ സേവിക്കുകയും ചെയ്യുക. ബാക്കിയുള്ള കാര്യങ്ങൾ ദൈവം നോക്കിക്കൊള്ളും.

397 ഇപ്പോൾ, നമുക്ക് ദൈവ കൃപയാൽ, ഇവിടെ അവസാനിപ്പിക്കുമ്പോൾ, മുദ്രയിടപ്പെട്ടിരുന്ന ആറു മുദ്രകളുടെയും എല്ലാ രഹസ്യങ്ങളും ഇവിടെ ലഭിച്ചിരിക്കയും, ഏഴാം മുദ്ര പൊതുജനങ്ങൾക്കായി തുറക്കപ്പെട്ടിട്ടില്ല എന്ന് നാം മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു.

398 ഇപ്പോൾ, അവന്റെ വരവ്, അവന്റെ വരവിന്റെ നാഴികയിൽ, ലോകത്തിന്റെ നശീകരണമായിരിക്കും, എന്നു നിങ്ങൾക്കറിയാം. അവൻ അവിടെ പറഞ്ഞു. "ലോക അവസാനം വരുന്നു എന്നതിന്റെ അടയാളം എന്താണ്?" മത്തായി 24-ൽ, അവിടെയാണ് അവർ ഈ ചോദ്യം അവനോട് ചോദിച്ചത്. അവൻ അതിലേക്ക് കടന്നു. 31-ാം വാക്യത്തിൽ യിസ്രായേൽ ഒരു രാജ്യമായി ഒരുമിച്ച്

കൂട്ടുന്നതിനെക്കുറിച്ച്, അവൻ മത്തായി 24-ന്റെ 31-ൽ പറഞ്ഞു. പിന്നെ നിങ്ങൾ നോക്കൂ..."അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ. അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുന്നതു നിങ്ങൾ കാണുമ്പോൾ, വസന്തകാലം അടുത്തിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു. ഇതൊക്കെയും സംഭവിച്ചതു നിങ്ങൾ കാണുമ്പോൾ, സമയം അടുത്തു വന്നിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞു കൊൾവിൻ." നോക്കൂ, യിസ്രായേൽ തന്റെ സ്വന്ത ദേശത്ത് കൂടിവരുന്നു. എന്നാൽ, നിങ്ങൾ ശ്രദ്ധിക്കൂ, അവൻ ഏഴാം മുദ്രയുടെ വെളിപ്പാട് ഒഴിവാക്കികളഞ്ഞു.

399 കൂടാതെ ഇവിടെയും, നോക്കൂ, അവൻ ഏഴാം മുദ്ര, അവൻ അതു തുറന്നപ്പോൾ അവൻ അത് വീണ്ടും ഒഴിവാക്കികളയുന്നു. അതുകൊണ്ട് അതൊരു പൂർണ്ണ രഹസ്യമായി നാം കാണുകയും, ആ കാരണത്താൽ ആ രഹസ്യം തുറക്കപ്പെടുന്നതിനുള്ള നാഴിക ഇതുവരെയും ആയിട്ടുമില്ല. ആകയാൽ, നാം ഇവിടെവരെ എത്തിയിരിക്കുകയും ശേഷമുള്ള കാര്യങ്ങൾ യേശു തന്റെ മണവാട്ടിയെ, ചേർത്തുകൊൾവാൻ വീണ്ടും ഭൂമിയിൽ പ്രത്യക്ഷമാകുന്ന സമയത്തോ, അതല്ല, ആ സമയത്തോ, ഏകദേശം ആ സമയത്തോട്ടു അടുത്ത് അറിയപ്പെട്ടിരിക്കും. ഇപ്പോൾ ആ സമയം എന്നായിരുന്നാലും ശരി തന്നെ. ഇപ്പോൾ, ആ സമയം വരെയും, നമുക്ക് എല്ലാവർക്കും പ്രാർത്ഥനയോടെ, നന്നായി ജീവിച്ചുകൊണ്ട്, അവന്റെ വരവിനായി മുന്നോട്ട് നോക്കിക്കൊണ്ട്, നേരായ ക്രിസ്തീയ ജീവിതം ജീവിക്കാം.

400 ഇപ്പോൾ, ഈ ടേപ്പ് എവിടെയെങ്കിലും ഏതെങ്കിലും വ്യക്തിയുടെ കൈയ്യിൽ എത്തിച്ചേർന്നാൽ, ഇതിൽ നിന്നും ഏതെങ്കിലും തരത്തിലെ ഒരു സിദ്ധാന്തം ഉണ്ടാക്കാൻ ശ്രമിക്കരുത്. നിങ്ങൾ ചെയ്യേണ്ട ഒരേ ഒരു കാര്യം, ദൈവത്തെ തുടർന്നും സേവിച്ചുകൊണ്ടിരിക്ക എന്നതാകുന്നു. എന്തുകൊണ്ടെന്നാൽ, ഈ വലിയ രഹസ്യം അത്രയും മഹത്തായതായിരുന്നിട്ട്, യോഹന്നാനെ ഇത് എഴുതുവാൻ പോലും ദൈവം അനുവദിച്ചില്ല. അത് ഇടിനാദം മുഴക്കി, എന്നാൽ അവൻ... അതു അറഞ്ഞിട്ട്, അതു തുറക്കപ്പെടുന്നതാണ് എന്ന് നമുക്ക് വാഗ്ദത്തം നൽകിയിരിക്കുന്നു. എന്നാൽ ഈ സമയം വരെയും, അത് തുറന്നിട്ടില്ല.

401 ഇപ്പോൾ അവൻ നമുക്ക് കാണിച്ച് തന്നിരിക്കുന്ന കാര്യങ്ങൾക്കായി നാം ദൈവത്തോട് നന്ദിയുള്ളവരാകുന്നു. ഞാൻ എട്ട് ദിവസമായി മുറിയിൽ ഇരിക്കുകയാണ്. ഞാൻ നിങ്ങൾക്ക് വിശദീകരിച്ചുതന്ന ഈ സന്ദേശം ഇവിടെയുള്ള നിങ്ങളിൽ അനേകരും മനസ്സിലാക്കിയിരിക്കും. ആത്മീയമായ ചില കാര്യങ്ങൾ എപ്പോഴും ഇവിടെ സംഭവിച്ചു കൊണ്ടിരുന്നതിനെപ്പറ്റി ഞാൻ വാഗ്ദത്തം ചെയ്തിരുന്നു, നിങ്ങൾ അറിയാതെ പോയി

എന്നു എനിക്ക് തീർച്ചയാണ്. ഇവിടെ അത് എന്താണെന്നാൽ; അത് ഈ തിരുവെഴുത്തിന്റെ വ്യാഖ്യാനം ദൈവത്തിൽ നിന്നും അയക്കപ്പെട്ടതാണ് എന്നുള്ളതിന്റെ പൂർണ്ണ ന്യായീകരണമാകുന്നു.

402 എന്തുകൊണ്ടെന്നാൽ, നാം അതിലേക്ക് കടക്കുന്നതിന് മുമ്പ് തന്നെ, ഞാൻ പശ്ചിമദിശയിലേക്ക് പുറപ്പെട്ടുപോകയും, കർത്താവ് ഒരു ദിവസം, രാവിലെ, ഏകദേശം പത്തു മണിക്ക്, എനിക്ക് ഒരു ദർശനം നൽകി. ഞാൻ അതിൽ കണ്ടത് ഇവിടെ വന്ന് നിങ്ങളോട് വിശദീകരിച്ച് പറഞ്ഞിരുന്നു, അതിൽ ഞാൻ കണ്ടത്; അത് എന്തായിരുന്നു എന്ന് എനിക്ക് അറിയില്ലായിരുന്നു. അത് ഏഴ് ദൂതന്മാരുടെ ഒരു സഞ്ചയമായിരുന്നു. നാം അത് ഓർക്കുന്നുണ്ട്. "*ശ്രീമാൻ, ഇതാണോ ആ സമയം?*" എന്ന ടേപ്പിൽ നിങ്ങൾക്കത് കേൾക്കാൻ കഴിയും. അതെ, ഇപ്പോൾ, നിങ്ങൾ കൃത്യമായും കാണുന്നതു അതാണ്. ഏഴ് ദൂതന്മാർ...ഞാൻ പശ്ചിമ തീരത്തായിരുന്നു.

403 ആ ചെറിയ കൂട്ടമായ സന്ദേശവാഹകരെ, നിങ്ങൾ ഓർക്കുന്നു; അവർ കിഴക്ക് ഭാഗത്തേക്ക് പോയി. രണ്ടാമത്തെ സന്ദേശ വാഹകൾ, പ്രാവുകൾ, കുറച്ചു കൂടി വലിപ്പമുള്ള പക്ഷികൾ, അവയും കിഴക്കോട്ട് പോയി. അതിനുശേഷം ഞാൻ നോക്കി...അവർ എപ്പോഴും എന്നോട് കൂടെയുണ്ടായിരുന്നു. അത് ഒന്നും രണ്ടും വലിയായിരുന്നു.

404 ഇപ്പോൾ, മൂന്നാമത്തേത് പടിഞ്ഞാറു നിന്നും, അതിഭയങ്കരമായ വേഗതയിൽ പറന്ന് വന്ന്, എന്നെ അവരോടൊപ്പം മുകളിലേയ്ക്ക് പൊക്കി എടുത്തു. അത് ഈ ഏഴ് മുദ്രകളുടെ രഹസ്യങ്ങളുമായി തിരികെ കിഴക്കോട്ട് വരുന്നതായിരുന്നു. അത് ജൂനിയർ ജാക്സന്റെ സ്വപ്നത്തിൽ പറഞ്ഞിരുന്നതു പോലെ തന്നെയായിട്ട്, കർത്താവ് എനിക്ക് അതിന്റെ വ്യാഖ്യാനം അവിടെവച്ച് അദ്ദേഹത്തോട് പറയുന്നതിന് തന്നു. "ആ പിരമിഡിനുള്ളിൽ, യാതൊന്നും എഴുതിയിട്ടില്ലാത്ത ഒരു വെള്ള കല്ലുണ്ടായിരുന്നു". ആ കാരണത്താലാണ് എനിക്ക് പശ്ചിമഭാഗത്തേക്ക് പോയിട്ട്, ഈ ദൂതന്മാരുടെ സന്ദേശത്തോട് ബന്ധപ്പെടുന്നതിനും, തിരികെ ഇവിടേക്ക് വന്ന് സഭയ്ക്ക് അത് വെളിപ്പെടുത്തുന്നതിനും വരേണ്ടിവന്നത്, ഓർക്കു, "അടുത്തു നടക്കാൻ പോകുന്ന കാര്യങ്ങൾ ഇവിടെ ഈ സഭയിലായിരിക്കും" എന്ന് ഞാൻ പറഞ്ഞിരുന്നു. അത് കൃത്യമായും ശരിയായിരുന്നു.

405 മറ്റൊരു കാര്യം, സംഭവിച്ചത് എന്താണെന്നു നിങ്ങൾ ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. *ശ്രീമാൻ ഇതാണോ ആ സമയം?* എന്ന ടേപ്പ് നിങ്ങൾ കേട്ടാൽ, അവരിൽ ഒരു ദൂതൻ എനിക്ക്

വളരെ ശ്രദ്ധേയനായിരുന്നു എന്നു നിങ്ങൾക്കു കാണാൻ കഴിയും. ബാക്കിയുള്ളവർ സാധാരണയായി കാണപ്പെട്ടിരുന്നു. എന്നാൽ ഈ ദൂതൻ ഒരു പ്രധാനപ്പെട്ട ദൂതനായിരുന്നു. ബാക്കിയുള്ളവർ സാധാരണയായി കാണപ്പെട്ടിരുന്നു. എന്നാൽ ഈ ദൂതൻ ഒരു പ്രധാനപ്പെട്ട ദൂതനായിരുന്നു. പിരമിഡ് പോലെയുള്ള ഈ സഞ്ചയത്തിലായിട്ട്, അവൻ എന്റെ ഇടതു വശത്തായിരുന്നു.

406 ഓർക്കു, യാതൊന്നും എഴുതിയിട്ടില്ലാത്ത ആ നിഗൂഢമായ വെള്ളക്കല്ല്, ഈ പിരമിഡിന്റെ ഉള്ളിലായിരുന്നു. ദൂതന്മാർ എന്നെ പൊക്കിയെടുത്ത് പിരമിഡുപോലെയുള്ള അവരുടെ സഞ്ചയത്തിന് അകത്തേക്ക് കൊണ്ടുപോയി, അവർക്ക് മാത്രമേ ആ ദൈവീക രഹസ്യങ്ങൾ അറിയാമായിരുന്നുള്ളൂ. കൂടാതെ, ഇപ്പോൾ, ആ ദൂതന്മാർ പിരമിഡിനെ വ്യാഖ്യാനിക്കാൻ, അല്ലെങ്കിൽ, ആ പിരമിഡിനുള്ളിൽ കിടന്നിരുന്ന ഈ ഏഴ് മുദ്രകളുടെ രഹസ്യങ്ങളുടെ സന്ദേശം വ്യാഖ്യാനിച്ച് തരാനായിരുന്നു വന്നത്.

407 ഇപ്പോൾ, എന്റെ ഇടതു ഭാഗത്തായിരുന്ന ദൂതനെ, നാം അവരെ ഇടത്തു നിന്നും വലത്തോട്ട് എണ്ണിയാൽ അത് യഥാർത്ഥത്തിൽ അവസാനത്തെ അല്ലെങ്കിൽ ഏഴാമത്തെ ദൂതനായിരുന്നു. കാരണം, അവൻ എന്റെ ഇടതു വശത്തായി; ഞാൻ അവനെ നോക്കുമ്പോൾ, പടിഞ്ഞാറു ഭാഗത്തു നിന്നും, അവൻ കിഴക്കു ദിശയിലേക്ക് വരികയും, എന്റെ ഇടതു ഭാഗത്തുമായിരുന്നു. അതുകൊണ്ട്, അത് അവസാനത്തെ ദൂതന്റെ സന്ദേശമായി, വളരെ ശ്രദ്ധേയമായതായിരുന്നു. ഓർക്കു, അവൻ തന്റെ തല പുറകിലേക്ക് ചായ്ച്ചുകൊണ്ട്; തന്റെ ശക്തിയുള്ള കൂർത്ത ചിറകുകളാൽ; എപ്രകാരം എന്റെ അടുക്കലേക്ക് പറന്നു വന്നു എന്ന് ഞാൻ പറഞ്ഞിരുന്നു. ഇപ്പോൾ, അതാണ് ഈ ഏഴാം മുദ്ര. ഇത് ഇപ്പോഴും ഒരു ശ്രദ്ധേയമായ കാര്യമാകുന്നു. പിന്നെ നാം...അത് എന്താണെന്ന് നമുക്ക്, ഇതുവരെയും അറിയില്ല, കാരണം അത് പൊട്ടിക്കാൻ അനുവാദമില്ല.

408 എന്നാൽ ഇപ്പോൾ, ഈ യോഗത്തിൽ സംബന്ധിച്ച ഓരോരുത്തരും അത് ശ്രദ്ധിച്ചിട്ടുണ്ടാകും, ഇത് എന്തൊരു യോഗമായിരുന്നു! എല്ലാവരും അവരുടെ ഇരുപ്പിടങ്ങളിൽ, നേരെ അവസാനം വരെ കാണപ്പെട്ടു. ഉച്ചയ്ക്ക് ഒരു മണി മുതൽ അല്ലെങ്കിൽ രണ്ടു മണി മുതൽ വാതിൽ തുറക്കുന്നതും പ്രതീക്ഷിച്ച് കൊണ്ട് ഏറ്റവും മുമ്പിൽ സ്ഥാനം പിടിക്കുന്നതിനായി എല്ലാവരും ഇവിടെ ചുറ്റുമായി നിന്നിരുന്നു; കൂടാതെ ഭിത്തിക്ക് ചുറ്റുമായി നിന്നവരുടെ കാലുകൾ കഴച്ചും അങ്ങനെ എല്ലാമായിരുന്നു.

409 എന്താകുന്നു ഇത്? ഇത് പരിശുദ്ധാത്മാവ് ഈ ദൂതന്മാരെ താഴേക്ക് അയയ്ക്കുകയും, അവർ ഇത് നമുക്ക് വെളിപ്പെടുത്തി തരികയുമായിരുന്നു. പിന്നെ അത് എങ്ങനെ വചനവുമായിട്ട് ഒത്തുചേർന്ന് പോകുന്നു എന്നുള്ള കാര്യവും ശ്രദ്ധിക്കു, കൃത്യമായും.

410 പിന്നെ ഇതുതന്നെ സത്യമാണെന്നു നിങ്ങൾ അറിയേണ്ടതിന്, അതു സംഭവിക്കുന്നതിനു മുമ്പ് അതിനെപ്പറ്റി ഏകദേശം രണ്ടോ അതിലധികമോ മാസങ്ങൾക്ക് മുമ്പ് അവൻ മുൻകൂട്ടി പറഞ്ഞിരുന്നു. അതായത്, അത് അറിയാതെ, ഞാൻ പശ്ചിമദേശത്തേക്ക് പോകുകയും, അതിന്റെ വ്യാഖ്യാനം അവൻ എനിക്ക് തന്നതുമായി ഇവിടെ തിരികെ വരികയും ചെയ്തു. ഇപ്പോൾ ഓർക്കു, ദർശനത്തിൽ, അവൻ എന്നെ എപ്പോൾ മുകളിലേക്ക് എടുത്തുകൊണ്ടു പോകും എന്നു പറഞ്ഞിരുന്നില്ല. ഞാൻ ഭയന്നിരുന്നു, ഒരു സ്ഫോടനത്തിൽ ഞാൻ മരിക്കുകയോ കൊല്ലപ്പെടാൻ പോകുകയോ ആണെന്ന് ഞാൻ പേടിച്ചിരുന്നു. നിങ്ങൾ നോക്കു, അവർക്ക് അത് ചെയ്യാൻ കഴിഞ്ഞിരുന്നില്ല.

411 വ്യാഖ്യാനം എനിക്കത് ആവശ്യമായിരുന്നപോലെ, ആ മുറിയിൽ വച്ച് വരികയും, അവൻ എനിക്ക് നൽകിയതുപോലെ തന്നെ ഞാൻ നൽകുകയും ചെയ്തിരിക്കുന്നു.

412 ഇപ്പോൾ, സ്നേഹിതരെ, നിങ്ങൾ നോക്കു, ദർശനങ്ങൾ പരാജയപ്പെടുന്നില്ല. അവ എപ്പോഴും പരിപൂർണ്ണമാകുന്നു. അവ കൃത്യമായും സത്യമാകുന്നു.

413 ഇപ്പോൾ, ദർശനവും, വചനവും, ചരിത്രവും, സഭാകാലഘട്ടങ്ങളും, എല്ലാംകൂടി തമ്മിൽ ഒരുമിച്ച് മിശ്രിതമായിരിക്കുന്നു. അതുകൊണ്ട്, എന്റെ ഏറ്റവും നല്ല അറിവിനു അനുസരിച്ചും, ദൈവ വചനത്തിനു അനുസരിച്ചും, ദർശനവും, വെളിപ്പാടും, അതിന്റെ വ്യാഖ്യാനവും "കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു" എന്നാണ്, എന്നു എനിക്ക് വാസ്തവമായി പറയാനാകും.

414 ഇപ്പോൾ, നാം എഴുന്നേറ്റ് നിന്ന് സഭയുടെ ഈ നല്ല പഴയ പാട്ട് പാടുമ്പോൾ, കർത്താവ് നിങ്ങളെ ഓരോരുത്തരെയും, എല്ലാവരെയും, ധന്യമായി അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ. ആമേൻ.

415 [1963, മാർച്ച് മാസം 24-ാം തീയതിയുടെ, തലേന്നാളത്തെ പ്രസംഗത്തിന്റെ ഖണ്ഡിക 374375-ൽ, ബ്രദർ ബ്രൺഹാം ചുവടെയുള്ള നാലു വരികളും കൂടെ ചേർത്തിരിക്കുന്നു—Ed.]

ഞാൻ...(ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!)...
ഞാൻ നിന്നെ സ്നേഹിക്കുന്നു. (എന്റെ പൂർണ്ണഹൃദയത്തോടെ),
അവൻ എന്നെ മുൻ സ്നേഹിച്ചതാൽ.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരൻ നെവിൽ.

***ഏഴാം മുദ്ര*** MAL63-0324E

(The Seventh Seal)

ഏഴ് മുദ്രകളുടെ വെളിപ്പാടിന്റെ തുടർച്ച

ഈ സന്ദേശം ബ്രദർ വില്യം മാരിയൻ ബ്രൺഹാം, 1963, മാർച്ച് മാസം 24-ാം തീയതി, ഞായറാഴ്ച വൈകിട്ട്, അമേരിക്കൻ ഐക്യനാട്ടിലെ, ഇൻഡ്യാനെയിലുള്ള, ജെഫെർസൺവില്ലെ, ബ്രൺഹാം ടെബർണക്കിളിൽ വെച്ച്, പ്രസംഗിച്ചു. ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേയ്ക്ക്, കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാള പരിഭാഷ ഓയിസ് ഓഫ് ഗോഡ് റെക്കോർഡിംസിൽ നിന്നും പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നു.

MALAYALAM

©2020 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:



Voice Of God Recordings

P.O. Box 950, Jeffersonville, Indiana 47131 U.S.A.

www.branham.org